ഒൻപതാം പദ്ധതി ജനകീയ പദ്ധതി



# വികസനരേഖ
# മേലുകാവ് ഗ്രാമപഞ്ചായത്ത്

ഒൻപതാം പദ്ധതി
ജനകീയ പദ്ധതി

# മേലുകാവ് ഗ്രാമപഞ്ചായത്ത്
# വികസനരേഖ



*“നമ്മുടെ രാജ്യത്തിലെ രൂക്ഷമായ ദാരിദ്ര്യവും തൊഴിലില്ലായ്മയും കണ്ട് ഞാൻ കരഞ്ഞുപോയിട്ടുണ്ട്; എന്നാൽ ഞാൻ സമ്മതിക്കുന്നു, നമ്മുടെ തന്നെ ഉദാസീനതയും അജ്ഞതയുമാണതിന് കാരണമെന്ന്, നമുക്ക് തൊഴിലിന്റെ മഹത്വം മനസ്സിലായിട്ടില്ല. കൈകൊണ്ടും, കാൽകൊണ്ടും സത്യസന്ധമായി ജോലിചെയ്യുന്നവർക്ക് വേണ്ടുവോളം ജോലി ഇൻഡ്യയിലുണ്ട്.”*

***ഗാന്ധിജി***

**ചീഫ് എഡിറ്റർ**

സി. സി. ചാണ്ടി
ചക്കാലയിൽ

**എഡിറ്റോറിയൽ ബോർഡ്**

ലിസിയമ്മ ജോർജ് പാറേപ്പുരക്കൽ
പഞ്ചായത്ത് പ്രസിഡൻറ്

എ.സി.ജോർജ്, അത്തിപ്പറമ്പിൽ

സണ്ണി പൈകട

കെ.ജെ.ജോസഫ്, കള്ളികാട്ട്

ജോർജ് മാത്യു, തെക്കേൽ

വി.എം.മാത്യു, വടക്കേമുളഞ്ഞിനാൽ

ജോർജ് ജോസഫ്, നടുപ്പറമ്പിൽ

റ്റി.എസ്.സോമൻ, തെരുവത്തിൽ

പി.കെ.പയസ്, പാറപ്ലാക്കൽ

കെ.റ്റി.തോമസ്
പഞ്ചായത്ത് സെക്രട്ടറി

**കവർ ഫോട്ടോ**

അരുൺ സോമൻ

**കമ്പ്യൂട്ടർ ടൈപ്പ് സെറ്റിംഗ്**

ഡിജിറ്റൽ ലേസർ ഗ്രാഫിക്സ്
തൊടുപുഴ

**ഗ്രാഫിക്സ്**

സോമൻ തെരുവത്തിൽ

**ഡിസൈൻ & പ്രിന്റിംഗ്**

സൂര്യാഗ്നി ക്രിയേഷൻസ്

# ഉള്ളടക്കം

ആമുഖം ........ 11

പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും ........ 13

സാമൂഹിക സാംസ്കാരിക ചരിത്രം ........ 18

ഭൂപ്രകൃതിയും വിഭവങ്ങളും ........ 20

- കൃഷി, ജലസേചനം ........ 27
- മൃഗസംരക്ഷണം ........ 35
- സംസ്കാരം ........ 39
- വിദ്യാഭ്യാസം ........ 45
- വ്യവസായം, ടൂറിസം ........ 50
- ഗതാഗതം, ഊർജ്ജം ........ 53
- ആരോഗ്യം, കുടിവെള്ളം ........ 58
- പാർപ്പിടം, സാമൂഹ്യക്ഷേമം ........ 64
- പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം ........ 68
- വനിതാക്ഷേമം ........ 70
- സഹകരണം ........ 72
- വിഭവസമാഹരണം ........ 75

ഉപസംഹാരം ........ 81

# പഞ്ചായത്ത് ഭരണസമിതി



ജോർജ് മാത്യു കയ്യാലക്കകം
വൈസ് പ്രസിഡൻറ്



ലിസിയാമ്മ ജോർജ്
പ്രസിഡൻറ്



ഉലഹന്നൻ ജോസഫ്
വാഴത്തോട്ടത്തിൽ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ



ജോസഫ് ജോൺ
കുപ്പിപ്ലാക്കൽ



ജോണി മാത്യു
പുത്തൻപുരയിൽ



ലിസിയമ്മ ജോസഫ്
ഈന്തുങ്കത്തടത്തിൽ



വൽസമ്മ ജോസഫ്
കൂട്ടുങ്കൽ



ശിവൻകുട്ടി കുളപ്പുറത്ത്



കെ.റ്റി.തോമസ്
സെക്രട്ടറി

## പിന്നോട്ട് നോക്കുമ്പോൾ



1953-ാമാണ്ട് ആഗസ്റ്റ് മാസം 24-ാം [illegible]

[illegible] മേലുകാവ് പഞ്ചായത്ത് [illegible]

[illegible]

(മേലുകാവ് പഞ്ചായത്ത് [illegible])

[illegible]

11-8-53-ൽ 1/A.O.P/53-ാം നമ്പർ [illegible]

5-8-53-ലെ [illegible]

[illegible]

K.A. Varghese.

മേലുകാവുമറ്റം
24/8/53

# അപൂർവ്വ നിമിഷം



# ആമുഖം

നമ്മുടെ ആസൂത്രണ പ്രക്രിയയും വികസനവും സാധാരണ ജനങ്ങളുടെ ആശയാഭിലാഷങ്ങളുമായി പൊരുത്തപ്പെടുന്നതും അവരുടെ കൂട്ടായ്മയിലും സഹകരണത്തിലും ഊന്നിക്കൊണ്ട് പ്രയോഗത്തിൽ വരുത്തുവാൻ കഴിയുന്നതുമായിരിക്കണം. ഭരണകൂടം നിയോഗിക്കുന്ന ഏതെങ്കിലുമൊരു വിദഗ്ധസമിതി രൂപപ്പെടുത്തുന്ന ചട്ടക്കൂടിനുള്ളിലൊതുങ്ങുന്ന ഒരു വികസന ശൈലിയാണ് ഇക്കാലമത്രയും നാം സ്വീകരിച്ച് പോന്നത്. ഇവിടെയാണ് ജനകീയാസൂത്രണത്തിന്റെ പ്രാധാന്യവും പ്രസക്തിയും തെളിഞ്ഞുവരുന്നത്. ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ ആരംഭം മുതൽ നടത്തിപ്പ് വരെയുള്ള വിവിധ ഘട്ടങ്ങളിൽ സജീവമായ ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് സംസ്ഥാന സർക്കാരും ആസൂത്രണ ബോർഡും ചേർന്ന് രൂപം നൽകിയിട്ടുള്ള നൂതന സംരഭമാണ് ജനകീയാസൂത്രണ പരിപാടി.

കേരളത്തിന്റെ ഗ്രാമാന്തരങ്ങളിലും പട്ടണ പ്രദേശങ്ങളിലും വസിക്കുന്ന ജനങ്ങളെ ആവേശഭരിതരും കർമ്മോന്മുഖരുമാക്കുവാൻ ഈ പുത്തൻ ആസൂത്രണ തന്ത്രത്തിന് ഇതിനോടകം കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല, ജനകീയാസൂത്രണമെന്ന സങ്കല്പം യാഥാർത്ഥ്യമാവുന്നതോടെ ആത്മാഭിമാനവും സ്വാശ്രയബോധവുമുള്ള ഒരു ജനതയെ വാർത്തെടുക്കുകയെന്ന രാഷ്ട്രപിതാവായ ഗാന്ധിജിയുടെ സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുകയും ചെയ്യുന്നു. ഇക്കാര്യത്തിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്കെല്ലാം കേരളം മാതൃകയായി കഴിഞ്ഞിരിക്കുന്നു.

അഴിമതിയും അലസതയും കൈക്കൂലിയും കെടുകാര്യസ്ഥതയും ഭരണതലങ്ങളിലും ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും ആഴത്തിൽ വേരുകളുറപ്പിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു പുത്തൻ വികസന മാതൃകയ്ക്ക് കേരളത്തിൽ തുടക്കംകുറിച്ചിരിക്കുന്നു.

നമ്മുടെ സമ്പദ്ഘടനയുടെ ചാലകശക്തിയാകേണ്ടത് അധികാരവികേന്ദ്രീകരണത്തിലൂന്നിയ ജനകീയ പങ്കാളിത്തമാണ്. ഇത്തരത്തിലുള്ള സമ്പൂർണ്ണമായ ജനപങ്കാളിത്തവും അടിത്തട്ടിൽ നിന്നുള്ള ആസൂത്രണവുമാണ് ഈ നൂതന വികസന ശൈലിയുടെ അടിസ്ഥാനഘടകങ്ങൾ

## ജനകീയാസൂത്രണ പ്രവർത്തനങ്ങൾ

മേലുകാവ് ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പരിപാടികൾ ആരംഭിക്കുന്നത് 1996 സെപ്റ്റംബർ 18-ാം തീയതിയാണ്. അന്നുകൂടിയ പഞ്ചായത്തുതല ശിൽപശാലയിൽ 221 പേർ പങ്കെടുത്തു.

എട്ടു വാർഡുകളിലെയും വിശേഷാൽ ഗ്രാമസഭായോഗങ്ങൾ ഒക്ടോബർ ഒന്നാം തീയതി പൂർത്തിയായി. ഒരോ ഗ്രാമസഭയിലും ശരാശരി 125 അംഗങ്ങൾ പങ്കെടുത്തു. വിഷയാധിഷ്ഠിതമായി നടന്ന വിശദമായ ചർച്ചകൾക്കുശേഷം വിവിധ ഗ്രൂപ്പുകൾ തയ്യാറാക്കിയ റിപ്പോർട്ടുകൾ വായിച്ച് സമർപ്പിച്ചു. ഭൂരിപക്ഷം വാർഡുകളിലെയും ഗ്രാമസഭകളിൽ വനിതകളുടെ സജീവസാന്നിധ്യം ഉണ്ടായിരുന്നു.

## ദ്വിതീയ വിവരശേഖരണം

ദ്വിതീയ വിവരശേഖരണം ഏറ്റവും കാര്യക്ഷമമായി തന്നെ നടന്നു. ~~സ്വകാര്യ~~ വിവിധ സ്ഥാപനങ്ങളിൽനിന്നും ആവുന്നത്ര വിവരങ്ങൾ സമാഹരിക്കുവാൻ കഴിഞ്ഞു. ഈ ശ്രമകരമായ ജോലിയിൽ 200 പേർ പങ്കെടുത്തു. വിവരശേഖരണത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകം എടുത്തുപറയേണ്ട ഒരു വസ്തുതയുണ്ട്. ജനസംഖ്യ, വസ്തുവിവരം, നാണ്യവിളകൾ, പച്ചക്കറികൃഷി, വളർത്തുമൃഗങ്ങൾ, തൊഴിൽനിലവാരം, വിദ്യാഭ്യാസ നിലവാരം, വീടുകൾ, കക്കൂസ്, കുടിവെള്ളം എന്നിങ്ങനെ വിവിധ വിഷയങ്ങളെ കേന്ദ്രീകരിച്ച് പഞ്ചായത്തിലെ എട്ടു വാർഡുകളിലും സമഗ്രവും വിശദവുമായ ഒരു സർവ്വേ നടത്തുകയുണ്ടായി. വിവരശേഖരണത്തിനുവേണ്ടി പ്രത്യേകഫാറങ്ങൾ തയ്യാറാക്കി. ഓരോ വീടും സന്ദർശിച്ച് നേരിട്ട് ശേഖരിക്കുവാൻ കഴിഞ്ഞ വിവരങ്ങളാണ് ഇതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. രണ്ടുപേർ വീതമുള്ള എഴുപത്തഞ്ചു സ്ക്വാഡുകളെ ഇതിനായി നിയോഗിച്ചു.

പഞ്ചായത്തിന്റെ ഭൂപ്രകൃതി, മണ്ണിന്റെ ഘടന, സസ്യപ്രകൃതി. കൃഷിയുടെ സ്വഭാവം, ജലസ്രോതസ്സുകൾ തുടങ്ങിയവയെക്കുറിച്ചുള്ള അടിസ്ഥാനപരമായ വിവരങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിന് വാർഡുമെമ്പറന്മാരുടെ നേതൃത്വത്തിൽ പഠനപര്യടനങ്ങൾ നടത്തി. വൃദ്ധജനങ്ങളിൽ നിന്നും സ്ഥലനാമങ്ങളുടെ ഉൽപ്പത്തിയെക്കുറിച്ചും പ്രാചീനകാലത്തെ ആചാരാനുഷ്ഠാനങ്ങളെപ്പറ്റിയും ഒട്ടേറെ വിലപ്പെട്ട വിവരങ്ങൾ ശേഖരിക്കുവാൻ ഈ പര്യടനം മൂലം കഴിഞ്ഞു. ഇതിനായി 11 പേരടങ്ങുന്ന ഒരു പ്രത്യേക ഗ്രൂപ്പിനെയാണ് നിയോഗിച്ചത്.

19.11.96 ൽ വിവിധ മേഖലകളുമായി ബന്ധപ്പെട്ട പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാരുടെ ഒരു യോഗം പഞ്ചായത്താ

ഫീസിൽ വച്ച് കൂടി. കൃഷിഭവൻ. പ്രൈമറി ഹെൽത്ത് സെന്റർ, വില്ലേജ് എക്സ്റ്റൻഷൻ ആഫീസ്, മൃഗാശുപത്രി, ക്ഷീരവികസന ആഫീസ്, ട്രൈബൽ എക്സ്റ്റൻഷൻ ആഫീസ്, ഹോമിയോ ഡിസ്പെൻസറി എന്നിവയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഈ യോഗത്തിൽ പങ്കെടുക്കുകയും ഓരോ മേഖലയിലും നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളെകുറിച്ച് വിശദമായ റിപ്പോർട്ടുകൾ അവതരിപ്പിക്കുകയും ചെയ്തു.

ജനകീയാസൂത്രണ പരിപാടികളുടെ പ്രാരംഭം എന്ന നിലയിൽ ഈ പഞ്ചായത്തിൽ നടത്തിയ മേൽ വിവരിച്ച പ്രവർത്തനങ്ങൾ ഈ വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഏറെ സഹായിച്ചിട്ടുണ്ട്.

നമ്മുടെ ഗ്രാമം ഇന്ന് പുരോഗതിയുടെ പാതയിലാണ്. ഭൂതകാലത്തിന്റെ നേട്ടങ്ങളിൽ ചുവടുറപ്പിച്ചുകൊണ്ട് പ്രതീക്ഷയോടെ നമുക്ക് മുന്നേറാം. ഈ നൂതന വികസന പ്രക്രിയയിൽ പങ്കാളികളാവുകയെന്നത് നമ്മുടെ ചരിത്രപരമായ കടമയാണ്. കൂടുതൽ ഉയരങ്ങളിലേക്ക് കുതിക്കുവാനുള്ള കരുത്തും കർമ്മശേഷിയും നമുക്കുണ്ട്. ഇനിയും പിന്നിടാൻ ബഹുദൂരം ശേഷിച്ചിരിക്കുന്നു. കൃഷിയേയും പരമ്പരാഗത ജീവനോപായങ്ങളേയും മറക്കാത്ത, പ്രകൃതിയെ അപമാനിക്കാത്ത, എല്ലാവർക്കും പാർപ്പിടവും തൊഴിലും അടിസ്ഥാനസൗകര്യങ്ങളും ഉറപ്പാക്കുന്ന ഒരു വ്യവസ്ഥിതിയുടെ സൃഷ്ടിയാവട്ടെ നമ്മുടെ ലക്ഷ്യം. ബഹുജന പങ്കാളിത്തത്തോടെ ആസൂത്രണംചെയ്തു നടപ്പാക്കുന്ന എല്ലാ പദ്ധതികൾക്കും ഈ വികസന രേഖ മാർഗ്ഗദർശകമാകട്ടെ.

മേലുകാവു ഗ്രാമപഞ്ചായത്തിന്റെ ഈ സമഗ്രവികസന രേഖ തയ്യാറാക്കുന്നതിൽ ആത്മാർത്ഥമായി സഹകരിച്ച എല്ലാവരോടുമുള്ള നിസ്സീമമായ നന്ദി ഇവിടെ രേഖപ്പെടുത്തുന്നു. നമ്മുടെ പഞ്ചായത്തിന്റെ ഭാവിവികസനത്തിന് അടിസ്ഥാനമാകേണ്ട ഈ വികസനരേഖ സവിനയം ബഹുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

*മേലുകാവ്മറ്റം ടൗണിന്റെ മുഖം*



# പൊതുവിവരങ്ങളും ഭരണപരമായ ചരിത്രവും

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | – മേലുകാവ് ഗ്രാമപഞ്ചായത്ത് |
| പഞ്ചയാത്തിലുൾപ്പെടുന്ന റവന്യൂ വില്ലേജുകൾ | – മേലുകാവ്, തലപ്പലം, ഭരണങ്ങാനം, മൂന്നിലവ് |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | – മേലുകാവ് |
| ജില്ലാപഞ്ചായത്ത് ഡിവിഷൻ | – മൂന്നിലവ് |
| ബ്ലോക്ക് പഞ്ചായത്ത് | – ഈരാറ്റുപേട്ട |
| താലൂക്ക് | – മീനച്ചിൽ |
| ജില്ല | – കോട്ടയം |
| അസംബ്ലി മണ്ഡലം | – പൂഞ്ഞാർ |
| പാർലമെൻറ് മണ്ഡലം | – മൂവാറ്റുപുഴ |
| വിസ്തീർണ്ണം | – 30.49 Sq: km. |
| ജനസംഖ്യ | – 10221 |
| വാർഡുകളുടെ എണ്ണം | – എട്ട് |
| പ്രസിഡൻറിൻെറ പേര് | – ലിസിയമ്മ ജോർജ് പാറേപുരയ്ക്കൽ |
| വൈസ് പ്രസിഡൻറിൻെറ പേര് | – ജോർജ് മാത്യു കയ്യാലക്കകം |
| സ്റ്റാൻഡിൻഡിംഗ് കമ്മറ്റി ചെയർമാൻ | – വി. ജെ ഉലഹന്നാൻ, വാഴത്തോട്ടത്തിൽ |

1953–ൽ ആണ് മേലുകാവ് പഞ്ചായത്ത് രൂപം കൊണ്ടത്. ഏഴ് വാർഡുകളായിരുന്നു അന്ന് ഉണ്ടായിരുന്നത്. പൂഞ്ഞാർ നിയോജകമണ്ഡലത്തിൻെറ ജനപ്രതിനിധിയും തിരു–കൊച്ചി മുഖ്യമന്ത്രിയും മദ്രാസ് ഗവർണ്ണറുമായിരുന്ന ശ്രീ എ.ജെ ജോൺ 30–5– 1955 –ൽ ഇന്നത്തെ പഞ്ചായത്താഫീസ് മന്ദിരത്തിന് തറക്കല്ലിട്ടു. 1956–ൽ അന്നത്തെ ഡയറക്ടറായിരുന്ന ശ്രീ പി.കെ അബ്ദുള്ള I.A.S കെട്ടിടം ഉൽഘാടനം ചെയ്തു. 1993–ൽ പ്രധാനകെട്ടിടത്തോട് ചേർന്ന് ഒരു കൗൺസിൽ ഹാൾകൂടി നിർമ്മിച്ചു. പഞ്ചായത്താഫീസ് സ്ഥിതിചെയ്യുന്ന 20 സെൻറ് സ്ഥലം പ്രഥമ പ്രസിഡൻറായിരുന്ന ശ്രീ റ്റി.എം ആൻഡ്രൂസ് (പാപ്പച്ചൻ) തെക്കേകണ്ടം ദാനമായിനൽകിയുട്ടുള്ളതാണ്.

28–12–1961 –ലെ സർക്കാർ ഉത്തരവ് പ്രകാരം , ഭരണങ്ങാനം പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്ന കയ്യൂർ കരയുടെ കിഴക്കുഭാഗത്തുള്ള 1157 ഏക്കർ 5 സെൻറ് സ്ഥലം മേലുകാവ് പഞ്ചായത്തിനോട് കൂട്ടിച്ചേർത്തു. 13–9–1969 –ലെ ഉത്തരവ് അനുസരിച്ച് , ഈ പഞ്ചായത്തിൻെറ ഭാഗമായിരുന്ന ഇരുമാപ്ര ഈസ്റ്റ് വാർഡ് വലിയ കുമാരമംഗലം (ഇപ്പോഴത്തെ മൂന്നിലവ് പഞ്ചായത്ത്) പഞ്ചായത്തിൽ ലയിപ്പിച്ചു. 1979 –ലെ വാർഡ് പുനർവിഭജനപ്രകാരം വാർഡുകളുടെ എണ്ണം എട്ടായി വർദ്ധിച്ചു.

മേലുകാവ് ഗ്രാമപഞ്ചായത്തിൻെറ അതിർത്തികൾ പടിഞ്ഞാറ് കടനാട് , ഭരണങ്ങാനം പഞ്ചായത്തുകളും വടക്ക് മുട്ടം പഞ്ചായത്തും കിഴക്ക് കുടയത്തൂർ, മൂന്നിലവ് പഞ്ചായത്തുകളും തെക്ക് മൂന്നിലവ് തലപ്പലം പഞ്ചായത്തുകളുമാണ്. വടക്കും കിഴക്കും ഇടുക്കി ജില്ലാതിർത്തികളാണ്.

# മേലുകാവ് ഗ്രാമപഞ്ചായത്തിലെ പൊതുസ്ഥാപനങ്ങൾ സഹകരണ സംഘങ്ങൾ

1. ഗവ: ഹോമിയോ ആശുപത്രി മേലുകാവ്
2. തയ്യൽ പരിശീലന കേന്ദ്രം മേലുകാവ്
3. മേലുകാവ് സർവ്വീസ് സഹകരണ ബാങ്ക് – 549 – മേലുകാവ്
4. T.G.M.T സെൻറർ, മേലുകാവ്
5. വയർലസ്സ് സ്റ്റേഷൻ, മേലുകാവ്
6. ട്രൈബൽ എക്സ്റ്റൻഷൻ ആഫീസ്, മേലുകാവ്
7. പഞ്ചായത്താഫീസ്, മേലുകാവ് – മേലുകാവുമറ്റം
8. വല്ലേജാഫീസ്, മേലുകാവ് – മേലുകാവുമറ്റം
9. പോലീസ് സ്റ്റേഷൻ മേലുകാവ് – മേലുകാവുമറ്റം
10. K.S.E.B ജൂനിയർ എൻജിനീയർ ആഫീസ്, മേലുകാവുമറ്റം
11. മേലുകാവ് സർവ്വീസ് സഹകരണബാങ്ക് 3183 – H.O മേലുകാവുമറ്റം
12. കൃഷിഭവൻ, മേലുകാവ് – മേലുകാവുമറ്റം
13. വില്ലേജ് എക്സ്റ്റൻഷൻ ആഫീസ്, മേലുകാവുമറ്റം
14. മേലുകാവ് ഭവനനിർമ്മാണ സഹകരണ സംഘം No:K. 671
15. റബ്ബർ ബോർഡ് ഫീൽഡ് ഓഫീസ്, മേലുകാവുമറ്റം
16. ഗവ: വെറ്ററിനറി ഹോസ്പിറ്റൽ, മേലുകാവുറ്റം
17. ടെലിഫോൺ എക്സ്ചേഞ്ച്, മേലുകാവുമറ്റം
18. കോണിപ്പാട് പോസ്റ്റാഫീസ്
19. കിഴക്കമറ്റം പോസ്റ്റാഫീസ്
20. മേലുകാവ് SCB – 3183 – പയസ്മൗണ്ട് ബ്രാഞ്ച്
21. പ്രൈമറി ഹെൽത്ത് സെൻറർ – ഇടമറുക്
22. മേലുകാവ് SCB – 3183 – വാകക്കാട് ബ്രാഞ്ച്
23. മേലുകാവ് SCB – 3183 ഇടമറുക് ബ്രാഞ്ച്
24. ഇടമറുക് പോസ്റ്റാഫീസ്
25. മീനച്ചിൽ ഈസ്റ്റ് അർബൻ കോ–ഓപ്പ് ബാങ്ക്, മേലുകാവുമറ്റം ശാഖ
26. മേലുകാവുമറ്റം സബ്ബ്പോസ്റ്റാഫീസ്സ്
27. ഫാമിലി വെൽഫയർസെൻറർ മേലുകാവ്
28. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, മേലുകാവ് ശാഖ
29. ഇലവീഴാപൂഞ്ചിറ ടൂറിസ്റ്റ് ഹോം
30. P.W.D. സെക്ഷൻ ഓഫീസ്, മേലുകാവുമറ്റം
31. പോസ്റ്റ് ആഫീസ് [illegible]

## പൊതുസ്ഥാപനങ്ങൾ
## ധനകാര്യസ്ഥാപനങ്ങൾ



# പഞ്ചായത്ത് ഭരണസമിതികൾ

## 1–ാമത് പഞ്ചായത്ത് കമ്മറ്റി 28–8–1953 മുതൽ 20–1–1963 വരെ

1. മത്തായി ആൻഡ്രൂസ് തെക്കേക്കണ്ടത്തിൽ
2. ആമോസ് വർഗ്ഗീസ് കുഴിയ്ക്കപ്ലാക്കൽ
3. സേവ്യർ മാത്യു കുഴിമറ്റത്തിൽ
4. മത്തായി സേവ്യർ ഒരപ്പൂഴിക്കൽ
5. ഉലഹന്നാൻ ജോസഫ് വാഴചാരിക്കൽ
6. ഔസേഫ് ആഗസ്തി വെട്ടിക്കുഴിയിൽ
7. ഇ.എം. മാമ്മൻ ഇലവുംമാക്കൽ

**പ്രസിഡൻറ്**

1. മത്തായി ആൻഡ്രൂസ് 28–8–53 മുതൽ 30–7–56 വരെ
2. ഉലഹന്നാൻ ജോസഫ് 26–11–1956 – 20–1–1963

**വൈസ് പ്രസിഡൻറ്**

ആമോസ് വർഗ്ഗീസ് 28–8–1953 – 20–1–1963

## 2–ാമത് കമ്മറ്റി 20–12–1963 – 13–8–1979

1. റ്റി. എം കുര്യാക്കോസ് തെക്കേക്കണ്ടത്തിൽ
2. സി.എ മാത്യു ചുങ്കപ്പുര
3. പി. എസ് ജോർജ്ജ് പാലക്കുന്നേൽ
4. അവിരാ ദേവസ്യാ അഞ്ചുകണ്ടത്തിൽ
5. കെ.വി പൗലേസ് കുഴിയ്ക്കപ്ലാക്കൽ
6. എം. സി ജോസഫ് മാട്ടേപ്ലാക്കൽ
7. സി.എം മാനുവൽ ചീരംകുഴിയിൽ
8. വനജാക്ഷി നാരായണൻ പാണ്ടിക്കാട്ട് (നോമിനി)

20–6–64 –ൽ റ്റി. എം കര്യാക്കോസ് രാജിവച്ചു പകരം 18–8–64 –ൽ എ.കെ തോമസ് അഞ്ചുകണ്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടു.

16–5–65 –ൽ എ.കെ തോമസ്, സി.എം മാനുവൽ എന്നിവർ കമ്മറ്റിയിൽനിന്നും പിരിഞ്ഞു. പകരം കെ. എസ് തോമസ് കൊച്ചുപറമ്പിൽ, തൊമ്മൻ ഔസേഫ് കൂട്ടുങ്കൽ എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

14–3–66–ൽ എം. സി ജോസഫ് പി.എസ് ജോർജ്ജ് എന്നിവർ മെമ്പർ സ്ഥാനത്തുനിന്നും പിരിയുകയും പകരം എം. എൽ അബ്നർ മച്ചിയാനിക്കൽ കെ. കെ ദേവസ്യാ കൊച്ചുകരോട്ട് (പാറപ്പുറം) എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു.

പ്രസിഡന്റ്

1. റ്റി. എം കുര്യാക്കോസ് 20–12–19633 — 20–6–1964
2. എ. കെ തോമസ് 18–8–64 — 16–5–1965
3. കെ. എസ് തോമസ് 3–9–65 — 2–2–1978
4. സി. എ മാത്യു 2–2–78 — 4–7–1978
5. അവിരാ ദേവസ്യാ 4–7–78 — 13–8–1979
5. ~~കെ. വി പൗലോസ്~~

~~പ്രസിഡൻറ്~~

1. റ്റി. എം കുര്യാക്കോസ് 20–12–19633 — 20–6–1964

**വൈ. പ്രസിഡൻറ്**

കെ. വി പൗലോസ്

## 3–ാമത് കമ്മറ്റി 29–9–79 — 20–10–1984

1. ജോസ് റ്റി. ചെറുവള്ളി
2. തോമസ് ഉമ്മൻ പുരയിടത്തിൽ
3. വി. കെ ദാമോദരൻ വാഴയിൽ
4. പി. ഐ ശാമുവൽ പൊട്ടൻമുണ്ടയ്ക്കൽ
5. പി. കെ രാമൻ പടക്കൂടിക്കൽ
6. ജോസ് റ്റി, സെബാസ്റ്റ്യൻ താഴത്തേൽ
7. ജോർജ്ജ് മാത്യു കയ്യാലയ്ക്കകം
8. അന്നമ്മ മാത്യു തുളവാനിക്കൽ

**പ്രസിഡൻറ്**

ജോസ് റ്റി. ചെറുവള്ളി 29–9–1979 — 20–10– 1984

**വൈസ് പ്രസിഡൻറ്**

തോമസ് ഉമ്മച്ചൻ 29-9-79 — 20-10-84

**4-ാമത് കമ്മറ്റി 9-2-1988 — 29-9-1995**

1. അലക്സാണ്ടർ ആഗസ്തി പരുന്തുവീട്ടിൽ
2. എ. ജെ ഇത്താക്ക് അസംപനാപ്പാറയിൽ
3. ജോർജ്ജ് മാത്യു തെക്കേൽ
4. ജോർജ്ജ് മാത്യു ചുങ്കപ്പുര
5. പി. ജെ ജോസഫ് പുട്ടിലാനി
6. ടോമി തോമസ് തുളവനാനിക്കൽ
7. മേരിക്കുട്ടി മൈക്കിൾ ഒറ്റത്തെങ്ങുങ്കൽ
8. ശാന്തമ്മ വാസു വണ്ടമ്മാക്കൽ

പ്രസിഡൻറ്

അലക്സാണ്ടർ ആഗസ്തി 9-2-88 — 29-9-95

വൈസ് പ്രസിഡൻറ്

എ. ജെ. ഇത്താക്ക് 9-2-88 — 29-9-95

**നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി 30- 9- 1995 മുതൽ**

1. ലിസ്സിയാമ്മ ജോർജ്ജ് പാറേപുരയ്ക്കൽ (പ്രസിഡന്റ്)
2. ജോർജ്ജ് മാത്യു കയ്യാലയ്ക്കകം (വൈസ്. പ്രസിഡന്റ്)
3. ഉലഹന്നാൻ ജോസഫ് വാഴത്തോട്ടം (സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ)
4. ജോണി മാത്യു പുത്തൻപുരയിൽ
5. ജോസഫ് ജോൺ കുപ്പിപ്ലാക്കൽ
6. ശിവൻകുട്ടി കുളപ്പുറത്ത്
7. ലിസിയമ്മ ജോസഫ് ഈന്തുങ്കത്തടത്തിൽ
8. വത്സമ്മ ജോസഫ് കൂട്ടുങ്കൽ

**ജനപ്രതിനിധികൾ**

| | |
|---|---|
| പാർലമെൻറ് | - പി. സി തോമസ് |
| അസംബ്ലി | - പി. സി. ജോർജ്ജ് |
| ജില്ലാ പഞ്ചായത്ത് | - ലോപ്പസ് മാത്യു |
| ബ്ലോക്ക് പഞ്ചായത്ത് | - സണ്ണി മാത്യു |



# സാമൂഹിക സാംസ്കാരിക ചരിത്രപശ്ചാത്തലം

കോട്ടയം ജില്ലയുടെ കിഴക്ക് ഇടുക്കിജില്ലയോടു ചേർന്ന് കിടക്കുന്ന ഒരു മലയോര പ്രദേശമാണ് മേലുകാവ് ഗ്രാമപഞ്ചായത്ത്. ഈ പ്രദേശത്തിന്റെ പ്രാചീനകാലചരിത്രം അഗസ്ത്യമുനിയുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നാണ് ഐതിഹ്യം. മേലുകാവ് എന്ന സ്ഥലനാമത്തിന്റെ ഉൽപ്പത്തിക്ക് അടിസ്ഥാനമായ ഒരു സംഭവകഥയുണ്ട്. കുളത്തിക്കണ്ടത്തിനടുത്തുള്ള കൊടിത്തോപ്പിൽ സ്ഥിതി ചെയ്തിരുന്ന ഒരു പുരാതനക്ഷേത്രം കാട്ടാനകളുടെ നിരന്തരമായ ആക്രമണത്തെ തുടർന്ന് മലമുകളിലുള്ള കല്ലുവെട്ടത്തേക്ക് മാററി സ്ഥാപിച്ചതോടെയാണ് മേലുകാവ് എന്ന് ഈ പ്രദേശം അറിയപ്പെടുവാനിടയായത്. മലമുകളിലുള്ള കാവ് എന്ന അർത്ഥത്തിൽ പ്രചാരത്തിൽ വന്ന ഈ പേര് പിൽക്കാലത്ത് മേലുകാവ് എന്നായിതീർന്നു.

മേലുകാവിന്റെ പ്രാചീന ചരിത്രത്തിലേക്ക് വെളിച്ചം വീശുന്ന ചരിത്രാവിശിഷ്ടങ്ങൾ ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലുമുണ്ട്. അഞ്ചാം നൂറ്റാണ്ടിൽ ഉപയോഗത്തിലിരുന്നുവെന്ന് ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുള്ള നന്നങ്ങാടികൾ ഇരുമാപ്രയിൽനിന്നും പുരാതന റോമൻ നാണയം ഇടമറുകിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. ശവസംസ്കാരത്തിനുവേണ്ടി സ്ഥാപിച്ചിരുന്ന കരിങ്കൽ അറകളും തൊപ്പിക്കല്ലുകളും കോണിപ്പാട്, ഉപ്പിടുപാറ, പയസ് മൗണ്ട്, കളപ്പുരപ്പാറ എന്നിവിടങ്ങളിൽ ഇപ്പോഴും കാണാവുന്നതാണ്.

പണ്ട് കച്ചവടാവശ്യങ്ങൾക്കുവേണ്ടി തമിഴ്നാട്ടിൽ നിന്നും നിലയ്ക്കൽ പോലുള്ള ജനവാസകേന്ദ്രങ്ങളിൽ നിന്നും തൊടുപുഴ കാരിക്കോട് തുടങ്ങിയ പ്രദേശങ്ങളിലേക്ക് മേലുകാവ് വഴി ദിവസേന ജനസഞ്ചാരമുണ്ടായിരുന്നതായി പറയപ്പെടുന്നു.

ഈ പഞ്ചായത്തിൽ ഉൾപ്പെട്ട പലപ്രദേശങ്ങളുടേയും സ്ഥലനാമങ്ങൾ മേലുകാവിന്റെ ഗതകാല ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നു. വാകമരങ്ങൾ തിങ്ങിവളർന്നിരുന്ന പ്രദേശം വാകക്കാടും, കുളവും കണ്ടവും ചേർന്ന് ഇടം കുളത്തികണ്ടവുമായി. നായാട്ടുകാർ വേട്ടമൃഗങ്ങളുടെ മാംസം കേടാവാതെ ഉപ്പിട്ട് തയ്യാറാക്കുന്നതിന് ഉപയോഗിച്ചിരുന്ന പാറ ഉപ്പിട്ടപാറയും കാലാന്തരത്തിൽ ഉപ്പിടുപാറയുമായി തീർന്നു. മലകളുടെ ഇടയിൽ സ്ഥിതി ചെയ്തിരുന്ന സ്ഥലത്തിന് ഇടമറുക് എന്ന പേര് അന്വർത്ഥമായി. മറുക് എന്ന വാക്കിന് മല എന്നർത്ഥമുണ്ട്. വനങ്ങളിൽ മേഞ്ഞുനടന്നിരുന്ന കാട്ടെരുമകൾ വിശ്രമിച്ചിരുന്ന പാറകൾ നിറഞ്ഞകുന്നിൻ പ്രദേശങ്ങൾ എരുമപ്പാറയെന്ന് ആദ്യകാലങ്ങളിൽ അറിയപ്പെട്ടു. പിന്നീട് ഇരുമാപ്രയായി. ഇരുമഹാപാറകൾ ഉള്ള സ്ഥലമാണ് ഇരുമാപ്ര ആയതെന്നും പറയപ്പെടുന്നു. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതീഹ്യമാലയിൽ പരാമർശിക്കുന്ന അസാധരണ കായികശേഷിയുണ്ടായിരുന്ന കുളപ്പുറത്ത് ഭീമൻ ചുമന്ന് കൊണ്ടുവന്ന കൂറ്റൻ പലകകൾ (തളിരങ്ങൾ) ചാരിവച്ച സ്ഥലമാണ് പലകചാരി. തന്റെ പ്രജകളെ കണ്ട് ക്ഷേമാന്വേഷണം നടത്താനിറങ്ങിയ രാജാവ് സ്വന്തം തലപ്പാവ് (മുടി) ഒരു മരുത് വൃഷത്തിന്റെ ശിഖരത്തിൽ വച്ചതിനുശേഷം വിശ്രമിച്ച സ്ഥലമാണ് മേലുകാവ് – പാലാ റോഡിൽ കടനാട് – മേലുകാവ് പഞ്ചായത്തുകളുടെ അതിർത്തിയിലുള്ള മുടിവെച്ചമരുത്.

നാടുവാഴിത്തത്തിന്റെയും ജന്മിത്വ ജാതിവ്യവസ്ഥകളുടേയും തിക്തഫലങ്ങൾ അനുഭവിച്ചവരാണ് ഈ പ്രദേശത്തെ ആദിമനിവാസികളായ മലയരയ വിഭാഗത്തിൽപെട്ട പട്ടികവർഗ്ഗക്കാർ. 1858 –ൽ റവ: ഹെൻട്രിബേക്കർ ജൂനിയർ എന്ന വിദേശ ക്രിസ്ത്യൻ മിഷണറിയുടെ ആഗമനത്തോടെയാണ് ഇവരുടെ മുൻപിൽ വിമോചനത്തിന്റെ പാത തുറക്കപ്പെടുന്നത്. അദ്ദേഹം നിരവധിയാളുകളെ ക്രസ്തുമതാനുയായികളാക്കി. ബ്രട്ടീഷ് വൈസ്രോയിയുടെയും തിരുവതാംകൂർ മഹാരാജാവിന്റെയും അനുമതിയോടെ റവ: ഹെൻട്രി ബേക്കർ ജൂനിയറും, ബെഞ്ചമിൻ ബെയ്‌ലിയും 2000 ഏക്കർ ഭൂമി പതിപ്പിച്ചെടുത്ത് അനുയായികൾക്ക് നൽകി. മേലുകാവ് സന്ദർശിക്കുന്നതിന് വേണ്ടി കുതിരപ്പുറത്ത് ഏത്തിച്ചേർന്ന റവ: ഹെൻട്രിബേക്കർ ജൂണിയർ വിശ്രമിച്ച സ്ഥലത്താണ് അദ്ദേഹത്തിന്റെ നാമധേയത്തിൽ സ്ഥാപിച്ചിട്ടുള്ള ഹെൻട്രിബേക്കർ കോളേജ് സ്ഥിതി ചെയ്യുന്നത്. ഇവിടുത്തെ മിഷനറിപ്രവർത്തനങ്ങളുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന മറ്റൊരു മിഷനറിയായിരുന്നു ആർച്ച്ഡിക്കൻ ജെ കെയ്‌ലി. 1983 ഏപ്രിൽ 3–ാം തീയതി രൂപംകൊണ്ട സി. എസ്. ഐ ഈസ്റ്റ് കേരളാ ഡയോസിസിന്റെ ആസ്ഥാനമെന്ന നിലയിൽ മേലുകാവിന് സവിശേഷമായ പ്രാധാന്യമുണ്ട്.

എട്ട് ദശാബ്ദങ്ങൾക്ക് മുമ്പാണ് മീനച്ചിൽ താലൂക്കിലെ പാലാ, ഭരണങ്ങാനം, പ്രവിത്താനം മേഖലകളിൽനിന്നും അദ്ധ്വാനശീലരായ സുറിയാനി ക്രിസ്ത്യാനികളുടെ മേലുകാവുമറ്റം, പയസ് മൗണ്ട്, ഇടമറുക്, വാകക്കാട് തുടങ്ങിയ പ്രദേശങ്ങളിലേക്കുള്ള കുടിയേറ്റം ആരംഭിക്കുന്നത്. ഇതേകാലഘട്ടത്തിൽ തന്നെ ഈഴവ ജനവിഭാഗങ്ങളും അന്തീനാട്, രാമപുരം എന്നിവിടങ്ങളിൽ നിന്ന് മേലുകാവിൻെറ വിവിധ മേഖലകളിൽ എത്തിച്ചേർന്നു. പ്രതികൂല സാഹചര്യങ്ങളോട് നിരന്തരം പോരാടി മുന്നേറിയ അദ്ധ്വാനശീലരും സാഹസികരുമായ ഈ കർഷകർ ഫല ഭൂയിഷ്ടമായിരുന്ന കന്നി മണ്ണിനെ വൈവിധ്യമാർന്ന കാർഷികവിളകൾകൊണ്ട് സമ്പന്നമാക്കി. മേലുകാവ് ഗ്രാമപഞ്ചായത്തിൻെറ സാമ്പത്തിക സാമൂഹിക സാംസ്കാരിക മണ്ഡലങ്ങളിൽ വിലപ്പെട്ട സംഭാവനകളാണ് ഇവർ നൽകിയിട്ടുള്ളത്.

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൻെറയും സ്വാതന്ത്യ സമരത്തിൻെറയും സ്വാധീനം ആയിരത്തിത്തൊള്ളായിരത്തി നാൽപ്പതുകളിലാണ് ഈ പ്രദേശത്തെ ജനങ്ങളിൽ ശക്തിപ്പെടുവാൻ തുടങ്ങിയത്. മീനച്ചിൽ താലൂക്കിലെ സ്വാതന്ത്യ സമര നായകന്മാരായിരുന്ന ആർ. വി. തോമസ്, ചെറിയാൻ കാപ്പൻ. പി.റ്റി. ചാക്കോ, കെ. എം ചാണ്ടി തുടങ്ങിയ നേതാക്കളുടെ ധീരോദാത്തമായ പ്രവർത്തനങ്ങളും വികാരോജ്ജ്വലമായ പ്രസംഗങ്ങളും ഇവിടുത്തെ സാധാരണ ജനങ്ങളെ ആവേശംകൊള്ളിച്ചു.

ഇക്കാലത്ത് തിരുവതാംകൂർ സ്റ്റേറ്റ് കോൺഗ്രസിൻെറ ഒരു ശാഖ മേലുകാവ്മറ്റത്ത് സ്ഥാപിക്കുകയുണ്ടായി. തിരുവതാംകൂർ ദിവാനായിരുന്ന സി.പി രാമസ്വാമി അയ്യരുടെ സ്വേച്ഛാധിപത്യഭരണത്തിനെതിരായി പാലായിൽ നടന്നിട്ടുള്ള ഐതിഹാസികമായ പ്രതിഷേധ മഹാസമ്മേളനങ്ങളിൽ പങ്കെടുക്കുന്നതിന് മേലികാവിൽനിന്ന് ഗാന്ധിതൊപ്പിയും ധരിച്ച് അനേകമാളുകൾ കാൽനടയായി പോകാറുണ്ടായിരുന്നു.

മേലുകാവിൻെറ വിദ്യാഭ്യസ രംഗത്തെ പുരോഗതിയിൽ വിദേശ ക്രിസ്ത്യൻ മിഷനറമാർ വഹിച്ച പങ്ക് നിസ്തുലമാണ്. മേലുകാവ് പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നതും ഇപ്പോൾ മൂന്നിലവ് പഞ്ചായത്തിന്റെ ഭാഗവുമായ ഇരുമാപ്രയിൽ 66 വർഷങ്ങൾക്ക് മുമ്പ് സ്ഥാപിക്കപ്പെട്ട സി. എം. എസ് സ്കൂളാണ് മീനച്ചിൽ താലൂക്കുലെ ആദ്യത്തെ ഇംഗ്ലീഷ് സ്കൂൾ. അര ക്ലാസ് എന്നറിയപ്പെട്ടിരുന്ന പ്രിപ്പാററ്ററി, ഫസ്റ്റ് ഫോറം, സെക്കൻറ് ഫോറം, തേർഡ് ഫോറം എന്നിങ്ങനെയായിരുന്നു അന്നത്തെ ക്ലാസ്സുകൾ. 1949-ൽ M.D.C.M.S ഹൈസ്കൂൾ ആരംഭിച്ചു. പിന്നീട് വാകക്കാട്ടിൽ അൽഫോൻസാ ഗേൾസ് ഹൈസ്കൂളും മേലുകാവിൽ C.M.S ഹൈസ്കൂളും സ്ഥാപിതമായതോടെ പഞ്ചായത്തിലെ എല്ലാകുട്ടികൾക്കും ഹൈസ്കൂൾ വിദ്യഭ്യാസത്തിനുള്ള അവസരം ലഭ്യമായി. 1981-ൽ ആരംഭിച്ച ഹെൻട്രി ബേക്കർ കോളേജ് ഉന്നതവിദ്യാഭ്യാസ രംഗത്ത് മികച്ച സംഭാവനകളാണ് നൽകികൊണ്ടിരിക്കുന്നത്.

പട്ടിക വർഗ്ഗത്തിൽപ്പെട്ട ഇതര ജനസമൂഹങ്ങളെ അപേക്ഷിച്ച് മേലുകാവ് ഗ്രാമപഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗം വിദ്യാഭ്യാസത്തിൽ മുൻപന്തിയിലാണ്. തന്മൂലം ഇന്ന് നിലവിലിരിക്കുന്ന ഉദ്യോഗസംവരണം സംബന്ധിച്ച ആനുകൂല്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുവാൻ അവർക്ക് കഴിയുന്നുണ്ട്. സംസ്ഥാന സർക്കാറിൻെറ വിവിധ ഭരണ വകുപ്പുകളിൽ ഉയർന്ന ഉദ്യോഗങ്ങൾ വഹിക്കുന്ന ഒട്ടേറെപേർ ഈ വിഭാഗത്തിലുണ്ട്. ഭരണത്തിൻെറ എല്ലാതലങ്ങളിലും അവർ സേവനം അനുഷ്ഠിക്കുന്നു. പോസ്റ്റ് ആൻഡ് ടെലിഗ്രാഫ്, ഏജീസ് ഓഫീസ്, റെയിൽവേ തുടങ്ങിയ കേന്ദ്ര ഗവൺമെൻറ് സർവ്വീസുകളിലും അനേകം പേരുണ്ട്. തിരുവനന്തപുരം, കൊച്ചി തുടങ്ങിയ നഗരങ്ങളിൽ ഉദ്യോഗസംബന്ധമായി ചെന്നെത്തുന്നവരിൽ പലരും അവിടങ്ങളിൽ സ്ഥിരതാമസക്കാരായി മാറുന്നു. തന്മൂലം പട്ടിക വർഗ്ഗ വിഭാഗങ്ങളിൽപെട്ട ജനങ്ങൾ താരതമ്യേന കൂടുതുലായി താമസിക്കുന്ന രണ്ട്, മൂന്ന്, നാല്, വാർഡുകളിൽ കാലക്രമേണ വിദ്യാസമ്പന്നരുടെ സംഖ്യ കുറഞ്ഞുവരാനുള്ള സാധ്യതയേറുന്നു. മാത്രവുമല്ല, സമൂഹത്തിന് മുതൽക്കൂട്ടാവേണ്ട ഇവരുടെ സേവനവും കർമ്മശേഷിയും നമ്മുടെ നാടിന് നഷ്ടമാവുന്ന ഒരു സാഹചര്യം സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

ആരോഗ്യം, ഗതാഗതം, എന്നീ മേഖലകളിൽ കഴിഞ്ഞ കാലങ്ങളിലുണ്ടായിട്ടുള്ള പുരോഗതി ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായി നേടുവാൻ കഴിഞ്ഞിട്ടുള്ളതാണ്. പഞ്ചായത്തിൻെറ കേന്ദ്രസ്ഥാനമായ മേലുകാവ്മറ്റത്തുനിന്നും തിരുവനന്തപുരം, പെരിന്തൽമണ്ണ, കുമളി തുടങ്ങിയ വിദൂര സ്ഥലങ്ങളിൽ ബസ്സുമാർഗ്ഗം എത്തച്ചേരുന്നതിനുള്ള എല്ലാ സൗകര്യങ്ങളും ഇന്നുണ്ട്. K.S.R.T.C യുടേതുൾപ്പെടെ 36 ബസ്സുകൾ ഇതുവഴി സർവ്വീസുകൾ നടത്തുന്നു. നിർദ്ദിഷ്ട എറണാകുളം - എരുമേലി സ്റ്റേറ്റ് ഹൈവേ മേലുകാവുമറ്റം വഴി കടന്നുപോകുന്നു.

വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം, ഗതാഗതം എന്നീ രംഗങ്ങളിൽ ശ്രദ്ധേയമായ പുരോഗതി ഉണ്ടായിട്ടുണ്ട്. ഈ രംഗങ്ങളിൽ കൈവരിക്കുവാൻ സാധിച്ച നേട്ടങ്ങൾക്ക് ആനുപാതികമായി കാർഷിക വ്യവസായിക രംഗങ്ങളിലും തൊഴിൽ മേഖലകളിലും വനിതാക്ഷേമ രംഗത്തും പുരോഗതി നേടുവാൻ കഴിഞ്ഞിട്ടില്ല.

ഒട്ടേറെ നേട്ടങ്ങൾക്കിടയിലും വികസന രംഗത്ത് അനുഭവപ്പെടുന്ന പോരായ്മകൾ പരിഹരിക്കുവാൻ കൂട്ടായ ശ്രമങ്ങൾ ഉണ്ടാവേണ്ടതുണ്ട്. വികസന രംഗത്തെ പൂർവ്വകാലാനുഭങ്ങൾ നമുക്കൊരു പാഠമാകേണ്ടതാണ്. ജനങ്ങളുടെ ഇച്ഛാശക്തിയെ ആശ്രയിച്ചുകൊണ്ടുള്ള നീക്കങ്ങളാണിനി വേണ്ടത്. ജനപങ്കാളിത്തത്തെ അവഗണിച്ചുകൊണ്ടുള്ള ആസൂത്രണ പരിപാടികൾ ഒട്ടുംതന്നെ വിജയിക്കുകയില്ലെന്ന് മുൻകാലാനുഭവങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

# ഭൂപ്രകൃതിയും വിഭവങ്ങളും

കോട്ടയം ജില്ലയുടെ കിഴക്കൻ അതിർത്തി മേഖല യിൽപ്പെട്ടതും പശ്ചിമ ഘട്ടമലനിരകളുടെ ഭാഗവുമായ കുട യത്തൂർ വിന്ധ്യന്റെ പടിഞ്ഞാറു വശത്താണ് മേലുകാവ് പഞ്ചായത്തിൽപ്പെട്ട പ്രദേശങ്ങൾ. പഞ്ചായത്തിന്റെ കിഴക്കും വടക്കും, പടിഞ്ഞാറും മലനിരകളാണ്. മീനച്ചിലാറിന്റെ ഒരു പ്രധാന കൈവഴി ഒന്നാം വാർഡിലെ കല്ലുവെട്ടം, പാണ്ടി യാമ്മാവ് ഭാഗങ്ങളിൽനിന്ന് ഉത്ഭവിച്ച് കുളത്തികണ്ടത്തി ലെത്തി തെക്കോട്ടൊഴുകി രണ്ടാറ്റുമുന്നയിൽ വച്ച് മൂന്നിലവ് പഞ്ചായത്തിൽ നിന്നും വരുന്ന കടപുഴയാറിൽ സന്ധി ക്കുന്നു. 30.49 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയുള്ള മേലു കാവ് പഞ്ചായത്തിനെ ഭൂപ്രകൃതിയനുസരിച്ച് നാലായി വിഭ ജിക്കാം.

### 1. പാറകൾ നിറഞ്ഞ മലമ്പ്രദേശങ്ങൾ

ഒന്നാം വാർഡിൽ കുളത്തികണ്ടത്തിന് കിഴക്കും പടി ഞ്ഞാറും വടക്കും ഭാഗങ്ങളും (മതുക്കൂമാലി) രണ്ടാം വാർഡിൽ വടക്കുംമേട്, മൂട്ടക്കല്ല് പ്രദേശങ്ങളും ഇലവീഴാ പൂഞ്ചിറയുടെ ഏതാനും ഭാഗങ്ങളും മൂന്നാം വാർഡിൽ കോലാനി മുടിയും ഈ വിഭാഗത്തിൽപ്പെടുന്നു. പാഴ് മര ങ്ങളും കുറ്റിച്ചെടികളും പുൽ വർഗ്ഗത്തിൽപ്പെട്ട സസ്യങ്ങളു മാണ് ഇവിടെ വളരുന്നത്. മനുഷ്യവാസം തീരെയില്ലാത്ത ഈ പ്രദേശങ്ങൾ കൃഷിക്ക് ഒട്ടും അനുയോജ്യമല്ല.

### 2. ചെങ്കുത്തായ പ്രദേശങ്ങൾ

ഒന്നാം വാർഡിൽ കല്ലുവെട്ടം റോഡിന് പടിഞ്ഞാറു ഭാഗവും രണ്ടാം വാർഡിൽ വടക്കുംമേട് മേഖലകളും മൂന്നാം വാർഡിൽ മേലുകാവ്- കോലാനി റോഡിന്റെ കിഴക്കുഭാ ഗവും പടിക്കവരുടെ പടിഞ്ഞാറുഭാഗവും അഞ്ചാം വാർഡിൽ അഞ്ചുമലയുടെ കിഴക്കുഭാഗവും ആറാം വാരഡിൽ വാഴകാട് മലയും കേഴപ്ലാവ് പ്രദേശവും ഏഴാം വാർഡിൽ ചൊക്ക ല്ലിന്റെ കിഴക്കുഭാഗങ്ങളുമാണ് ഈ വിഭാഗത്തിൽ ഉൾപ്പെടു ന്നത്. മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് ഈ മേഖലയിൽ ജന വാസം കുറവാണ്. മണ്ണൊലിപ്പ് ഏറ്റവും കൂടുതൽ അനുഭവ പ്പെടുന്നതിനാൽ ഈ പ്രദേശങ്ങളിലെ ഭക്ഷ്യനാണ്യവിളക ളുടെ ഉല്പാദനക്ഷമത അടിയ്ക്കടി കുറഞ്ഞുവരിന്നതായി കാണപ്പെടുന്നു.

### 3. ചരിവു കുറഞ്ഞ പ്രദേശങ്ങൾ

കുളത്തിക്കണ്ടത്തിന് പടിഞ്ഞാറുഭാഗം, കല്ലുവെട്ടം, പാണ്ടിയാമ്മാവുപ്രദേശങ്ങൾ, കാഞ്ഞിരംകവല-മേലുകാവ് റോഡിന്റെ കിഴക്കും വടക്കും ഭാഗങ്ങൾ, ഈരാറ്റുപേട്ട-മുട്ടം റോഡിന്റെ കോണിപ്പാടു വശത്തുള്ള കിഴക്കൻ മേഖലകൾ, ഇരുമാപ്രമറ്റം, ഉപ്പിടുപാറഭാഗങ്ങൾ,പട്ടിക്കെത്തപ്പാറ, പടപ്പ നാട് പ്രദേശങ്ങൾ ചെമ്മല എന്നീ ഭൂവിഭാഗങ്ങൾ പൊതുവേ ചരിവ് കുറഞ്ഞ പ്രദേശങ്ങളാണ്. കാർഷികപ്രാധാന്യമുള്ള ഒരു മേഖലയാണിത്. ഇവിടത്തെ മുഖ്യ കൃഷി റബറാണ്.

### 4. മലകൾക്കിടയിലുള്ള സമതലങ്ങൾ

കുളത്തികണ്ടം, വാകക്കാട്, പൈകപീടികമേഖലകൾ, വലിയമംഗലം, പയസ് മൗണ്ട്, മനയ്ക്കകണ്ടം, വെള്ളിലാ ത്തൊട്ടി, ഈരാറ്റുപേട്ട മുട്ടംറോഡിന് പടിഞ്ഞാറും, പാലാ മേലുകാവ് റോഡിന് തെക്കും സ്ഥിതി ചെയ്യുന്ന പ്രദേശ ങ്ങൾ എന്നിവ താരതമ്യേന സമതലപ്രദേശങ്ങളാണ്. പഞ്ചാ യത്തിലെ പ്രധാനപ്പെട്ട ജനവാസ കേന്ദ്രങ്ങളും ഈ മേഖല കൾ തന്നെ. പഞ്ചായത്തിലെ ഭൂമിയുടെ വിസ്തീർണ്ണം സംബ ന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

## ജലവിഭവം

### കോണിപ്പാട് ആറ്

ഒന്നാം വാർഡിന്റെ വടക്കുഭാഗത്തുനിന്ന് ഉത്ഭവി ക്കുന്നു. കുളത്തികണ്ടം, ചാലമറ്റം, കോണിപ്പാട്, ഇടമറുക്പ്ര ദേശങ്ങളിലൂടെ ഒഴുകി രണ്ടാറ്റുമുന്നിയിൽ വച്ച് കടപുഴയാ റുമായി സന്ധിക്കുന്നു. പഞ്ചായത്തിന്റെ കിഴക്കുനിന്നും പടി ഞ്ഞാറുനിന്നും ഒഴുകിയെത്തി കോണിപ്പാട് ആറുമായി യോജിക്കുന്ന നിരവധി തോടുകളുണ്ട്. അവ താഴെ പറയു ന്നവയാണ്.

**1. മുടവുങ്കൽ തോട്.**

കോലാനിമുടിയിൽനിന്നുമുത്ഭവിക്കുന്ന കുടിയാ റ്റിൽതോടും പ്ലാച്ചേരിതോടും ചേർന്ന് ഒന്നായി ഒഴികി കോണിപ്പാട് ആറ്റിൽ യോജിക്കുന്നു.

## പഞ്ചായത്തിലെ ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച്

| വില്ലേജിന്റെ പേര് | ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ | | | | |
|---|---|---|---|---|---|
| | പുരയിടം | നിലം | പുറമ്പോക്ക് | തരിശ് | ആകെ |
| മേലുകാവ് | 4080 | 43.66 | 1041.15 | 311 | 5475.81 |
| മൂന്നിലവ് | 730 | 4.13 | 63.21 | 1.22 | 798.56 |
| തലപ്പുലം | 61 | – | – | 2.99 | 63.99 |
| ഭരണങ്ങാനം | 1069 | 15 | 73.10 | – | 1157.10 |
| ആകെ | 5940 | 62.79 | 1177.46 | 315.21 | 7495.46 |

**2. ചാലമറ്റം തോട്**

പിരയ്ക്കാട് ഭാഗത്തുനിന്നും ആരംഭിക്കുന്നു.

**3. വെട്ടിക്കമ്പൻ തോട്**

കടനാട് പഞ്ചായത്തിൽനിന്ന് ഉത്ഭവിച്ച് ഏഴാം വാർഡിന്റെ അതിർത്തിയിലൂടെ തെക്കോട്ട് ഒഴുകുന്നു.

**4. അരീക്കൽ തോട്**

മൂന്നിലവുപഞ്ചായത്തിലെ അഞ്ചുമലഭാഗത്തുനിന്നാരംഭിക്കുന്നു ഈ തോട്ടിൽ മനോഹരമായ ഒരു വെള്ളച്ചാട്ടമുണ്ട്.

**5. പേരട തോട്.**

പയസ് മൗണ്ട് ഭാഗത്തുകൂടി ഒഴുകുന്ന ഒരു പ്രധാന തോടാണ് ഇത്.

**6. ഇരളങ്ങാട് തോട്**

ആറാം വാർഡിലൂടെയാണ് ഈ തോട് ഒഴുകുന്നത്.

**7. കറ്റിയാങ്കൽ തോട്**

ഒന്ന്, നാല് വാർഡുകളെ തമ്മിൽ വേർതിരിച്ചുകൊണ്ട് ഒഴുകുന്നു. കടപുഴയാർ മേലുകാവ്-മൂന്നിലവ് പഞ്ചായത്തുകളുടെ അതിർത്തിയിലൂടെ ഒഴുകുന്നു. ഈ പുഴകൾ എല്ലാം തന്നെ വേനൽക്കാലത്തിന്റെ ആരംഭത്തോടെ തന്നെ വറ്റിപ്പോകുന്നു.

മേലുകാവ് പഞ്ചായത്തിൽനിന്നും ഉത്ഭവിച്ച് മുട്ടം പഞ്ചായത്തിൽ പ്രവേശിക്കുന്ന രണ്ട് തോടുകളാണ് പൂഞ്ചിറയിൽനിന്നാരംഭിക്കുന്ന മുഞ്ചക്കരത്തോടും കോലാനി തോട്ടത്തിന് വടക്കുഭാഗത്തുനിന്നും തുടങ്ങുന്ന പെരിങ്ങാലിത്തോടും. പഞ്ചായത്തിലെ പ്രധാന തോടുകളെ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

### വർഷപാതം

കോട്ടയം ജില്ലിയിലെ വാർഷിക വർഷപാതം 3137 മി. മീറ്ററായി കണക്കാക്കിയിരിക്കുന്നു. ജില്ലയിൽ താരതമ്യേന കൂടുതൽ മഴലഭിക്കുന്ന ഒരു മേഖലയാണ് ഈ പഞ്ചായത്ത്. കുടയത്തൂർ വിന്ധ്യന്റെ സ്ഥാനം പഞ്ചായത്തിന് കാലാവസ്ഥയിൽ വർഷപാതത്തേയും നിയന്ത്രിക്കുന്ന ഒരു പ്രധാനഘടകമാണ്. വർഷപാതത്തെ കുറിച്ചുള്ള പട്ടിക അന്യത്ര

മഴ ധാരാളം ലഭിക്കുന്നുണ്ടെങ്കിലും വർഷത്തിൽ എല്ലാ കാലത്തും ജലലഭ്യതയുള്ള പ്രദേശങ്ങൾ പഞ്ചായത്തിൽ ഏറെയില്ല. മേലുകാവുമറ്റം ടൗൺ മുതൽ ഹെൻട്രി ബേക്കർ കോളേജ് വരെയുള്ള താഴ്ന്ന വയൽ പ്രദേശവും, പയസ്മൗണ്ട്, വാകക്കാട്, പ്രദേശങ്ങളുടെ ചില ഭാഗങ്ങളും, ഇലവീഴാപൂഞ്ചിറയും ഒഴികെയുള്ള പ്രദേശങ്ങൾ പൊതുവേ ജലലഭ്യത കുറഞ്ഞമേഖലകളാണ്. ചെമ്മല, പാണ്ടിയാമാവ്, കാഞ്ഞിരംകവല, മുട്ടക്കല്ല്, എള്ളുംപുറം, മേലുകാവ്തെക്കും ഭാഗം, പീരയ്ക്കാട്, പുളിയമ്മാക്കൽ ഭാഗം, ഇരുമാപ്ര, കോഞ്ഞിപ്പാട്, ഉപ്പിട്ടപാറ, പട്ടികൊന്നപാറ, നാടുകാണി തുടങ്ങിയ സ്ഥലങ്ങൾ ഏറ്റവും കടുത്ത ജലദൗർല്ലഭ്യം അനുഭവപ്പെടുന്ന ഭാഗങ്ങളാണ്. മറ്റ് മേഖലക്ളിൽ വേനൽക്കാലത്ത് അവിടവിടെ ഉറവകൾ കാണപ്പെടുന്നുവെങ്കിലും വ്യാപകമായ ജലവിതരണത്തിന് ഉപയോഗിക്കാവുന്ന വിധത്തിൽ ശക്തിയേറിയ ജലസ്രോതസ്സുകൾ അപൂർവ്വമാണ്.

മണ്ണിന്റെ ജലസംഭരണശേഷി ഓരോ വർഷവും കുറഞ്ഞുവരുന്നു. എത്രതന്നെ ശക്തമായ കാലവർഷവും തുലാവർഷവും ലഭിച്ചാലും വേനൽക്കാലങ്ങളിൽ ജലലഭ്യത കാര്യ

## പഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകൾ

| നമ്പർ | തോടിന്റെ പേര് | ആകെ നീളം മീറ്റർ. | ശരാശരി വീതി മീറ്റർ. |
|---|---|---|---|
| 1. | കോണിപ്പാട് ആറ് | 5500 | 8 |
| 2. | കറ്റിയാങ്കൽ തോട് | 1000 | 4 |
| 3. | പെരിങ്ങാലി തോട് | 2000 | 6 |
| 4. | മുഞ്ചക്കര തോട് | 2000 | 5 |
| 5. | മുടവുങ്കൽ തോട് | 1000 | 5 |
| 6. | ചാലമറ്റം തോട് | 1000 | 5 |
| 7. | അരീക്കൽ തോട് | 1500 | 5 |
| 8. | പ്ലാച്ചേരിൽ തോട് | 1000 | 4 |
| 9. | പുളിയമ്മാക്കൽ തോട് | 2000 | 4 |
| 10. | കടപുഴ ആറ് | 4000 | 8 |
| 11. | വെട്ടിക്കച്ചാൽ തോട് | 1500 | 6 |
| 12. | പേരട തോട് | 1000 | 3 |
| 13. | മണിയൂരിട്ടി തോട് | 3000 | 5 |
| 14.. | ഇരുളങ്ങാട് തോട് | 2000 | 5 |

മായി വർദ്ധിക്കാതിരിക്കുന്നതിന്റെ കാരണവും ഇതുതന്നെ. റബ്ബർ പോലുള്ള ഏകവിളത്തോട്ടങ്ങൾ വ്യാപകമാകുന്നത് ജലലഭ്യതയെ ബാധിക്കുന്നതായി അനുഭവപ്പെടുന്നു. മണ്ണിന്റെ ജൈവഘടനയിൽ മാറ്റം വരുത്തുന്ന അമിതമായ രാസവളപ്രയോഗം മണ്ണിന്റെ ജലസംഭരണശേഷി കുറയുന്നതിന് മറ്റൊരു കാരണമാണ്. ചരിവ് പ്രദേശങ്ങളിൽ ഫലപ്രദമായ വിധത്തിൽ മണ്ണ് ജലസംരക്ഷണപ്രവർത്തനങ്ങൾക്ക് മുൻതൂക്കം കൊടുക്കാതെ കൃഷി ചെയ്യുന്നതുമൂലം ജൈവാംശമുള്ള മേൽമണ്ണ് ഒലിച്ചുപോകുന്നതും മണ്ണിന്റെ ജലസംഭരണശേഷിയെ ദോഷകരമായി ബാധിക്കുന്നു. പൂഞ്ചിറയിലെ ജലലഭ്യതയുടെ അടിസ്ഥാനകാരണം ആ മേഖലയിലെ സമൃദ്ധമായ പുൽ മേടുകളാണെന്നോർക്കണം.

### മണ്ണ്

പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ കാണപ്പെടുന്ന മേൽമണ്ണ് പൊതുവേ നല്ല വളക്കൂറുള്ളതാണ്.കൂടുതൽ പ്രദേശങ്ങളിലും നല്ല ജൈവാംശമുള്ള കറുത്ത മേൽമണ്ണ് കാണപ്പെടുന്നു. ചില പ്രദേശങ്ങളിൽ ചരൽ കലർന്ന മണ്ണാണ്. മണ്ണിനടിയിൽ ഏറെ താഴ്ചയില്ലാതെ പാറകൾ നിറഞ്ഞ മേഖലകൾ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്.കുന്നിൻ ചെരുവുകളിലാണ് പൊതുവേ ഇങ്ങനെ കാണുന്നത്. ഏഴ്, എട്ട് വാർഡുകളിലെ സമതലപ്രദേശങ്ങളിൽ മണ്ണിന് നല്ല ആഴമുണ്ട്. പഞ്ചായത്തിൽ ചതുപ്പ് പ്രദേശങ്ങൾ താരതമ്യേന കുറവാണ്.

ഭൂമിയുടെ അധികപങ്കും കൃഷിക്ക് വിധേയമാണ്. കാലാവസ്ഥയുടെയും ഭൂപ്രകൃതിയുടെയും അടിസ്ഥാനത്തിൽ കേരളത്തെ 13 കാർഷക മേഖലകളാക്കിതിരിച്ചിരിക്കുന്നതിൽ മേലുകാവ് പഞ്ചായത്ത് ഹൈലാൻഡ് മേഖലയിൽപ്പെടുന്നു. ഭക്ഷ്യവിളകൾക്കായി ഉപയോഗിക്കപ്പെടുന്ന ഭൂമിയുടെ വിസ്തീർണ്ണം ഗണ്യമായി കുറഞ്ഞുവരുന്നു. നെൽകൃഷി നാമമാത്രമാണ്. റബറാണ് പ്രധാന നാണ്യവിള. കൃഷിയോഗ്യമായ തരിശുഭൂമികൾ ഇല്ലെന്നുതന്നെ പറയാം. താഴെ പറയുന്ന വസ്തുതകളിൽ നമ്മുടെ സവിശേഷമായ ശ്രദ്ധ പതിയേണ്ടതാണ്.

1. മണ്ണൊലിപ്പ്, ഉരുൾ പൊട്ടൽ എന്നിവ മൂലം മൂല്യം കുറഞ്ഞുകൊണ്ടിരിക്കുന്ന ഭൂപ്രദേശങ്ങൾ പഞ്ചായത്തിൽ പല മേഖലകളിലുമുണ്ട്.
2. ഭൂപരിപാലനത്തിന് വേണ്ടിവരുന്ന ചിലവുകൾ വർഷം

## 1975 മുതൽ 1992 വരെ ലഭിച്ച വർഷപാതം മില്ലീമീറ്ററിൽ

| | | | |
|---|---|---|---|
| 1975-76 | 2881 | 1984-85 | 3404 |
| 1976-77 | 2953 | 1985-86 | 1885 |
| 1977-78 | 3333 | 1986-87 | 1942 |
| 1978-79 | 2525 | 1987-88 | 2427 |
| 1979-80 | 2293 | 1988-89 | 2998 |
| 1980-81 | 2971 | 1989-90 | 2855 |
| 1981-82 | 2204 | 1990-91 | 3210 |
| 1982-83 | 1059 | 1991-92 | 2622 |
| 1983-84 | 2939 | 1992-93 | 3308 |

തോറും വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

3. ഭൂവിഭാഗത്തിനും പരിസ്ഥിതിക്കും അനുയോജ്യമായ കൃഷി രീതികൾ അവലംബിക്കുക.

4. പരിസ്ഥിതി പ്രശ്നങ്ങളെപ്പറ്റിയുള്ള ബോധവൽക്കരണം നടത്തുക.

5. മണ്ണ്–ജലസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.

7. ഭൂവിഭവ വിനിയെഗവുമായി ബന്ധപ്പെട്ട വിവിധവകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.

### മനുഷ്യവിഭവം

ജനകീയാസൂത്രണപരിപാടിയുടെ ഭാഗമായി പഞ്ചാ

## Survey പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ

| വാർഡ് നമ്പർ | ആകെ വീടുകൾ | അംഗസംഖ്യ | | | 5 വയസിൽ താഴെ | 5–18 വരെ | 18–35 വരെ | 35–65 വരെ | 65–80 വരെ | 80 ന് മുകളിൽ |
|---|---|---|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | ആകെ | | | | | | |
| 1. | 321 | 785 | 762 | 1547 | 130 | 283 | 566 | 493 | 64 | 11 |
| 2. | 289 | 539 | 568 | 1107 | 72 | ~~310~~ 230 | ~~383~~ 335 | 376 | 69 | 25 |
| 3. | 218 | 509 | 468 | 977 | 76 ~~36~~ | 239 | 248 | 349 | 61 | 4 |
| 4. | 296 | 647 | 684 | 1331 | 88 | 289 | 391 | 466 | 89 | 8 |
| 5. | 232 | 549 | 576 | 1125 | 80 | 212 | 397 | 358 | 66 | 12 |
| 6. | 288 | 696 | 638 | 1334 | 107 | 241 | 443 | 467 | 69 | 7 |
| 7. | 259 | 722 | 729 | 1451 | 119 | 296 | 497 | 437 | 79 | 24 |
| 8. | 249 | 623 | 726 | 1349 | 102 ~~86~~ | 332 | 436 | 400 | 71 | 8 |
| ആകെ | 2152 | 5070 | 5151 | 1021 | 7734 | 2122 ~~2195~~ | 3313 ~~3299~~ | 3346 | 568 | 99 |

## പഞ്ചായത്തിലെ തൊഴിൽമേഖല

| വാർഡ് നമ്പർ | കൃഷിക്കാർ | കച്ചവടക്കാർ | ടാപ്പിംഗ്കാർ | കൂലിപ്പണിക്കാർ | തടിപ്പണിക്കാർ | മേസ്തിരികൾ | ആശാരിമാർ | തെങ്ങുകയറ്റക്കാർ |
|---|---|---|---|---|---|---|---|---|
| 1. | 194 | 26 | 23 | 82 | 9 | 4 | 2 | 3 |
| 2. | 119 | 9 | 35 | 26 | 14 | 3 | 2 | - |
| 3. | 137 | 12 | 7 | 53 | 9 | 2 | 3 | 1 |
| 4. | 157 | 30 | 34 | 61 | 8 | 1 | 2 | 1 |
| 5. | 118 | 16 | 39 | 83 | 15 | 4 | - | - |
| 6. | 120 | 25 | 88 | 96 | 11 | 12 | 9 | 1 |
| 7. | 138 | 9 | 52 | 51 | 1 | 3 | 2 | 3 |
| 8. | 145 | 19 | 33 | 86 | 6 | 2 | 3 | 3 |
| ആകെ | 1128 | 146 | 311 | 538 | 73 | 31 | 23 | 12 |

യത്തിൽ വീട് വീടാന്തരം നടത്തിയ സർവ്വേ പ്രകാരം ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 10221 ആണ്. പുരുഷൻമാർ 5070ഉം സ്ത്രീകൾ 5151ഉം സ്ത്രീപുരുഷഅനുപാതം 1016 സ്ത്രീകൾക്ക് 1000 പുരുഷൻമാർ എന്ന തോതിലാണ്. കേരളത്തിന്റെ ശരാശരി 1036യ1000 ആണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 7% പേർ 5 വയസിൽ താഴെയും 21% 5 വയസിനും 18 വയസിനും മദ്ധ്യയും 33% പേർ 35നും 60നും ഇടയിലും 6 % 65നും 80നും ഇടയിലും 1% 80 വയസിൽ കൂടുതൽ പ്രായമുള്ളവരുമാണ്. പഞ്ചായത്തിന്റെ ജനസംഖ്യ പ്രയം തിരിച്ച് കാണിക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു.

### തൊഴിൽമേഖല

പഞ്ചായത്തിലെ തൊഴിൽമേഖല പരിശോധിച്ചാൽ 48.7% കൃഷിക്കാരും 25% കൂലിപ്പണികളിൽ ഏർപ്പെട്ടു ജീവിക്കുന്നവരുമാണ്. 13.5% പേർ ടാപ്പിംഗ് തൊഴിലാളികളാണ്. പഞ്ചായത്തിൽ ആകെയുള്ള 19143 തെങ്ങുകൾ കയറുന്നതിന് 12 തെങ്ങ്കയറ്റത്തൊഴിലാളികൾ മാത്രമേയുള്ളൂ.

പഞ്ചായത്തിലെ തൊഴിൽമേഖലയെക്കുറിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു. ആകെ ജനസംക്യയിൽ പ്രത്യേക ഏതെങ്കിലും തൊഴിലുകൾ ഉള്ളവർ 2312 പേർ (23%) മാത്രമാണ്. തൊഴിൽരഹിതരായി ശേഷിക്കുന്ന 77% പേർക്ക് കാർഷികമേഖലയിൽ തൊഴിൽ കണ്ടെത്തുക അസാധ്യമായിരുന്നു. തൊഴിൽ സാധ്യതയുള്ള പുതിയ മേഖലകൾ കണ്ടെത്തുവാനുള്ള നീക്കം ആരംഭിക്കുകയാണ് ഇതിനുള്ള ആകെയുള്ള പോംവഴി. പഞ്ചായത്തിലെ അഭ്യസ്തവിദ്യരുടെ തൊഴിൽനിലവാരത്തെ സംബന്ധിക്കുന്ന വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു. ബിരുദവും ബിരുദാനന്തരബിരുദവും സാങ്കേതികയോഗ്യതകളും നേടിയിട്ടുള്ള 721 പേരുണ്ട്. എസ്. എസ്. എൽ. സി., പി. ഡി. സി. ലെവൽ വരെയെത്തിയവർ 2447 പേരും, വിദേശത്ത് ജോലിയുള്ള 55 പേർ ഉൽപ്പെടെ 676 പേർക്കാണ് സ്ഥിരമായ ജോലിയുള്ളത്. എസ്. എസ്. എൽ. സി., പി. ഡി. സി. വിഭാഗത്തിൽപ്പെട്ടവരിൽ സിംഹഭാഗവും തൊഴിൽ രഹിതർ തന്നെ.

**വേണം നമുക്കൊരോ വീടിനും**
**ഒരു കൊച്ചടുക്കളത്തോട്ടം**
**ഒരൗഷധച്ചെടി ഒരു വാഴയെങ്കിലും**

## മേലുകാവ് ഗ്രാമപഞ്ചായത്തിലെ പ്രധാനപ്പെട്ട തോടുകൾ



## പഞ്ചായത്തിലെ തൊഴിൽ വിദ്യാഭ്യാസ നിലവാരം

| വാർഡ് നമ്പർ | അഭ്യസ്ത വിദ്യർ | | | | തൊഴിൽ നിലവാരം അഭ്യസ്ത വിദ്യർ | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | S.S.L.C P.D.C | ബിരുദം | ബിരുദാനന്തര ബിരുതം | ടെക്നിക്കൽ | കേന്ദ്ര ഗവ. | സംസ്ഥാന ഗവ. | പൊതു മേഖല | സ്വകാര്യമേഖല | M.B.B.S ഡോക്ടർ | എഞ്ചിനിയർ | വിദേശത്തു ജോലി |
| 1. | 356 | 36 | 17 | 10 | 20 | 40 | 11 | 5 | 1 | 1 | 7 |
| 2. | 274 | 37 | 6 | 16 | 38 | 42 | 11 | 9 | 2 | 4 | 16 |
| 3. | 237 | 21 | 7 | 11 | 34 | 37 | 12 | 8 | 1 | 1 | 1 |
| 4. | 347 | 73 | 21 | 18 | 23 | 32 | 5 | 35 | 2 | 4 | 9 |
| 5. | 232 | 76 | 23 | 17 | 12 | 25 | 9 | 6 | 2 | 1 | 4 |
| 6. | 198 | 54 | 24 | 24 | 9 | 10 | 4 | 26 | 2 | 1 | 6 |
| 7. | 453 | 45 | 20 | 26 | 5 | 16 | 1 | 12 | - | - | 3 |
| 8. | 350 | 92 | 32 | 15 | 15 | 31 | 7 | 43 | 2 | 4 | 9 |
| ആകെ | 2447 | 434 | 150 | 137 | 156 | 233 | 60 | 144 | 12 | 16 | 55 |





# കൃഷി ജലസേചനം

1920–കളിലാണ് നമ്മുടെ പഞ്ചായത്തിൻെറ കാർഷിക മേഖലയിൽ ഗണ്യമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചത്. അധ്വാനശീലരായ കർഷകരുടെ കുടിയേറ്റത്തോടെ ആരംഭിച്ച ശക്തമായ മുന്നേറ്റങ്ങൾ കാർഷിക രംഗത്താകെ വമ്പിച്ച മാറ്റങ്ങൾക്കിടയാക്കി. കാടും പടലും നിറഞ്ഞു കിടന്നിരുന്ന വളക്കൂറുള്ള മണ്ണിൽ സമ്മിശ്ര കൃഷി രീതികൾ വിജയകരമായി പരീക്ഷിക്കുവാൻ അവർ തയ്യാറായി. നാണ്യവിളകളിൽ തെങ്ങിനായിരുന്നു പ്രഥമ സ്ഥാനം. കൂടാതെ കുരുമുളക്, കമുക്, കാപ്പി തുടങ്ങിയവയും സമ്പൂർണ്ണ സഹവർത്തിത്വത്തോടെ ഓരോ കൃഷിയിടത്തിലും നിറഞ്ഞു നിന്നു. മണ്ണിൻെറ കിടയറ്റ ഫലപുഷ്ടിയും കർഷകൻെറ തളരാത്ത അധ്വാനവും ഒരുമിച്ചു ചേർന്നപ്പോൾ ഭക്ഷ്യനാണ്യവിളകളുടെ ഉൽപാദന ക്ഷമത ഏറെ വർദ്ധിക്കുന്നതിനിടയായി. ഭക്ഷ്യാവശ്യത്തിനുള്ള സർവ്വതും – പച്ചക്കറികളും ധാന്യങ്ങളും കിഴങ്ങു വർഗ്ഗങ്ങളും – സ്വന്തം പുരയിടത്തിൽ തന്നെ ഉൽപാദിപ്പിക്കുവാൻ ഓരോ കൃഷിക്കാരനും കഴിഞ്ഞു.

ഏതാണ്ട് 1950–കളോടു കൂടി കാർഷിക രംഗത്ത് ആകെ തളർച്ച അനുഭവപ്പെടാൻ തുടങ്ങി. തെങ്ങിൽ നിന്നുള്ള ആദായം ക്രമേണ കുറഞ്ഞുവന്നു. തെങ്ങുകൾക്കുണ്ടായ പലവിധ രോഗബാധകൾ ഈ പ്രദേശങ്ങളിലെ കാർഷിക മേഖലക്ക് കനത്ത തിരിച്ചടിയായിരുന്നു. ഉൽപാദനക്ഷമത പാടെ നശിച്ച തെങ്ങുകളുടെ എണ്ണം വർഷം തോറും കൂടിവന്നു. കർഷകർക്ക് പിടിച്ചുനിൽക്കുവാൻ മറ്റു മാർഗ്ഗങ്ങൾ തേടേണ്ടിവന്നു. ഇതോടൊപ്പം തന്നെ കുരുമുളക്, കമുക്, കാപ്പി എന്നീ കൃഷികളിൽ നിന്നുള്ള ആദായവും ഗണ്യമായി കുറഞ്ഞു. കാർഷിക രംഗത്തുണ്ടായ ഈ തളർച്ച റബർ കൃഷിയുടെ വ്യാപനത്തെ ത്വരിതപ്പെടുത്തിയ മുഖ്യ ഘടകമാണ്. റബർ കൃഷി വ്യാപകമായതോടെ അതുവരെയും പ്രയോഗിച്ചു പരിചയിച്ച സമ്മിശ്ര കൃഷി രീതികളോട് വിട പറയേണ്ടി വന്ന കർഷകർക്ക് ഏകമുഖ കൃഷിയിൽ ആശ്രയം കണ്ടെത്തേണ്ടിവന്നു.

കാർഷിക രംഗത്ത് ഇന്നനുഭവപ്പെടുന്ന പ്രശ്നങ്ങളെക്കുറിച്ച് ചിന്തിക്കുന്നതിനു മുമ്പ് പഞ്ചായത്തിലെ കുടുംബങ്ങൾക്കുള്ള കൃഷി ഭൂമിയുടെ വിസ്തീർണ്ണത്തെക്കുറിച്ച് നാം മനസ്സിലാക്കേണ്ടതുണ്ട്. അതിനു സഹായിക്കുന്ന ഒരു പട്ടിക അന്യത്ര ചേർക്കുന്നു.

നാൽപ്പതു ശതമാനം കുടുംബങ്ങൾക്കും 10 സെൻറിൽ താഴെ ഭൂമിയാണ് സ്വന്തമായി ഉള്ളത്. ഭൂമിയില്ലാത്ത കുടുംബങ്ങൾ 2.1 ശതമാനമാണ്. രണ്ട് ഏക്കറിൽ കൂടുതൽ ഭൂമിയുള്ള കുടുംബങ്ങൾ 24.77 ശതമാനം വരും.

നമ്മുടെ പഞ്ചായത്തിൽ കാർഷിക മേഖലയെ സ്ഥായിയായ വികസനത്തിലേക്ക് നയിക്കുന്ന ഒരു വഴി തുറക്കുവാൻ നാം സ്വീകരിക്കേണ്ട കർമ്മ പരിപാടികൾ എന്തെല്ലാമാണ് ?കോട്ടയം ജില്ലയിൽ സമുദ്രനിരപ്പിൽ നിന്ന് ഏറ്റവും ഉയർന്ന ഭാഗങ്ങളും വൈവിധ്യമാർന്ന സസ്യങ്ങൾ കൊണ്ട് സമ്പന്നമായ മലമടക്കുകളും കുന്നിൻചെരുവുകളും താഴ്വരകളും നിറഞ്ഞ ഈ പ്രദേശത്തെ കർഷകർ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ ഏവ ? പ്രശ്ന പരിഹാരത്തിനു വേണ്ടി നമുക്ക് സ്വീകരിക്കുവാൻ കഴിയുന്ന മാർഗ്ഗങ്ങളും കർമ്മപരിപാടികളും ഏവ ? കാർഷിക വികസനം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിന് ശാസ്ത്രീയമായ ഒരു സമീപനം നാം അവലംബിക്കേണ്ടതുണ്ട്. ഇതിന് പ്രാദേശിക അടിസ്ഥാനത്തിലുള്ള ആസൂത്രണത്തിന് മുൻതൂക്കം നൽകേണ്ടിയിരിക്കുന്നു.

ഭൂമിയുടെയും വെള്ളത്തിൻെറയും ലഭ്യത മനസ്സിലാക്കി അനുയോജ്യമായ വിളക്രമവും കാർഷിക മുറകളും അനുബന്ധ പ്രവർത്തനങ്ങളും ചിട്ടയോടെ നടപ്പിലാക്കുക എന്നതാണ് ഈ രംഗത്ത് നമുക്ക് അനുവർത്തിക്കാൻ കഴിയുന്ന ശാസ്ത്രീയമായ സമീപനം. താഴെ ചേർക്കുന്ന വസ്തുതകളുടെ അടിസ്ഥാനത്തിൽ രൂപം നൽകുന്ന ഒരു കാർഷിക വികസന തന്ത്രത്തെക്കുറിച്ച് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

1. പഞ്ചായത്തിൻെറ വിവിധ മേഖലകളിൽ കാണുന്ന വ്യത്യസ്ത സ്വഭാവ ഗുണങ്ങളോടു കൂടിയ മണ്ണിൻെറ തരം തിരിക്കൽ, ജലസ്രോതസ്സുകൾ കണ്ടെത്തൽ, സസ്യ സമ്പത്ത് ഇവ മൂന്നിനെയും ശാസ്ത്രീയമായി യോജിപ്പിച്ചുകൊണ്ടുള്ള ഒരു സമീപനം കാർഷിക മേഖലയുടെ വളർച്ചക്ക് അനുപേക്ഷണീയമാണ്.

2. പഞ്ചായത്തിലെ കൃഷി ഭൂമിയിൽ 85 ശതമാനത്തിൽ ഏറെയും നിരന്തരം ഗുരുതരമായ മണ്ണൊലിപ്പ് ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്നു. ചെരിവു കൂടിയ കൃഷിയിടങ്ങളിൽ നിന്ന് ശക്തമായ വർഷപാതത്തിൻെറ ഫലമായി വളക്കൂറുള്ള അമൂല്യമായ മേൽമണ്ണ് നഷ്ടമായിക്കൊണ്ടിരിക്കുന്നു. മണ്ണൊലിപ്പിന് വിധേയമായ കൃഷിഭൂമിയിലെ കാർഷിക വിളകളുടെ ഉൽപാദനക്ഷമത അടിയ്ക്കടി ഗണ്യമായി കുറയുകയും ചെയ്യുന്നു. മണ്ണൊലിപ്പ് ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്നത് ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് വാർഡുകളിലും ആറ്,

## പഞ്ചായത്തിലെ കുടുംബങ്ങളുടെ കൃഷി ഭൂമി സംബന്ധിച്ച വിവരം

| വാർഡ് | ആകെ വീടുകൾ | കൃഷി വിവരം | | | | | |
|---|---|---|---|---|---|---|---|
| | | 10 സെന്റിൽ താഴെ | 10 സെ. മുതൽ 58 സെ. വരെ | 50 സെ.മുതൽ 1 ഏക്കർ വരെ | 1 ഏ. മുതൽ 2 ഏക്കർ വരെ | 2 ഏക്കറിനു മുകളിൽ | കൃഷി ഭൂമി യില്ലാത്തവർ |
| 1 | 321 | 52 | 81 | 64 | 64 | 49 | 5 |
| 2 | 289 | 52 | 81 | 48 | 38 | 53 | 10 |
| 3 | 218 | 5 | 37 | 76 | 54 | 38 | 1 |
| 4 | 296 | 49 | 60 | 40 | 36 | 83 | 8 |
| 5 | 232 | 42 | 35 | 22 | 23 | 71 | 3 |
| 6 | 288 | 117 | 32 | 23 | 26 | 75 | 14 |
| 7 | 259 | 52 | 49 | 10 | 33 | 91 | 3 |
| 8 | 249 | 77 | 38 | 20 | 35 | 72 | 1 |
| ആകെ | 2152 | 446 ~~859~~ | 413 | 303 | 309 | 532 | 45 |

ഏഴ് വാർഡുകളിലെ ഏതാനും മേഖലകളിലുമാണ്. എട്ടാം വാർഡിൽ ഉൾപ്പെട്ട കുരിശുങ്കൽ – ചെമ്മല റോഡിന്റെ പടിഞ്ഞാറു ഭാഗങ്ങളും മണ്ണൊലിപ്പ് ഭീഷണിയെ നേരിടുന്നു. നാലാം വാർഡിന്റെ പല ഭാഗങ്ങളും ഒന്ന്, അഞ്ച് വാർഡുകളിലെ ചില പ്രത്യേക പ്രദേശങ്ങളും ഉരുൾപൊട്ടൽ മേഖലകളാണ്. പഞ്ചായത്തിന്റെ ഏറ്റവും ഉയർന്ന പ്രദേശങ്ങൾ ഉൾപ്പെടുന്ന രണ്ടും മൂന്നും വാർഡുകളിൽ വർഷകാലത്ത് ഉണ്ടാകുന്ന മലവെള്ളപ്പാച്ചിൽ മൂലം വ്യാപകമായ മണ്ണിടിച്ചിലും കൃഷിനാശവും സംഭവിക്കുന്നു.

3. പഞ്ചായത്തിന്റെ സമ്പദ് ഘടനയെ നിയന്ത്രിക്കുന്ന മുഖ്യഘടകം റബർ കൃഷി തന്നെ. ഒന്ന്, നാല്, അഞ്ച്, ആറ്, ഏഴ്, എട്ട് വാർഡുകളിലെ മൊത്തം കൃഷിഭൂമിയുടെ ഏതാണ്ട് തൊണ്ണൂറ് ശതമാനം വരെ റബർ കൃഷി ചെയ്യപ്പെടുന്നു. രണ്ട് മൂന്ന് വാർഡുകളിൽ ചുരുക്കം ചിലയിടങ്ങളിൽ മാത്രം വളരെ പരിമിതമായ തോതിൽ റബ്ബർ കൃഷിചെയ്യുന്നു. സമുദ്ര നിരപ്പിൽ നിന്നുള്ള ഉയരകൂടുതലും കാലാവസ്ഥയുടെ പ്രത്യേകതയും മൂലം ഈ പ്രദേശങ്ങളിൽ റബറിന്റെ വളർച്ചയും ഉൽപ്പാദനക്ഷമതയും ശരാശരിയിൽ നിന്നും വളരെ താഴെയാണ്.

4. നമ്മുടെ പഞ്ചായത്തിലെ കർഷകരുടെ മുഖ്യ വരുമാന മാർഗ്ഗമായ റബർ കഴിഞ്ഞ മൂന്ന് നാല് ദശകക്കാലമായി ഇവിടത്തെ കാർഷിക മേഖലയിൽ ആധിപത്യം പുലർത്തിപ്പോരുന്നു. തെങ്ങും കമുകും കാപ്പിയും അതുപോലുള്ള മറ്റ് നാണ്യവിളകളും ഇടകലർന്ന സമ്മിശ്ര കൃഷിരീതി റബറിന് പൂർണ്ണമായും വഴിമാറിക്കൊടുത്തിരിക്കുന്നു. റബറിനെ മാത്രം ആശ്രയിച്ചുള്ള ഈ ഏകമുഖ കൃഷിരീതി ഉയർത്തുന്ന വെല്ലുവിളികളും പ്രശ്നങ്ങളും കണ്ടില്ലെന്ന് നടിക്കാൻ നമുക്കാവില്ല. ഇത്തരം ഏകമുഖ കൃഷിരീതിയിൽ ഒളിഞ്ഞിരിക്കുന്ന അപകടത്തെക്കുറിച്ച് നാം ബോധവാൻമാരാകേണ്ടതാണ്. ഒരു പുതിയ സാങ്കേതിക വിദ്യയുടെ ഫലമായി സ്വാഭാവിക റബറിനേക്കാൾ ഗുണം കൂടിയതും വിലകുറഞ്ഞതുമായ ഒരു പദാർത്ഥം കണ്ടുപിടിക്കപ്പെടുകായണെ

ങ്കിൽ റബറിൻെറ ഇന്നുള്ള വില ഗണ്യമായി കുറയുന്നതിനും ഡിമാൻഡ് ഇല്ലാത്ത ഒരു വസ്തുവായി അത് തള്ളപ്പെടുന്നതിനും ഇടയായേക്കാം. നഷ്ടമെന്ന് കണ്ടാൽ ഉടൻ മറ്റൊരു കൃഷിയിലേക്ക് മാറുക അത്ര എളുപ്പവുമല്ല. ഇത്തരം സാധ്യതകളും തന്മൂലമുണ്ടാകാവുന്ന സാമ്പത്തിക പ്രതിസന്ധികളും മുന്നിൽകണ്ടു കൊണ്ട് ഭാവനാപൂർണ്ണമായ കർമ്മ പരിപാടികൾക്ക് രൂപം നൽകേണ്ടതാണ്. ബഹുവിള കൃഷിരീതിയുടെ പ്രസക്തിയും പ്രാധാന്യവും അംഗീകരിച്ചുകൊണ്ട് നമ്മുടെ കൃഷിഭൂമിയിൽ സാധ്യമായ തോതിൽ റബർ ഇതര വിളകളും കൃഷി ചെയ്യേണ്ടതിൻെറ ആവശ്യകത ഇവിടെ സൂചിപ്പിക്കുന്നു.

5. റബർ കൃഷി മണ്ണിൻെറ ജൈവഘടനയിൽ സമൂലമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നു. അമിതമായ രാസവള പ്രയോഗം മണ്ണിലെ ജൈവാംശങ്ങളെ നശിപ്പിക്കുന്നു. മണ്ണിൻെറ അമ്ലത്വം കൂട്ടുന്നു. സൂക്ഷ്മാണുക്കളെ ഇല്ലായ്മ ചെയ്യുന്നു. ജലസംഭരണ ശേഷിയും പശിമയും ചോർത്തിക്കളയുന്നു. കൃഷിഭൂമിയിൽ നിന്നുള്ള ഉൽപ്പാദന വർധനവിൻെറ അടിസ്ഥാനം മണ്ണിൻെറ ഫലപുഷ്ടി വർദ്ധിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുന്നതിലാണ്. ജൈവ സമ്പത്തിന് കോട്ടം തട്ടാതെ നോക്കേണ്ടതുമുണ്ട്. രാസവള പ്രയോഗം മണ്ണിര പോലുള്ള ജീവികളെയും സൂക്ഷ്മാണുക്കളെയും നശിപ്പിക്കുന്നു. ഭൂമിയുടെ ഉപരിതലം ഊഷരമാക്കുന്നു. ചരലും മണലും നിറഞ്ഞ് ജലാംശം നഷ്ടപ്പെട്ട അവസ്ഥയിൽ കാണപ്പെടുന്നു. മഴക്കാലത്ത് ഭൂമിയിൽ പതിക്കുന്ന ജലം മണ്ണിൽ ആഴ്ന്നിറങ്ങാതെ ഉപരിതലത്തിലൂടെ വേഗത്തിലൊഴുകി പോകുന്നു. ഇതെല്ലാം കാർഷിക മേഖലയിലെ ഉൽപ്പാദനത്തെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ തന്നെ.

മേലുകാവ് പഞ്ചായാത്തിലെ പ്രധാന നാണ്യ – ഭക്ഷ്യ വിളകളെ കുറിച്ച് പറയുന്നതിന് മുൻപ് ഈ രംഗത്ത് നാം ഊന്നൽ നൽകേണ്ട ചില വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. വിവിധ വിളകളുടെ ഉൽപ്പാദനക്ഷമത പരമാവധി വർദ്ധിപ്പിച്ച് കൃഷി ആദായകരമായ ഒരു തൊഴിലാക്കി മാറ്റുക.
2. കാർഷിക വിളകളുടെ ശാസ്ത്രീയവും ലാഭകരവുമായ ഉൽപ്പാദന – സംസ്കരണ – വിപണന സംവിധാനങ്ങൾ കരുപ്പിടിപ്പിക്കുക.
3. ജൈവവളത്തിൻെറ ഉപയോഗം ക്രമമായി വർധിപ്പിക്കുക. മണ്ണിര കമ്പോസ്റ്റ് തുടങ്ങിയ ജൈവവളങ്ങളുടെ നിർമ്മാണത്തെക്കുറിച്ച് കൃഷിക്കാർക്ക് ആവശ്യമായ പരിശീലനം നൽകുക.
4. കീടനിയന്ത്രണത്തിനു വേണ്ടി വിഷ വിമുക്തമായതും പ്രാദേശിക തലത്തിൽ നിർമ്മിക്കാവുന്നതുമായ കീടനാശിനികളും പരിഹാരമാർഗ്ഗങ്ങളും കണ്ടെത്തുക.
5. ഏകവിള കൃഷിയെ അമിതമായി ആശ്രയിച്ചുകൊണ്ടുള്ള ഇപ്പോഴത്തെ രീതിക്ക് ആവശ്യമായ മാറ്റം വരുത്തുക.
6. തമ്മിലിണങ്ങുന്ന പലതരം വിളകൾ കൃഷി ചെയ്യുവാൻ ഭൂമി കണ്ടെത്തി അത്തരം വിളകളുടെ വ്യാപനത്തെ പ്രോൽസാഹിപ്പിക്കുക.
7. മണ്ണൊലിപ്പ് പൂർണ്ണമായി തടയുന്നതിനും ഓരോ കൃഷിയിടവും വളക്കൂറുള്ള മണ്ണു കൊണ്ട് സമ്പന്നമാക്കുന്നതിനും ആവശ്യമായ ഫലപ്രദമായ നടപടികൾ ആവിഷ്കരിക്കുക.

**റബർ:** – റബർ മുഖ്യ വരുമാനമാർഗ്ഗമായുള്ള ചെറുകിട – ഇടത്തരം – കർഷകരാണ് ഈ പഞ്ചായത്തിലുള്ളത്. അവരുടെ പ്രതിവർഷ വരുമാനത്തിൻെറ തോത് നിർണ്ണയിക്കപ്പെടുന്നത് രണ്ട് പ്രധാന ഘടകങ്ങളെ ആശ്രയിച്ചാണ്.

1. വർധിച്ച ഉൽപ്പാദനക്ഷമത (2). ഗുണം മേന്മയുള്ള ഷീറ്റ് റബറിൻെറ ഉൽപ്പാദനം. ഉൽപാദനക്ഷമതയുടെയും ഗുണമേന്മയുടെയും കാര്യത്തിൽ ഈ പ്രദേശത്തെ കർഷകർ എവിടെ നിൽക്കുന്നു ? ഇക്കാര്യത്തിൽ പരിഗണിക്കപ്പെടേണ്ട ചില വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. ശാസ്ത്രീയമായി പരിപാലിക്കപ്പെടുന്ന പക്ഷം ഏറ്റവും കൂടുതൽ ഉൽപാദനക്ഷമതയുള്ള തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് അനുയോജ്യമായ മണ്ണും കാലാവസ്ഥയും ഇവിടെയുണ്ട്. ഹെക്ടറിന് ഇന്നുള്ള ശരാശരി ഉൽപാദനം ആയിരം കിലോയിലും താഴെയാണ്. ഇത് 1250 കി. മുതൽ 2000 കിലോ വരെയെങ്കിലും ഉയർത്തുവാൻ കഴിഞ്ഞില്ലെങ്കിൽ അതു മൂലമുണ്ടാകുന്ന സാമ്പത്തിക നഷ്ടം ഗണ്യമായിരിക്കും.

2. പട്ടമരപ്പ് തുടങ്ങിയ രോഗങ്ങൾ മൂലം ഓരോ വർഷവും റബർ മരങ്ങൾ നശിക്കുന്നു. മഴയും കാറ്റും മൂലം നശിക്കുന്ന മരങ്ങളുടെ എണ്ണവും കുറവല്ല. സ്വതവേ ഉൽപ്പാദനക്ഷമത കുറഞ്ഞ ഒരു തോട്ടത്തിൽ മുൻസൂചിപ്പിച്ച ദ്വിമുഖ ആക്രമണങ്ങളുടെ ഫലമായി റബർ മരങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ കർഷകന് താങ്ങാവുന്നതിലും അധികമാവുന്നു.

3. ഈ മേഖലയിലെ പല തോട്ടങ്ങളിലേയും ടാപ്പിംഗ് രീതികൾ തികച്ചും അശാസ്ത്രീയമാണ്. തന്മൂലം ലഭിക്കേണ്ട റബർ പാലിൻെറ അളവിൽ ഗണ്യമായ കുറവു വരുന്നു. മരങ്ങളുടെ ഉൽപ്പാദനശേഷി അകാലത്തിൽ തന്നെ നിലച്ച മട്ടിലാവുന്നു.

4. റബർ കറയുടെ അശാസ്ത്രീയവും അലക്ഷ്യവും വെടിപ്പില്ലാത്തതുമായ സംസ്കരണത്തിൻെറ ഫലമായി ഗുണമേന്മയുള്ള ഷീറ്റുകൾ ഉണ്ടാക്കാൻ കഴിയാതെ വരുന്നു. എക്കാലത്തും ഗുണമേന്മയുള്ള ഷീറ്റുകൾ ഉണ്ടാക്കുന്ന കർഷകരുടെ ശതമാനത്തിൽ അധികരിക്കുന്നില്ല. നാമറിയാതെ തന്നെ നമ്മുടെ വരുമാനത്തിൽ വിള്ളലുകൾ സൃഷ്ടിക്കുന്ന ഇത്തരം പോരായ്മകൾ പരിഹരിക്കണം.

## വിള വിസ്തീർണ്ണവും ഉൽപാദനവും

| ക്രമ നമ്പർ | വിള | വിസ്തീർണ്ണം (ഹെക്ടറിൽ) | മൊത്തം ഉൽപ്പാദനം (ക്വിന്റലിൽ) | ഉൽപ്പാദനക്ഷമത (ഹെക്ടറിന്റി |
|---|---|---|---|---|
| 1 | നെല്ല് (ഒന്നാം വിള) | 12 | 150 | 12.5 |
| 2 | നെല്ല് (രണ്ടാം വിള) | 5 | 75 | 15 |
| 3 | പച്ചക്കറികൾ | 5 | 45 | 9 |
| 4 | വാഴ | 50 | 687 | 13.74 |
| 5 | മരച്ചീനി | 70 | 5200 | 74.25 |
| 6 | കുരുമുളക് | 10 | 50 | 5 |
| 7 | റബ്ബർ | 2000 | 15000 | 7.5 |
| 8 | കമുക് | 25 | 150 | 6 |
| 9 | കാപ്പി | 100 | 300 | 3 |
| 10 | കൊക്കൊ | 40 | 200 | 5 |
| 11 | ജാതി | 5 | 100 | 2 |
| 12 | തെങ്ങ് | 250 | 1000000 എണ്ണം | 4000 എണ്ണം |

5. പഞ്ചായത്തിന്റെ പരിധിക്കുള്ളിൽ ഇപ്പോൾ അഞ്ച് റബർ ഉൽപ്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നു. അവ മേലുകാവുമറ്റം, R.PS., കുരിശുകവല ജനത R.P.S., പയസ്മൗണ്ട് R.P.S., വാകക്കാട് R.P.S, ഇടമറുക് R.P.S. എന്നിവയാണ്. ആവശ്യമെങ്കിൽ കൂടുതൽ മേഖലകളിൽ അവിടത്തെ റബർ കർഷകരെ സംഘടിപ്പിച്ച് ഉൽപ്പാദക സംഘങ്ങൾ ആരംഭിക്കാവുന്നതാണ്.

റബർ മേഖലയിലെ പ്രശ്ന പരിഹാരത്തിന് താഴെ ചേർക്കുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. മികച്ച മാനേജ്മെൻറിലൂടെ സ്വാഭാവിക റബറിന്റെ വിവിധ ഘട്ടങ്ങളിലുള്ള അനാവശ്യമായ ഉൽപ്പാദന ചെലവു കുറക്കുക.

2. ടാപ്പർമാർക്ക് കാലാകാലങ്ങളിൽ വിദഗ്ധമായ ടാപ്പിംഗ് പരിശീലനം നൽകുക.

3. ഗുണമേന്മയുള്ള ഷീറ്റുകൾ ഉണ്ടാക്കുവാൻ ഓരോ കർഷകനും ആത്മാർത്ഥമായ പരിശ്രമം നടത്തുക. ഓരോ തോട്ടത്തെയും അത് എത്ര ചെറുതായിരുന്നാൽ തന്നെയും ഒരു വ്യവസായ യൂണിറ്റ് എന്ന പോലെ കരുതി തോട്ടത്തിലെ ഓരോ മരത്തിനും സവിശേഷമായ ശ്രദ്ധയും പരിചരണവും നൽകുക.

5. റെയിൻ ഗാർഡും ഷെയ്ഡുകളും ഉപയോഗിച്ച് മഴക്കാലത്തും ടാപ്പിംഗ് നടത്തുക.

6. തോട്ടത്തിൽ കൈയാലകളും നീർക്കുഴികളും നിർമ്മിക്കുക.

7. ആവർത്തനകൃഷിയും പുതുകൃഷിയും നടത്തേണ്ടി വരുമ്പോൾ റബർ കർഷകർ നേരിടുന്ന ചില പ്രശ്നങ്ങൾ ഉണ്ട്. റബർ ബോർഡിൽ നിന്ന് നൽകുന്ന സബ്സിഡി ഉറപ്പാക്കുന്നതിന് കൃഷിയിടങ്ങളിൽ നിൽക്കുന്ന ആഞ്ഞിലി തുടങ്ങിയ വൃക്ഷങ്ങൾ വെട്ടിമാറ്റുന്ന രീതി ബുദ്ധിപൂർവ്വമാണോയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

8. പഞ്ചായത്തുതലത്തിൽ റബർ വിപണനത്തിനുള്ള കാര്യക്ഷമമായ ഒരു സംവിധാനം സഹകരണ മേഖലയില് സൃഷ്ടിക്കുവാനുള്ള സാധ്യതകളെക്കുറിച്ച് പഠിക്കേണ്ടതാമ്.

9. റബർ തോട്ടങ്ങൾ ഇൻഷുറൻസിന്റെ പരിധിയിൽപ്പെടുത്തേണ്ടത് തികച്ചും ആവശ്യമാണ്. കാറ്റും മഴയും മൂലം മരങ്ങൾ നഷ്ടപ്പെടുന്നതിനെതിരെയുള്ള ഒരു സംരക്ഷണ നടപടിയെന്ന നിലയിൽ ഇത് കർഷകർക്ക് ഏറെ പ്രയോജനകരമാണ്.

10. റബർ തോട്ടങ്ങളിൽ തേനീച്ച വളർത്തൽ വിജയകരമായി നടത്താവുന്ന ഒരു തൊഴിലാണ്.

11. റബർ തോട്ടങ്ങളിൽ അനുയോജ്യമായ ഔഷധ സസ്യങ്ങൾ വച്ചു പിടിപ്പിക്കാവുന്നതാണ്.

മുഖ്യവരുമാനമാർഗമായ റബറിന്റെ ഉൽപാദനക്ഷമത ഇന്നത്തേതിൽ നിന്ന് കാര്യമായ തോതിൽ വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഉൽപാദനക്ഷമത കുറയുകയും കൃഷി ചെലവുകൾ കൂടുകയും ചെയ്യുന്ന ഒരു സാഹചര്യം പല കർഷകരെ സംബന്ധിച്ചും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഹെക്ടറിന് 750 കിലോ എന്നത് വളരെ കുറവാണ്. 1500 മുതൽ 2000 കിലോ വരെ ഉൽപ്പാദിപ്പിക്കുവാൻ കഴിയുംവിധം കൃഷി രീതികളിൽ ശാസ്ത്രീയമായ അറിവ് പ്രയോജനപ്പെടുത്തണം.

## മറ്റിനം കൃഷികൾ

തെങ്ങ്, കമുക്, കാപ്പി, കുരുമുളക, കൊക്കോ, ഏലം ഇത്യാദി വിളകളെല്ലാം തന്നെ നമ്മുടെ പഞ്ചായത്തിൽ റബറിനു വഴി മാറിക്കൊടുത്തിരിക്കുന്നു എന്നതാണ് വസ്തുത. തെങ്ങിന് മണ്ടരോഗം, കുരുമുളകിന് ദ്രുതവാട്ടം, കമുകിന് മാഹാളി, കാപ്പിക്ക് പൂപൊഴിയൽ, ഏലത്തിന് കൂമ്പുചീയൽ, വാഴക്ക് കൂമ്പടപ്പ് തുടങ്ങിയ രോഗങ്ങൾ ഈ വിളകളിൽ നിന്നുള്ള ഉൽപാദനത്തെ കാര്യമായി ബാധിക്കുന്നു. കാർഷികമേഖലയിൽ റബർ ആധിപത്യം നേടുന്നതിന് മുമ്പ് പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യവരുമാനം തെങ്ങിൽ നിന്നായിരുന്നു. ആ നില പാടെ മാറിയിരിക്കുന്നു. വീട്ടാവശ്യം കഴിഞ്ഞ് വിപണിയിൽ വിൽക്കാൻ നാളികേരം ലഭിക്കുന്ന കർഷകർ 10 ശതമാനതത്തിന് മേൽ ഉണ്ടെന്നു തോന്നുന്നില്ല. 60 വർഷത്തിനു മേൽ പ്രായം ചെന്ന ഉൽപാദനം ഏതാണ്ട് നിലച്ച തെങ്ങുകളാണ് 75 ശതമാനവും. രണ്ട്, മൂന്ന് വാർഡുകളൊഴിച്ചാൽ വളരെ പരിമിതമായ സാധ്യതകളാണ് തെങ്ങുകൃഷിക്ക് പഞ്ചായത്തിലുള്ളത്. ഈ നില തുടർന്നാൽ വീട്ടാവശ്യത്തിനുള്ള നാളികേരം വരെ വിപണിയിൽ നിന്നു വാങ്ങേണ്ട അവസ്ഥ സംജാതമായേക്കാം.

റബർ കൃഷിക്ക് ഉപയോഗിക്കാതെ ശേഷിച്ചിട്ടുള്ള ഭൂമിയിൽ അത്യുൽപാദ ശേഷിയുള്ള തെങ്ങിനങ്ങൾ വച്ചുപിടിപ്പിക്കാനുള്ള ഒരു ഊർജിത ശ്രമം ആവശ്യമാണ്.

റബർ കൃഷി താരതമ്യേന വളരെ കുറവുള്ള രണ്ട് മൂന്ന് വാർഡുകളിൽ തെങ്ങ് കൃഷി വ്യാപിപ്പിക്കുന്നതിന് ഒരു പദ്ധതി തയ്യാറാക്കാവുന്നതാണ്. ഇക്കാര്യത്തിൽ കൃഷി ഭവനിൽ നിന്നുള്ള എല്ലാ സഹായങ്ങളും കർഷകർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

## കാപ്പി

കാപ്പി കൃഷി പ്രധാനമായും രണ്ടും മൂന്നും വാർഡുകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഉയരം കൂടുതലുള്ള മലഞ്ചെരിവുകൾ നിറഞ്ഞ ഈ പ്രദേശം കാപ്പി കൃഷിക്ക് ഏറെ അനുയോജ്യമാണ്. റബർ കൃഷിക്ക് അത്രതന്നെ അനുയോജ്യമല്ലാത്ത ഈ പ്രദേശത്തെ കർഷകർക്ക് ആശ്രയിക്കാവുന്ന ഒരു നാണ്യവിളയാണ് കാപ്പി. ഇവിടെയുള്ള കാപ്പിച്ചെടികളിൽ നല്ല പങ്കും അനേകം വർഷം പഴക്കമുള്ളവയാണ്. തൻമൂലം ഉൽപാദനക്ഷമത വളരെ കുറഞ്ഞിരിക്കുന്നു. കാപ്പി കൃഷിയിലേർപ്പെട്ടിരിക്കുന്ന കർഷകർ ആവർത്തന കൃഷിയെക്കുറിച്ച് കാര്യമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഭാഗികമായിട്ടെങ്കിലും കൃഷിയിടങ്ങളിൽ നല്ല മുന്തിയ ഇനം കാപ്പിത്തൈകൾ വളർത്തിയെടുക്കാൻ കഴിയണം.

## കൊക്കോ

നമ്മുടെ മണ്ണിന് ഇണങ്ങിയതും കാലാവസ്ഥക്ക് അനുയോജ്യവുമായ കൊക്കോ കൃഷിക്ക് 1980 കാലഘട്ടത്തിൽ സംഭവിച്ച തിരിച്ചടി വിസ്മരിക്കുന്നില്ല. 1978 – 79 വർഷത്തിൽ കൊക്കോക്ക് ഉണ്ടായിരുന്ന റിക്കാർഡ് വിലയിൽ നിന്ന് പൊടുന്നനേ ഉണ്ടായ വിലക്കുറവിൽ നിരാശരായ ഒട്ടേറെ കർഷകർ നമ്മുടെ പഞ്ചായത്തിന്റെ മിക്കവാറും എല്ലാ മേഖലകളിലും പുഷ്ടിപ്രാപിച്ചു വന്ന കൊക്കോ മരങ്ങൾ വെട്ടി നീക്കുവാൻ നിർബന്ധിതരാവുകയുണ്ടായി. എന്നാൽ ഇന്നാവട്ടെ കൊക്കോക്ക് വിപണിയിൽ സാമാന്യം തൃപ്തികരമായ വില ലഭിക്കുന്നു.

താരതമ്യേന കൊക്കോ കൃഷി കർഷർക്ക് ഏറെ ആദായകരമാണ്. സസ്യസംരക്ഷണം വിളവെടുപ്പ് എന്നിങ്ങനെ കൃഷിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ചിലവ് നന്നേ കുറവാണ്. നേരിട്ട് സൂര്യപ്രകാശം ഏൽക്കാത്തതും വേനൽക്കാലത്ത് ജലസേചന സൗകര്യമുള്ളതുമായ ഭൂമിയിൽ കൊക്കോ തഴച്ചുവളരുകയും മൂന്ന്, നാല് വർഷമെത്തുമ്പോൾ കാച്ചു തുടങ്ങുകയും ചെയ്യും. രണ്ടും മൂന്നും വാർഡുകളിൽ കർഷകർക്ക് കാപ്പി തുടങ്ങിയ കൃഷികളോടൊപ്പം തന്നെ വിജയകരമായി ചെയ്യാനാവുന്ന ആദായകരമായ ഒരു കൃഷിയാണ് കൊക്കോ.

കമുക്, കുരുമുളക്, ഏലം തുടങ്ങിയ വിളകളും പരിമിതമായ തോതിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കൃഷി ചെയ്യപ്പെടുന്നുണ്ട്. പെരിങ്ങാലി, കോലാനി ഭാഗങ്ങളിൽ അവിടവിടെ ഏലം കൃഷി ചെയ്യുന്നു. റബർ ഒഴികെ മറ്റ് എല്ലാ വൃക്ഷങ്ങളിലും കുരുമുളക് വള്ളികൾ പടർത്താവുന്നതാണ്.

സ്ഥലപരിമിതിയും രോഗപരിമിതിയും മൂലം വാഴക്കൃഷി നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം തേടേണ്ടതുണ്ട്. റബർ ആവർത്തന കൃഷി നടത്തുന്ന ഭൂമിയിൽ വാഴ, കൈത തുടങ്ങിയ ഇടക്കാല വിളകൾ ആദായകരമായി കൃഷി ചെയ്യുന്ന രീതി വളർത്തിയെടുക്കാം. രണ്ട്, മൂന്ന് വാർഡുകളിൽ പുഷ്പകൃഷിക്ക് ഏറെ സാധ്യതകളുണ്ട്.

## പച്ചക്കറി കൃഷി

ആഹാരാവശ്യത്തിനു വേണ്ടിയുള്ള ഒരു കുടുംബത്തിന്റെ ചിലവിൽ നല്ലൊരു പങ്ക് പച്ചക്കറികൾക്കു വേണ്ടിയാണ്. ഒരു സാധാരണ കുടുംബം പ്രതിമാസം ശരാശരി ഏറ്റവും കുറഞ്ഞത് 400 രൂപയെങ്കിലും പച്ചക്കറികൾ വാങ്ങുന്നതിന് ചെലവിടുന്നു. ശരീരത്തിന് വ്യായാമവും മനസ്സിന് ഉല്ലാസവും ആരോഗ്യത്തിന് പോഷണവും നൽകുന്ന പച്ചക്കറി കൃഷിയുടെ പ്രാധാന്യത്തെപ്പറ്റി നാം ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു.

### പഞ്ചായത്തിലെ നാണ്യാവിളകൾ സംബന്ധിച്ച വിവരം

| വാർഡ് | റബ്ബർ | തെങ്ങ് | കാപ്പി |
|---|---|---|---|
| 1 | 25348 | 2437 | 1660 |
| 2 | 14722 | 2097 | 4489 |
| 3 | 9115 | 2439 | 876 |
| 4 | 45006 | 3371 | 2465 |
| 5 | 48989 | 688 | 988 |
| 6 | 38285 | 2216 | 856 |
| 7 | 42520 | 3228 | 1074 |
| 8 | 34060 | 2667 | 1771 |
| ആകെ | 258045 | 19143 | 14179 ~~21979~~ |

കൃഷിഭൂമിയുടെ ഏറിയ പങ്കും റബർ കൈയടക്കിയതോടെ പച്ചക്കറി കൃഷിക്കുള്ള ഭൂമിയുടെ ലഭ്യത നന്നേ കുറഞ്ഞു. പരമ്പരാഗത പച്ചക്കറി കൃഷികൾ നമ്മുടെ വീട്ടുവളപ്പുകളിൽ നിന്ന് ഏതാണ്ട് മുഴുവനായും അപ്രത്യക്ഷമായിരിക്കുന്നു. നാം ധാരളമായി കൃഷി ചെയ്ത് ഉൽപ്പാദിപ്പിച്ചിരുന്ന ചേന, കാച്ചിൽ, ചേമ്പ്, ചെറുകിഴങ്ങ് തുടങ്ങിയ കിഴങ്ങു വർഗങ്ങളും വെണ്ട, വഴുതന, മത്തൻ, കുമ്പളം, കോവൽ, പാവൽ എന്നിങ്ങനെയുള്ള പച്ചക്കറികളും ഉൽപ്പാദിപ്പിക്കുന്നതിൽ എന്തുകൊണ്ടോ കർഷകർ ശ്രദ്ധിക്കുന്നില്ലെന്നത് ഒരു ദുഃഖസത്യമാണ്. ഈ മേഖലയിൽ അലംഭാവം കൈവെടിഞ്ഞ് നിശ്ചയദാർഢ്യത്തോടെയുള്ള ഒരു മുന്നേറ്റത്തിന് നാം തയ്യാറാകേണ്ടതാണ്. അതിനുള്ള ഒരു തീവ്ര യത്ന പരിപാടിക്ക് പഞ്ചായത്ത് തലത്തിൽ രൂപം നൽകണം. ഇക്കാര്യത്തിൽ നമ്മുടെ പരിഗണനക്ക് വിധേയമാകേണ്ട ചില വസ്തുതകൾ ചുവടെ ചേർക്കുന്നു.

1. പച്ചക്കറി കൃഷി കൊണ്ടുള്ള സാമ്പത്തിക നേട്ടമാണ് നാം വിലയിരുത്തേണ്ട്. ഏതു തരത്തിൽപ്പെട്ട വരുമാനക്കാർക്കും ഒരു അധിക വരുമാനമാർഗ്ഗമെന്ന നിലയിൽ ഈ കൃഷിയെ കണക്കാക്കാം. സ്വന്തം ആവശ്യം കഴിഞ്ഞ് ബാക്കിയുള്ളത് കമ്പോളത്തിൽ വിറ്റ് പണമുണ്ടാക്കുവാനും കഴിയുന്നു.
2. കമ്പോളത്തിൽ നിന്നു ലഭിക്കുന്നതും നമ്മുടെ ആരോഗ്യത്തെ നാം അറിയാതെ കാർന്നു തിന്നുന്നതുമായ പച്ചക്കറികൾ നമ്മുടെ അടുക്കളയിൽ നിന്നും ഒഴിവാക്കുകയും ആവാം.
3. മേലുകാവ് ഗ്രാമ പഞ്ചായത്തിലെ ഏതാണ്ട് ആയിരത്തോളം വീടുകൾക്ക് എങ്കിലും ഏറ്റവും കുറഞ്ഞത് നാലോ അഞ്ചോ സെൻറ് സ്ഥലം വീതം പച്ചക്കറി കൃഷിക്കു വേണ്ടി വീട്ടുവളപ്പിൽ കണ്ടെത്താൻ പ്രയാസമുണ്ടാകില്ല. ഇരുപതോ മുപ്പതോ സെൻറു വരെ ഈയാവശ്യത്തിന് ഉപയോഗിക്കാൻ കഴിയുന്ന നിരവധി കുടുംബങ്ങളും പഞ്ചായത്തിലുണ്ട്.
4. ടെറസുകളിലും മുറ്റത്തും ചെടിച്ചട്ടികളിലും പ്ലാസ്റ്റിക് ചാക്കുകളിലും മണ്ണു നിറച്ച് പ്രത്യേക ഇനം പച്ചക്കറികൾ വളർത്തുന്നതിന് കഴിയും.
5. വെള്ളം കെട്ടി നിൽക്കാത്തതും സൂര്യപ്രകാശം വേണ്ടുവോളം ലഭിക്കുന്നതും നനയ്ക്കാൻ സൗകര്യമുള്ളതുമായ സ്ഥലമാണ് പച്ചക്കറി കൃഷിക്ക് ഏറ്റവും അനുയോജ്യമായിട്ടുള്ളത്. ഇത്തരത്തിൽപ്പെട്ട വളക്കൂറും നീർവാർച്ചയുമുള്ള സ്ഥലങ്ങൾ പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും വിശിഷ്യാ രണ്ട് മൂന്ന് വാർഡുകളിലും വേണ്ടുവോളമുണ്ട്.
6. പച്ചക്കറി കൃഷിയിൽ ജൈവവളത്തിന് പ്രാമുഖ്യം നൽകുക.
7. സസ്യ സംരക്ഷണ ജോലികൾ വീട്ടമ്മമാരെ സജീവ പങ്കാളികളാക്കുക.
8. കൃഷിഭവൻ, സഹകരണ ബാങ്കുകൾ, സന്നദ്ധ സംഘടനകൾ, ക്ലബ്ബുകൾ, വനിതാ സമാജങ്ങൾ എന്നിവയുടെ സമ്പൂർണ്ണ സഹകരണം ഇക്കാര്യത്തിൽ ഉറപ്പാക്കുക.
9. വീട്ടാവശ്യം കഴിഞ്ഞ് മിച്ചം വരുന്ന പച്ചക്കറികൾ വിപണനം ചെയ്യുന്നതിനുള്ള ഒരു സംവിധാനം രൂപപ്പെടുത്തുക.
10. ജൈവവള പ്രയോഗത്തെക്കുറിച്ച് കർഷകരെ ബോധവാൻമാരാക്കുക.

മണ്ണിര കമ്പോസ്റ്റ് നിർമാണ രീതികളിൽ കർഷകർക്ക് പരിശീലനം നൽകുക.

11. പച്ചക്കറി കൃഷിയെ ബാധിക്കുന്ന കീട ബാധകളെക്കുറിച്ചും അവയുടെ ആക്രമണത്തിനെതിരെ സ്വീകരിക്കേണ്ട നിയന്ത്രണ നടപടികളെക്കുറിച്ചും കർഷകർക്ക് ആവശ്യമായ അറിവുകൾ നൽകുക.
12. നമ്മുടെ പഞ്ചായത്തിലെ പ്രത്യേക കാർഷിക സാഹചര്യങ്ങൾക്കിണങ്ങുന്ന അത്യുൽപ്പാദനശേഷിയുള്ള നിരവധി പച്ചക്കറി വിത്തുകൾ കേരള കാർഷിക സർവകലാശാലയുടെ മണ്ണുത്തിയിലുള്ള വിജ്ഞാന വിപണന കേന്ദ്രത്തിൽ നിന്നും ലഭ്യമാണ്.

വഴുതന, മുളക്, ചീര, പയർ, വെണ്ട, പാവൽ, വെള്ളരി, പടവലം, മഞ്ഞൾ, തക്കാളി തുടങ്ങിയവ അവയിൽ ചിലതാണ്.

പഞ്ചായത്ത് തലത്തിൽ പച്ചക്കറി കൃഷി വികസന പ്രവർത്തനങ്ങളുടെ ആദ്യപടിയെന്ന നിലയിൽ വാർഡ് അടിസ്ഥാനത്തിൽ താൽപര്യമുള്ള കർഷകരുടെയും വീട്ടമ്മമാരുടെയും യോഗങ്ങൾ വിളിച്ചുകൂട്ടി കൃഷിരീതികളെപ്പറ്റിയുള്ള അടിസ്ഥാന വിവരങ്ങൾ നൽകേണ്ടതാണ്.

ഇത്തരം പ്രവർത്തനങ്ങളുടെ ഏകീകരണത്തിന് ഒരു കാർഷിക വികസന സമിതിക്ക് രൂപം നൽകണം.

തുടർവിള എന്ന നിലയിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, തരിശായി കിടക്കുന്ന ഭൂമിയിൽ പാട്ടത്തിന് തൊഴിൽ രഹിതരായ യുവതീയുവാക്കളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കൃഷി, പുരയിട കൃഷിയുടെ ഭാഗമായി ഓരോ വീട്ടിലും അടുക്കള തോട്ടം, വിദ്യാലയങ്ങളിൽ പച്ചക്കറി തോട്ടം എന്നിങ്ങനെ പല പദ്ധതികളും തന്ത്രങ്ങളും പച്ചക്കറി കൃഷി വ്യാപനത്തിനു വേണ്ടി സമിതിക്ക് നടപ്പിലാക്കാവുന്നതാണ്.

## ജലസേചനം

നമ്മുടെ പഞ്ചായത്തിലെ ജലസ്രോതസ്സുകളും കുളങ്ങളും തോടുകളും എല്ലാം ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്നു. മഴക്കാലത്ത് വെള്ളക്കെട്ടും വേനൽക്കാലത്ത്

വരൾച്ചയും എന്ന സ്ഥിതിവിശേഷമാണ് നാം നേരിടുന്നത്.

ജലസേചനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വാർഡ് തലത്തിൽ തന്നെ ആസൂത്രണം ചെയ്യണം. ഇതിനായി വികസന സമിതിയുടെ നേതൃത്വത്തിൽ വാർഡിലെ മുഴുവൻ തോടുകളും പൊതുകുളങ്ങളും ജലസ്രോതസ്സുകളും പരിശോധിച്ച് വിശദമായ ഒരു അവലോകന റിപ്പോർട്ട് തയ്യാറാക്കണം. ഓരോന്നിനും ആവശ്യമായ അറ്റകുറ്റപ്പണികൾ എന്ത് ? ആയതിന് എന്തൊക്കെ നിർമ്മാണ വസ്തുക്കൾ ആവശ്യമാണ് ? എത്ര പേരുടെ അദ്ധ്വാനം വേണ്ടി വരും ? എന്നിങ്ങനെയുള്ള വിശദാംശങ്ങൾ അതിലുണ്ടാകണം.

നമ്മുടെ പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലും കടുത്ത വേനലിലും വറ്റാത്ത വെള്ളം ലഭിക്കുന്ന കിണറുകൾ ധാരാളമുണ്ട്. പച്ചക്കറി കൃഷിക്ക് നേരിടേണ്ടി വരുന്ന ഏറ്റവും വലിയ വെല്ലുവിളി വേനൽക്കാലത്ത് അനുഭവപ്പെടുന്ന ജലദൗർലഭ്യമാണ്. വേനൽക്കാലത്തും ജലസമൃദ്ധമായ കിണറുകളിൽ നിന്നും പമ്പുസെറ്റുകൾ ഉപയോഗിച്ച് ജലസേചനം നടത്താവുന്നതാണ്. പമ്പുസെറ്റുകൾ വാങ്ങുന്നതിന് കൃഷി ഡിപ്പാർട്ട്മെൻറ് കൃഷി ഭവനുകൾ വഴി സബ്സിഡികൾ നൽകാറുണ്ട്. തടയണകൾ നിർമ്മിച്ച് സമീപവാസികളായ കർഷകർക്ക് വെള്ളം പമ്പു ചെയ്ത് കൃഷിയിടങ്ങൾ നനയ്ക്കാവുന്നതാണ്. ■

**വേണം നമുക്കൊരോ വീടിനും**
**ഒരു കൊച്ചടുക്കളത്തോട്ടം**
**ഒരൗഷധച്ചെടി ഒരു വാഴയെങ്കിലും**







# മൃഗസംരക്ഷണം



മൃഗസംരക്ഷണ - ക്ഷീരോൽപാദന മേഖലകളിൽ കഴിഞ്ഞ കാൽ നൂറ്റാണ്ടിനുള്ളിൽ കേരളത്തിന് കൈവരിക്കുവാൻ കഴിഞ്ഞ പുരോഗതിക്കൊപ്പമെത്തുവാൻ നമ്മുടെ പഞ്ചായത്തിലെ കർഷകർക്ക് കഴിഞ്ഞിട്ടുണ്ടോയെന്ന് നാം പരിശോധിക്കേണ്ടതാണ്. പഞ്ചായത്തിലെ മൃഗ സമ്പത്തിന്റെ ഉടമകളിൽ ബഹുഭൂരിപക്ഷവും ചെറുകിട കർഷകരും കർഷക തൊഴിലാളികളുമാണ്. മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ഏതു പുരോഗതിയും ഗ്രാമീണ സമ്പദ്ഘടനയെ കൂടുതൽ സമ്പുഷ്ടമാക്കുമെന്ന കാര്യത്തിൽ സംശയമില്ല. സ്ത്രീകളുടെ പങ്കാളിത്തം ഗണ്യമായി ഉറപ്പാക്കാവുന്ന ഒരു മേഖല കൂടിയാണിത്.

1994-ലെ കന്നുകാലി സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ സങ്കര വർഗ്ഗത്തിൽപ്പെട്ട കന്നുകാലികളുടെ എണ്ണം മുൻവർഷങ്ങളെ അപേക്ഷിച്ച് ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കൃത്രിമ ബീജസങ്കലനം വഴി ഉണ്ടാക്കുവാൻ കഴിഞ്ഞ മേൽത്തരം ജനുസ്സുകളുടെ ആവിർഭാവത്തോടു കൂടിയാണിത് സാധ്യമായത്. സങ്കരവർഗ്ഗത്തിൽപ്പെട്ട ആടുകൾ, കോഴി, പന്നി എന്നിവയുടെ എണ്ണത്തിലും വർധന ഉണ്ടായിട്ടുണ്ട്. പാൽ ഉൽപാദനം വർദ്ധിച്ചിട്ടുണ്ടെങ്കിലും അതിനനുസൃതമായി വിപണനത്തിൽ കാര്യമായ പുരോഗതിയുണ്ടായിട്ടില്ല. കാര്യക്ഷമമായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ അഭാവം ഈ മേഖലയിലെ ഒരു ന്യൂനതയാണ്. സഹകരണ സംഘങ്ങളുടെ അഭാവം മൂലം മൃഗസംരക്ഷണ വകുപ്പു വഴി നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി നമ്മുടെ പഞ്ചായത്തിൽ നടപ്പാക്കുവാൻ കഴിഞ്ഞിട്ടില്ല. നിലവിലുള്ള മൂന്ന് ക്ഷീരവ്യവസായ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കേണ്ടതാണ്. പഞ്ചായത്തിലെ ഉൽപ്പാദന ശേഷിയുള്ള മുഴുവൻ കന്നുകാലികളെയും ഇൻഷ്വർ ചെയ്യാനുള്ള പ്രവർത്തനങ്ങൾക്ക് സംഘങ്ങൾ നേതൃത്വം നൽകണം. തൊഴിൽ രഹിതരായ സ്ത്രീകളെ മൃഗസംരക്ഷണ പ്രവർത്തനങ്ങളിൽ ആഭിമുഖ്യമുള്ളവരാക്കി വനിതാ സഹകരണ സംഘങ്ങൾ ആരംഭിക്കാവുന്നതാണ്.

മലകളും താഴ്വരകളും നിറഞ്ഞ നമ്മുടെ പഞ്ചായത്തിൽ ആടു വളർത്തലിന് വിപുലമായ സാധ്യതകളാണ് ഉള്ളത്. തരിശായി കിടക്കുന്ന ഭൂമിയിൽ സുബാബുൾ, പ്ലാവ് മുതലായ വൃക്ഷതൈകളും പോഷക സമ്പന്നമായ ഗിനി, നേപ്പിയൽ ചോളം തുടങ്ങിയ പുല്ലിനങ്ങളും വച്ചുപിടിപ്പിക്കാവുന്നതാണ്. പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും സംശുദ്ധമായ മാംസം വിതരണം ചെയ്യുന്നതിനു വേണ്ടി ശാസ്ത്രീയമായി സംവിധാനം ചെയ്ത ഒരു അറവുശാല സ്ഥാപിക്കാവുന്നതാണ്.

## ക്ഷീരവികസന വകുപ്പ് മുഖേന 1992–93 സാമ്പത്തികവർഷം മുതൽ മേലുകാവ് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ ക്ഷീരവികസനപ്രവർത്തനങ്ങളുടെ വിശദവിവരം

| | പദ്ധതിയുടെ പേര് | സാമ്പത്തിക വർഷം | ഗുണഭോക്താക്കളുടെ എണ്ണം | ധനസഹായ തുക | ആകെ |
|---|---|---|---|---|---|
| 1 | നാടൻ ക്ഷീരോൽ പാദനയൂണിറ്റ് | 1995–96 | 2 | 21750/– | 43500/– |
| 2 | വാണിജ്യാടിസ്ഥാന പുൽകൃഷി വികസനം | 1996–97 | 1 | 15000/– | 15000/– |
| 3 | മാതൃകാ കലിത്തൊഴുത്ത് നിർമ്മാണം | 1994–95<br>1995–96<br>1996–97 | 2<br>4<br>9 | 333/–<br>1250/–<br>1250/– | 666/–<br>5000/–<br>11250/– |
| 4 | ഹേ(കച്ചി) നിമ്മാണം | 1993–94 | 8 | 100/– | 800/– |
| 5 | വൈക്കോൽ സമ്പുഷ്ടീകരണപദ്ധതി<br>1. വാർഷികപദ്ധതി<br>2. കേന്ദ്രസഹായ പദ്ധതി | 1992–93<br>1995–94 | 2<br>22 | 200/–<br>500/– | 400/–<br>11000/– |
| 6 | ബ്ലോക്ക് ക്ഷീരോൽസവം | 1993–94 | 1 | 750/– | 750/– |
| 7 | സൈലേജ് നിർമ്മാണം. | 1992–93 | 1 | 625/– | 625/– |
| 8 | കർഷക സമ്പർക്ക പരിപാടി ക്ഷീരവികസന സെമിനാർ ക്ഷീരോൽപ്പന്നനിർമ്മാണ പരിശീലന ക്ലസ്. | 1993–94<br>1994–95<br>1995–96<br>1996–97 | 4<br>3<br>3<br>4 | 300/–<br>300/–<br>300/–<br>300/– | 1200/–<br>900/–<br>900/–<br>1200/– |
| 9 | കറവപശുവിതരണം | 1996–97 | 10 | 3000/– | 30000/– |
| 10 | പുൽകൃഷി വികസനം | 1992–93<br>1993–94<br>1994–95<br>1995–96<br>1996–97 | വിസ്തീർണ്ണം<br>5.3 ഹെക്ട്<br>8.2 ഹെക്ട്<br>10.1 ഹെക്ട്<br>3 ഹെക്ട്<br>3.7 ഹെക്ട് | | |
| 11 | പുൽകൃഷി | 1992–93<br>1993–94<br>1994–95<br>1995–96<br>1996–97 | 0.8 ഹെക്ട്<br>2 ഹെക്ട്<br>3 ഹെക്ട്<br>3 ഹെക്ട്<br>2 ഹെക്ട് | 500/–<br>500/–<br>1000/–<br>1000/–<br>1000/– | 400/–<br>1000/–<br>3000/–<br>3000/–<br>2000/– |

## പഞ്ചായത്തിലെ ആകെ വളർത്തുമൃഗങ്ങളുടെ എണ്ണം

| വാർഡ് | പശു | എരുമ | ആട് | കോഴി | പട്ടി | പന്നി |
|---|---|---|---|---|---|---|
| 1 | 151 | | 105 | 1617 | 191 | 72 |
| 2 | 128 | | 164 | 915 | 182 | 63 |
| 3 | 83 | | 93 | 797 | 141 | 16 |
| 4 | 55 | 1 | 90 | 1292 | 210 | 31 |
| 5 | 102 | 6 | 71 | 948 | 116 | 12 |
| 6 | 156 | 1 | 83 | 1221 | 112 | 18 |
| 7 | 194 | 2 | 85 | 1262 | 162 | 29 |
| 8 | 146 | 1 | 56 | 1413 | 145 | 38 |
| ആകെ | 1015 | 11 | 747 | 9465 | 1259 | 279 |

നമ്മുടെ പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖല അഭിമുഖീകരിക്കുന്ന കാതലായ പ്രശ്നങ്ങൾ എന്തൊക്കെയാണ്.

1. ഈ മേഖലയിലേക്ക് കടന്നുവരാനുള്ള അഭ്യസ്ഥവിദ്യരുടെ വിമുഖത.
2. ധനകാര്യ വായ്പാ സ്ഥാപനങ്ങൾ കാണിക്കുന്ന താൽപ്പര്യക്കുറവ്.
3. തീറ്റപ്പുൽ കൃഷിയിൽ ഉണ്ടായ മാന്ദ്യത
4. പോഷക മൂല്യമുള്ള കാലിത്തീറ്റക്ക് അടുത്തകാലത്തുണ്ടായ വിലവർദ്ധനവ്.
5. ഉൽപ്പാദന ക്ഷമത കുറഞ്ഞ നാടൻ ഇനങ്ങളിൽപ്പെട്ട കന്നുകാലികൾ

### സ്വീകാര്യമായ ചില നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ തരിശുഭൂമികളിലോ പാട്ടത്തിനെടുത്ത സ്വകാര്യ ഭൂമിയിലോ തീറ്റപ്പുല്ല് കൃഷി ചെയ്ത് ആവശ്യാനുസരണം കർഷകർക്ക് വിതരണം ചെയ്യാവുന്നതാണ്.
2. നിലവിലുള്ള പശുക്കളുടെ ഉൽപ്പാദന ക്ഷമത കൂട്ടുവാനുള്ള നടപടികൾ സ്വീകരിക്കുക.
3. പഞ്ചായത്തിലെ അത്യുൽപാദന ശേഷിയുള്ള എല്ലാ പശുക്കളെയും മാസ്റ്റർ പോളിസിയുടെ കീഴിൽ കൊണ്ടു വരുന്നത് അഭികാമ്യമായിരിക്കും. ഇതിലേക്ക് വേണ്ടി വരുന്ന തുകയുടെ നിശ്ചിത ശതമാനം പഞ്ചായത്ത് വഹിക്കേണ്ടതാണ്.
4. കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാലിൻെറ അളവിന് അനുസൃതമായി സബ്സിഡി നൽകണം. മൊത്തം കാലിത്തീറ്റക്ക് വരുന്ന ചെലവിൻെറ 25 ശതമാനം എങ്കിലും ഇത്തരത്തിൽ നൽകാവുന്നതാണ്.

5. പഞ്ചായത്തിലെ എല്ലാ പശുക്കുട്ടികളെയും രജിസ്റ്റർ ചെയ്ത് കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകുക.

ക്ഷീരവികസന വകുപ്പ് മുഖേന 1992-93 സാമ്പത്തിക വർഷം മുതൽ മേലുകാവ് ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ ക്ഷീരവികസന പ്രവർത്തനങ്ങളുടെ വിശദവിവരങ്ങൾ അന്യത്ര ചേർത്തിരിക്കുന്നു.

നാടൻ ജനുസ്സുകളിൽപ്പെട്ട ആടുകളെയും പന്നികളെയും വളർത്തുന്ന നിരവധി വീടുകൾ പഞ്ചായത്തിൻെറ എല്ലാ വാർഡുകളിലുമുണ്ട്. ഇവയിൽ നിന്നും കാര്യമായ സാമ്പത്തികലാഭം കർഷകന് ലഭിക്കുന്നുണ്ടെന്നു പറയുക വയ്യ. നല്ലയിനം ആടുകളെയും പന്നികളെയും ശാസ്ത്രീയമായ രീതിയിൽ വളർത്തുവാൻ കഴിഞ്ഞാൽ ഇതൊരു ആദയകരമായ തൊഴിലാക്കി വികസിപ്പുക്കുവാൻ കഴിയുമെന്നതിൽ സംശയമില്ല.

കോഴി വളർത്തൽ മിക്കവാറും എല്ലാ വീടുകളിലുമുണ്ട്. പക്ഷെ നല്ലയിനം കോഴികൾ തുലോം കുറവാണ്. വാണിജ്യാടിസ്ഥാനത്തിൽ മാംസത്തിനും മുട്ടയ്ക്കും വേണ്ടി നടത്തപ്പെടുന്ന കോഴി വളർത്തൽ യൂണിറ്റുകൾ പഞ്ചായത്തിലില്ല. ഇത്തരത്തിലുള്ള ഒരു യൂണിറ്റ് ലാഭകരമായി നടത്തുന്നതിനുള്ള എല്ലാ സാധ്യതകളുമുണ്ട്. വീട്ടുവളപ്പിൽ കോഴി വളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന് മൃഗസംരക്ഷണ വകുപ്പിൽ നിന്നും നൽകുന്ന സാമ്പത്തിക സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.

നമ്മുടെ പഞ്ചായത്തിലെ സാധ്യതയുള്ള മേഖലകൾ കണ്ടുപിടിച്ച് ആട് - പന്നിവളർത്തലുകൾക്ക് കർഷകരുടെ ഇടയിൽ പ്രചാരണം നൽകാവുന്നതാണ്.

## ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ

പഞ്ചായത്തിൽ മൂന്ന് ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ നിലവിലുണ്ട്.

1. മേലുകാവ് ക്ഷീര വ്യവസായ സഹകരണ സംഘം No. 450 D - വാർഡ് VIII.
2. കോലാനി ക്ഷീര വ്യവസായ സഹകരണ സംഘം - വാർഡ് II
3. പയസ്മൗണ്ട് ക്ഷീര ഉൽപാദക സംഘം - വാർഡ് VII

രണ്ടു സംഘങ്ങളും പരിമിതമായ തോതിൽ അംഗങ്ങളിൽ നിന്നും പാൽ സംഭരിക്കുന്നുണ്ട്. പ്രാദേശിക വിൽപ്പന കഴിഞ്ഞ് മിച്ചം വരുന്ന പാൽ മിൽമക്ക് നൽകുന്നു. ലിറ്ററിന് ശരാശരി 7 രൂപ 25 പൈസയാണ് സംഘത്തിന് മിൽമ നൽകുന്നത്. ലിറ്ററിന് 12 രൂപക്ക് ആണ് സംഘം ലോക്കൽ വിൽപന നടത്തുന്നത്. ശരാശരി ലിറ്ററിന് 10 രൂപ പ്രകരാം ഉൽപാദകർക്ക് ലഭിക്കുന്നു. മൂന്ന് സംഘങ്ങളും സാമ്പത്തികമായി ഒട്ടേറെ ബുദ്ധിമുട്ടുകൾ നേരിടുന്നു. സംഘങ്ങളോടുള്ള മിൽമയുടെ സമീപനത്തിൽ മാറ്റം വരുത്തുകയും സംഘങ്ങളിൽ നിന്ന് അവർ വാങ്ങുന്ന പാലിൻെറ വില വർധിപ്പിക്കുകയും ചെയ്യുകയാണ് ഇതിനുള്ള ഏക പോംവഴി.

## മൃഗാശുപത്രി

19-10-1975-ൽ സ്ഥാപിതമായ മേലുകാവ് മൃഗാശുപത്രി ഇപ്പോഴും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. കെട്ടിടം പണിയുന്നതിന് പൊതുജനങ്ങളിൽ നിന്ന് സംഭാവന വഴി ലഭിച്ച തുക കൊണ്ട് സ്ഥലം വാങ്ങിയിട്ടു നാളുകൾ ഏറെയായി. ഇനിയും കാലതാമസം കൂടാതെ അവിടെ കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. മൃഗങ്ങളുടെ രോഗനിർണ്ണയത്തിനാവശ്യമായ ആധുനിക രീതിയിലുള്ള ലബോറട്ടറി, ടെലിഫോൺ, റഫ്രിജറേറ്റർ തുടങ്ങിയ സൗകര്യങ്ങൾ അടിയന്തരമായി ലഭ്യമാക്കേണ്ടതാണ്. മൃഗാശുപത്രി അപ്ഗ്രേഡ് ചെയ്യണം. പഞ്ചായത്തിൻെറ വിദൂര മേഖലകളിലുള്ള കന്നുകാലികൾക്ക് യഥാസമയം കുത്തിവയ്പ്പ് നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഉപകേന്ദ്രങ്ങൾ ആരംഭിച്ച് മൃഗസമ്പത്തിനെ സംരക്ഷിക്കണം.



# സംസ്കാരം

കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ഒരു സാംസ്കാരിക പൈതൃകമാണ് മേലുകാവ് പഞ്ചായത്തിൽ വസിക്കുന്ന വിവിധ ജനവിഭാഗങ്ങൾക്ക് ലഭിച്ചിട്ടുള്ളത്. തന്മൂലം കലാസാഹിത്യ സാംസ്കാരികരംഗങ്ങളിൽ എടുത്തുപറയത്തക്ക വിധത്തിലുള്ള ഈട്വയ്പ്പുകളൊന്നും തന്നെ നമുക്കില്ല. പുറംലോകവുമായി അത്രയൊന്നും ബന്ധപ്പെടാത്ത ഒറ്റപ്പെട്ട ഒരു ജീവിതരീതിയാണ് ഏതാണ്ട് 1950കൾ വരെ ഈ പ്രദേശത്തുള്ള ജനങ്ങൾ പിൻതുടർന്നുപോന്നത്. കലാസാംസ്കാരിക മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ആരുംതന്നെ കഴിഞ്ഞ തലമുറകളിൽ ഉണ്ടായിരുന്നില്ല.

ഇന്ന് സ്ഥിതിയാകെ മാറിയിട്ടുണ്ട്. പുത്തൻ ആശയങ്ങളും ചിന്താസരണികളും ജനങ്ങളിൽ സ്വാധീനം ചെലുത്തുവാൻ തുടങ്ങിയിട്ടുണ്ട്. മേലുകാവ് പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം സാംസ്കാരികരംഗത്ത് ഒരു നവോത്ഥാനത്തിന്റെ കാഘട്ടമാണിത്. ഫാസിസ്റ്റ് വർഗ്ഗീയ പിന്തിരിപ്പൻ ശക്തികളുടെ കടന്നുകയറ്റം നമ്മുടെ ദേശീയതയ്ക്കും രാഷ്ട്രത്തിന്റെ കെട്ടുറപ്പിനും ഭീഷണികൾ ഉയർത്തുന്ന ഈ ദശാസന്ധിയിയിൽ സാംസ്കാരിക ബൗദ്ധിക മണ്ഡലങ്ങളിൽ ഫലപ്രദമായ ബോധവൽക്കരണവും ആശയ പ്രചാരണവും നടക്കേണ്ടതുണ്ട്. ആയതിന് നമ്മുടെ സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും കരുത്തുറ്റതാക്കിത്തീർക്കുകയും വേണം. വരും കാലങ്ങളിൽ നമുക്ക് മുനികളെപ്പോലെ ചിതൽപുറ്റുകളിൽ ഒളിച്ചിരിക്കാനാവില്ല. നമ്മുടെ സമൂഹത്തിലും രാജ്യത്തിലും നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ കണ്ണുതുറന്നുകാണുന്നതിനും അപഗ്രഥിക്കുന്നതിനും അവയോട് യഥാസമയം പ്രതികരിക്കുന്നതിനും നാം പഠിക്കേണ്ടിയിരിക്കുന്നു.

ആരാധനാലയങ്ങളിലെ ഉത്സവങ്ങളോട് ബന്ധപ്പെട്ട് ഈ പ്രദേശങ്ങളൽ രൂപംകൊണ്ട ഒരു കലാരൂപമാണ് തമ്പേറ്. ഈ കലയിൽ വൈദഗ്ധ്യം സിദ്ധിച്ച കലാകാരന്മാർ പുരാതനകാലം മുതൽക്കേ ഇവിടെയുണ്ട്. മേലുകാവ്മറ്റം സെന്റ് തോമസ് പള്ളിയിലെയും എള്ളുംപുറം സെന്റ് മത്യാസ് ചർച്ചിലെയും പെരുന്നാളുകളും കല്ലുവെട്ടം, കുളത്തിക്കണ്ടം ക്ഷേത്രങ്ങളിലെ ഉത്സവങ്ങളും അനേകം പേരെ ആകർഷിക്കുന്നു.

വളരെയേറെ മെയ് വഴക്കവും പരിശീലനവും ആവശ്യമുള്ള പരിചമുട്ട് കളിയിൽ പ്രവിണ്യം സിദ്ധിച്ചിരുന്ന കലാകാരന്മാരുടെ ഒരു സംഘം മുമ്പ് ഇവിടെ ഉണ്ടായിരുന്നു. മേലുകാവ്മറ്റം സെന്റ് തോമസ് ദേവാലയത്തിലെ പ്രദക്ഷിണവേളയിൽ,

*"എട്ടുനാടും കീർത്തിപ്പെട്ട*
*കണ്ടത്തിൻകരപള്ളിതന്നിൽ*
*ഇമ്പമോടെ വാണരുളും*
*തോമ്മാശ്ലീഹായെ"*

എന്ന ഗാനത്തോടെ തുടങ്ങിയിരുന്ന പരിചമുട്ടുകളി അക്കാലത്തെ വലിയ ഒരു ആകർഷണമായിരുന്നു. മേലുകാവുമറ്റംപള്ളി അന്ന് കണ്ടത്തിൻകരപള്ളി എന്നും അറിയപ്പെട്ടിരുന്നു. ഉത്സവഘോഷയാത്രകളിൽ കാവടിയാട്ടവും ഗരുഡൻ പറവയും അതിവിദഗ്ധമായി അവതരിപ്പിക്കുന്നവരും ഇവിടെയുണ്ട്. അതി പ്രാചീന കാലം മുതൽ ഈ പ്രദേശങ്ങളിലെ കർഷകരുടെ നിത്യജീവിതമുമായി ബന്ധപ്പെട്ടിരുന്ന കായികാധ്വാനം ആവശ്യമായിരുന്ന ജോലികൾ ചെയ്യുന്നതിന് 'മാറ്റാൾ' 'പൂണ്ടൻ' എന്നിങ്ങനെ അറിയപ്പെട്ടിരുന്ന സമ്പ്രദായമാണ് സ്വീകരിച്ച്പോന്നത്. ഈ കൂട്ടായ്മ കാർഷികജീവിതവൃത്തിയിൽനിന്ന് ഉരിത്തിരിഞ്ഞ സാംസ്കാരിക പൈതൃകത്തിന്റെ തെളിവാർന്ന സവിശേഷതയാണ്. റോഡു നിർമ്മാണം, വീട്പണി, കാർഷികപ്രധാനമായ ജോലികൾ, കിണറുകൾ ശുചിയാക്കൽ, തുടങ്ങിയവയുമായി ബന്ധപ്പെട്ട ജോലികളാണ് ഇപ്രകാരം ചെയ്തിരുന്നത്. ഈ മാതൃക നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിലും പ്രായോഗികമാക്കാവുന്നതാണ്.

അതിപ്രാചീനകാലം മുതൽ, ഈ പ്രദേശങ്ങളിലെ കർഷകരുടെ നിത്യജീവിതവുമായി ബന്ധപ്പെട്ടിരുന്ന കായികാദ്ധ്വാനം ആവശ്യമായി വരുന്ന ജോലികൾ ചെയ്യുന്നതിന് 'മാറ്റാൾ', 'പൂണ്ടൻ' എന്നിങ്ങനെ അറിയപ്പെട്ടിരുന്ന സമ്പ്രദായമാണ് സ്വീകരിച്ച് പോന്നത്. ഈ കൂട്ടായ്മ കാർഷിക ജീവിതവൃത്തിയിൽ നിന്ന് ഉരുത്തിരിഞ്ഞ സാംസ്കാരിക പൈതൃകത്തിൻെറ തെളിവാർന്ന സവിശേഷതയാണ്. റോഡ് നിർമ്മാണം, വീട് പണി, കാർഷികപ്രധാനമായ ജോലികൾ, കിണറുകൾ ശുചിയാക്കൽ തുടങ്ങിയവയുമായി ബന്ധപ്പെട്ട ജോലികളാണ് ഇപ്രകാരം ചെയ്തിരുന്നത്. ഈ മാതൃക നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങളിലും പ്രായോഗികമാക്കാവുന്നതാണ്.

കാലം മാറിയതോടെ കലാരംഗത്തേയക്ക് പുതിയ തലമുറയുടെ രംഗപ്രവേശനമായി. ഇന്ദ്രജാലത്തിൽ അഖിലേന്ത്യാപ്രശസ്തനായ പ്രൊഫസർ പി. എം. മിത്ര മേലു

## പഞ്ചായത്തിലെ സാംസ്കാരികരംഗം

| വാർഡ് നമ്പർ | ആകെ വീടുകൾ | പത്രം വരുത്തുന്ന വീടുകൾ | മാസിക വാരിക വരുത്തുന്ന വീടുകൾ | റേഡിയോ ഉള്ള വീടുകൾ | ടി. വി. ഉള്ള വീടുകൾ | ടെലിഫോൺ ഉള്ള വീടുകൾ |
|---|---|---|---|---|---|---|
| 1. | 321 | 147 | 101 | 231 | 61 | 25 |
| 2. | 289 | 59 | 30 | 182 | 57 | 17 |
| 3. | 218 | 57 | 23 | 159 | 56 | 37 |
| 4. | 296 | 137 | 117 | ~~284~~ 234 | 98 | 42 |
| 5. | 232 | 125 | 72 | 199 | 83 | 48 |
| 6. | 288 | 125 | 169 | 169 | 69 | 53 |
| 7. | 259 | ~~1237~~ 127 | 96 | 197 | 114 | 57 |
| 8. | 249 | 137 | 120 | 197 | 80 | 62 |
| **ആകെ** | 2152 | 914 | 728 | ~~1618~~ 1568 | 618 | 341 |

കാവ് സ്വദേശിയാണ്. ഇന്ത്യയിലും വിദേശങ്ങളിലും അനേകായിരം വേദികളിൽ കാണികളെ അത്ഭുതസബ്ധരാക്കുന്ന കിടയറ്റ മാജിക് പ്രകടനങ്ങൾ അദ്ദേഹം നടത്തിക്കൊണ്ടിരിക്കുന്നു.

ദ്വിതീയ വിവരശേഖരണത്തോടനുബന്ധിച്ച് വീട് വീടാന്തരം നടത്തിയ സർവ്വേയിൽ നിന്ന് ലഭിച്ച വിവരങ്ങൾ പഞ്ചായത്തിലെ ജനങ്ങളുടെ സാമൂഹ്യ സാംസ്കാരിക ജീവിതത്തിലേക്ക് വെളിച്ചം വീശുന്നു. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

പഞ്ചായത്തിലെ ആകെയുള്ള 2152 വീടുകളിൽ വർത്തമാനപത്രങ്ങൾ വരുത്തുന്ന വീടുകൾ 42.47 ശതമാനമാണ്. 75.19 വീടുകളിൽ റേഡിയോയും 28.72 ശതമാനം വീടുകളിൽ ടി.വിയും ഉണ്ട്. 15.85 ശതമാനം വീടുകളിൽ ടെലിഫോൺ ഉണ്ട്. പഞ്ചായത്തിലെ 2, 6, 7, 8 എന്നീ വാർഡുകളിൽ നാല് ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഈ ഗ്രന്ഥശാലകളുടെ ഇപ്പോഴത്തെ പ്രവർത്തനം തൃപ്തികരമാണെന്ന് പറഞ്ഞുകൂടാ. ഒട്ടേറെ പരിമിതികൾ അവയ്ക്കുണ്ട്. അത്തരം പരിമിതികളും ബുദ്ധിമുട്ടുകളും ബഹുജനപങ്കാളിത്വത്തോടെ പരിഹരിച്ച് അവയെ നമ്മുടെ പഞ്ചായത്തിലെ സാംസാകാരിക കേന്ദ്രങ്ങളാക്കി വികസിപ്പിക്കുവാൻ ആത്മാർത്ഥമായ ശ്രമം ആവശ്യമാണ്. അംഗസംഖ്യ വർദ്ധിപ്പിച്ചും പുസ്തകങ്ങളുടെ എണ്ണം കൂട്ടിയും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തിയും ഈ ലക്ഷ്യം സാധിക്കാവുന്നതാണ്.

മേലുകാവ് പഞ്ചായത്തിന്റെ വക ഒരു മിനി സ്റ്റേഡിയവും സാംസ്കാരികനിലയവും മേലുകാവുമറ്റംടൗണിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്നു. ഇവ സ്ഥിതി ചെയ്യുന്ന 60 സെന്റ് സ്ഥലം തെക്കേക്കണ്ടത്തിൽ കുടുംബം ദാനമായി നൽകിയിട്ടുള്ളതാണ്. ഈ സാംസ്കാരിക നിലയത്തിന്റെയും ഗ്രന്ഥശാലയുടെയും പ്രവർത്തനങ്ങൾ വിപുലീകരിക്കുവാനുള്ള ഒരു തീവ്രശ്രമം ഉണ്ടാകണം. ഒരു റെഫറൻസ് വിഭാഗവും കുട്ടികൾക്കുവേണ്ടി ഒരു പ്രത്യേകവിഭാഗവും ഗ്രന്ഥശാലയിൽ എത്രയും ആവശ്യമാണ്. പുസ്തകങ്ങൾ ഭദ്രമായി സൂക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുകയും വേണം. ഈ ഗ്രന്ഥശാല മുഴുവൻ സമയവും തുറന്നു പ്രവർത്തിക്കണം.

ചാലമറ്റത്ത് പ്രവർത്തിക്കുന്ന സിറ്റി സൺസ് സ്പോർട്സ് ക്ലബ് എല്ലാ വർഷവും റിപ്പബ്ലിക് ദിനാഘോഷത്തോടനുബന്ധിച്ച് കായികമത്സരങ്ങൾ വിജയകരമായി നടത്തിക്കൊണ്ടിരിക്കുന്നു. അഖില കേരളാടിസ്ഥാനത്തിൽ മേലുകാവുമറ്റത്തുള്ള കോമൺസ് ക്ലബ്ബിന്റെയും സി. എസ്. ഐ യൂത്ത് മൂവ്മെന്റിന്റെയും ആഭിമുഖ്യത്തിൽ രണ്ട് വോളീ

# മേലുകാവ് പഞ്ചായത്തിലെ ഗ്രന്ഥശാലകൾ

| ക്രമ നമ്പർ | പേര് | ആരംഭിച്ച തിയതി | അംഗങ്ങൾ | പുസ്തകങ്ങൾ (എണ്ണം) | കെട്ടിടം | | ടി. വി. | റേഡിയോ | ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേഷൻ | | ആവശ്യങ്ങൾ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | സ്വന്തം | വാടക | | | ഉണ്ട് | ഇല്ല | |
| 1. | വിക്ടറി ലൈബ്രറി & റീഡിംഗ് റൂം, മേലുകാവ് രജി. നമ്പർ 1853 | 27-11-1955 | 705 | 5286 | ✓ | | | | ✓ | | പുസ്തകങ്ങൾ സൂക്ഷിക്കുവാൻ അലമാരകൾ വേണ്ടത്ര ഇല്ല. റ്റി. വി. സെറ്റ് ആവശ്യമാണ്. |
| 2. | പ്രോഗ്രസീവ് ലൈബ്രറി & റീഡിംഗ് റൂം ഇടമറുക്. പി. ഒ. രജി. നമ്പർ 4861 | 31-12-1978 | 130 | 2499 | | ✓ | ✓ | | ✓ | | ആവശ്യത്തിന് അലമാരകളും ഫർണിച്ചറുകളും ഇല്ല. |
| 3. | പീപ്പിൾസ് ലൈബ്രറി കിഴക്കൻമറ്റം | 2-10-1980 | 55 | 500 | | ✓ | ✓ | | | ✓ | അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം |
| 4. | മേലുകാവ് പഞ്ചായത്ത് പബ്ലിക് ലൈബ്രറി | 1-6-1994 | 193 | 1003 | ✓ | | | | | ✓ | പുസ്തകങ്ങൾ വേണ്ടത്രയില്ല. സ്ഥലസൗകര്യം പരിമിതം. റ്റി. വി ആവശ്യമാണ്. റഫറൻസ് വിഭാഗവും ചിൽഡ്രൻസ് വിഭാഗവും വേണം. |

ബോൾ ടൂർണമെന്റുകളും എല്ലാ വർഷവും നടത്തുന്നുണ്ട്. മേടം പത്താം തിയതി ഇലവീഴാപൂഞ്ചിറയിൽ ആഘോഷിക്കുന്ന പത്താമുദയമഹോത്സവത്തിൽ അനേകം പേർ പങ്കെടുക്കാറുണ്ട്.

മേലുകാവുമറ്റം ടൗണിൽസ്ഥിതിചെയ്യുന്ന ആധുനികസൗകര്യങ്ങളോടുകൂടിയ സി. എസ്. ഐ. ആഡിറ്റോറിയം പഞ്ചായത്തിന്റെ സാമൂഹ്യസാംസാകാരിക രംഗങ്ങളെ കൂടുതൽ സമ്പന്നമാക്കുന്നു.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന കലാസമിതികളുടെയും ക്ലബ്ബുകളുടെയും പേരുകൾ ചുവടെ ചേർക്കുന്നു.

**മേലുകാവ് ഗ്രാമപഞ്ചായത്തിലെ**
**കലാകായിക സമിതികൾ**

1. സിറ്റിസൺസ് സ്പോർട്സ് ക്ലബ്, ചാലമറ്റം
2. ഷാർക്ക് ക്രിക്കറ്റ് ക്ലബ്, ചാലമറ്റം
3. നിർമ്മല ആർട്സ് & സ്പോർട്സ് ക്ലബ്, ഇടമറുക്
4. സർഗ്ഗ ആർട്സ് ക്ലബ്, മേലുകാവുമറ്റം
5.. രാഗമഞ്ജരി ഓർക്കസ്ട്ര, മേലുകാവ്
6. സൂര്യാ ലൈബ്രറി & ആർട്സ് ക്ലബ്, മേലുകാവ്
7. മൈത്രി സ്പോർട്സ് ക്ലബ്, മേലുകാവ്
8. സാക്ക് ആർട്സ് ക്ലബ്, പാണ്ടിയാമ്മാവ്

1. നിലവിലുള്ള പല കലാസമിതികളും ക്ലബ്ബുകളും നിർജ്ജീവവും പ്രവർത്തനരഹിതവുമാണ്.
2. മേലുകാവ്, ഇടമറുക്, പയസ്മൗണ്ട് എന്നിവടങ്ങളിലെ ഗ്രന്ഥശാലകൾ വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നു.
3. ഗ്രന്ഥശാലകളിലെ ഭൗതികസൗകര്യങ്ങളുടെ അപര്യാപ്തത.
4. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റത്തോടെ പുസ്തകവായനയിൽ കാണപ്പെടുന്ന വിമുഖത.
5. പുസ്തകങ്ങളുടെ അമിതമായ വിലവർധനവ്.
6. സാംസ്കാരികപ്രവർത്തനങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പങ്കാളിത്തമില്ല.
7. വിജ്ഞാന വ്യാപനത്തിന് ദൃശ്യമാദ്ധ്യമങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

## പരിഹാരനിർദ്ദേശങ്ങൾ

1. പഞ്ചായത്തുതലത്തിൽ നിലവിലുള്ള കലാസമിതികളിലെ പ്രതിനിധികൾ ഉൾപ്പെട്ട ഒരു പഞ്ചായത്തുതല കലാസാംസ്കാരികസമിതിക്ക് രൂപം നൽകണം.
2. പ്രവർത്തനം നിലച്ച് നിർജ്ജീവമായിരിക്കുന്ന സമിതികളെ പുനരുദ്ധരിക്കണം.
3. വനിതാ സമാജങ്ങളുടെ ആഭിമുഖ്യത്തിൽ വനിതകളുടെ കലാസാഹിത്യാഭിരുചികൾ വികസിപ്പിക്കുന്നതിനുള്ള കർമ്മപരിപാടികൾ ആസൂത്രണം ചെയ്യണം.
4. ഗ്രാമതലത്തിൽ സംഘടിപ്പിക്കുന്ന കലാകായിക മേളകളിലൂടെ കഴിവുള്ള വരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം.
5. കലാ സാംസ്കാരിക സമിതികൾക്ക് സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ടാക്കുക.
6. ആനുകീലിക പ്രാധാന്യമുള്ള വിഷയങ്ങളെ ഉൾക്കൊള്ളിച്ച് സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുക.



വിദ്യാഭ്യാസ സ്ഥാപനങ്ങൾ
ആരാധനാലയങ്ങൾ



# വിദ്യാഭ്യാസസ്ഥാപനങ്ങൾ ആരാധനായങ്ങൾ

1. ക്രൈസ്റ്റ് കത്തീഡ്രൽ മേലുകാവ്
2. സി.എം.എസ് ഹൈസ്കൂൾ, മേലുകാവ്
3. പെന്തക്കോസ്ത് പള്ളി, മേലുകാവ്
4. സിറിയൻ കാത്തലിക് ചർച്ച് മേലുകാവ്
5. കല്ലുവെട്ടം ശ്രീധർമ്മശാസ്താ ക്ഷേത്രം
6. C.S.I പള്ളി, കോലാനി
7. പെന്തക്കോസ്ത് പള്ളി, കാഞ്ഞിരംകവല
8. സെന്റ് മത്ഥ്യാസ് C.S.I പള്ളി, എള്ളുംപുറം
9. സി.എം.എസ് എൽ. പി. സ്കൂൾ, എള്ളുംപുറം
10. സെന്റ് ജോൺസ് C.S.I പള്ളി മേലുകാവുമറ്റം
11. സി.എം.എസ് എൽ.പി. സ്കൂൾ മേലുകാവുമറ്റം
12. കുളത്തിക്കണ്ടം ശ്രീധർമ്മ ശാസ്താ ക്ഷേത്രം
13. കെയ്‌ലിലാൻഡ് C.S.I ചർച്ച്, മേലുകാവുമറ്റം
14. സെന്റ് തോമസ് L.P സ്കൂൾ, മേലുകാവുമറ്റം
15. സെന്റ് തോമസ് ചർച്ച്, മേലുകാവുമറ്റം
16. സെന്റ് തോമസ് U.P സ്കൂൾ മേലുകാവുമറ്റം
17. ഹെൻറി ബേക്കർ കോളേജ് മേലുകാവുമറ്റം
18. പെന്തക്കോസ്ത് പള്ളി മേലുകാവുമറ്റം
19. എം.ഡി.സി.എം.എസ് ഹൈസ്കൂൾ ഇരുമാപ്രമറ്റം
20. ബേക്കർഡേൽ C.S.I പള്ളി ഇരുമാപ്രമറ്റം
21. അൽഫോൻസാ ഗേൾസ് ഹൈസ്കൂൾ, വാകക്കാട്.
22. സെന്റ് പോൾസ് ചർച്ച് വാകക്കാട്
23. സെന്റ് ആന്റണീസ് ചർച്ച് ഇടമറുക്
24. സെന്റ് ആന്റണീസ് U.P. സ്കൂൾ ഇടമറുക്
25. പഞ്ചായത്ത് L.P സ്കൂൾ,കോണിപ്പാട്-കിഴക്കൻമറ്റം
26. സെന്റ് പയസ് Xth യു.പി. സ്കൂൾ,പയസ്മൗണ്ട്
27. സെന്റ് പയസ് Xth പള്ളി,പയസ്മൗണ്ട്
28. C.S.I. പള്ളി ഇരുമാപ്രമറ്റം.

*നന്മകൾ വിളയും നല്ലൊരു നാട്*
*നമ്മൾ തേടണം*
*ഞാനും നീയും തന്നാൽ കഴിവത്*
*നാടിന് നൽകേണം*

# വിദ്യാഭ്യാസം



മേലുകാവ് പഞ്ചായത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കിടയിൽ മിഷൻ പ്രവർത്തനങ്ങൾ നടത്തുന്നതിനു വേണ്ടി എത്തിയ വിദേശക്രിസ്ത്യാനി മിഷനറിമാർ ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ വിദ്യാഭ്യാസപുരോഗതിയിൽ വിലപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. 1930ൽ ഇരുമാപ്രയിൽ ഒരു ഇംഗ്ലീഷ് സ്കൂൾ സ്ഥാപിതമായതോടെയാണ് ഔപചാരിക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്. 1949ൽ ഇരുമാപ്രമറ്റത്ത് ആരംഭിച്ച എം.ഡി.സി.എം.എസ്. ഹൈസ്കൂൾ ആണ് പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ. പിന്നീട് വാകക്കാട്ടിൽ അൽഫോൻസാ ഗേൾസ് ഹൈസ്കൂളും മേലുകാവിൽ സി.എം.എസ്. ഹൈസ്കൂളും സ്ഥാപിതമായി. എം.ഡി.സി.എം.എസ്. ഹൈസ്കൂൾ ആരംഭിക്കുന്നതിന് മുമ്പ് ഹൈസ്കൂൾ വിദ്യാഭ്യാസം നേടുന്നതിനുവേണ്ടി പാലാ, തൊടുപുഴ, കോട്ടയം എന്നിവടങ്ങളിലെ വിദ്യാലയങ്ങളെ ആശ്രയിക്കേണ്ടിവന്നു. വളരെ ചുരുക്കം ചിലർക്ക് മാത്രമേ അക്കാലത്ത് ഹൈസ്കൂൾ വിദ്യാഭ്യാസം നേടുന്നതിന് കഴിഞ്ഞിരുന്നുള്ളൂ. സാമ്പത്തികമായ പരാധീനതകളും യാത്രാ സൗകര്യങ്ങളുടെ അഭാവവും കാർഷികവൃത്തിയിൽമാത്രം ഒതുങ്ങിക്കഴിയുന്നതിനുള്ള താൽപ്പര്യവും മൂലം പ്രൈമറി വിദ്യാഭ്യാസത്തിന് ശേഷം ഉപരിപഠനത്തിന് വിദൂരസ്ഥലങ്ങളിൽ പോകുവാൻ ആരും തന്നെ തയ്യാറായില്ല.

100ൽ താഴെമാത്രം വിദ്യാർത്ഥികൾ ഉള്ള ഒരു യു.പി. സ്കൂളും രണ്ട് എൽ.പി. സ്കൂളും ഉണ്ട്.മേലുകാവ്മറ്റം(ചെമ്മല) എൽ.പി. സ്കൂളിൽ നാല് ക്ലാസ്സുകളിലായി വെറും 13 കുട്ടികൾ മാത്രം പഠിക്കുന്നു. ഈ സ്കൂളിന്റെ നിലനിൽപ്പിനെതന്നെ ബാധിക്കുന്നവിധം കുട്ടികളുടെ എണ്ണം കുറഞ്ഞിരിക്കുന്നു. ഈ പ്രത്യേകമായ സ്ഥിതിവിശേഷം തരണം ചെയ്യുന്നതിനും കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർ ഇനിയും അമാന്തിച്ചുകൂടാത്തതാണ്.

പയസ്മൗണ്ടിലുള്ള പഞ്ചായത്ത് എൽ.പി.സ്കൂൾ പഞ്ചായത്തിൻെറ നേരിട്ടുള്ള മാനേജ്മെൻറിൽ നടത്തപ്പെടുന്നു. മെച്ചപ്പെട്ട അധ്യയനനിലവാരം പുലർത്തുന്ന ഒരു സ്കൂളാണിത്. ഈ സ്കൂൾ സ്ഥിതിചെയ്യുന്ന 50 സെൻറ് സ്ഥലം ഐക്കരക്കുന്നേൽ കൊച്ചേട്ടൻ അവർകൾ ദാനമായി നൽകിയിട്ടുള്ളതാണ്.

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും സാമാന്യം തൃപ്തികരമായ ഭൗതികസാഹചര്യങ്ങളും വിദ്യാഭ്യാസ നിലവാരവും നിലനിൽക്കുന്നുവെന്ന് സ്ഥിതിവിവരങ്ങൾ സൂചിപ്പിക്കുന്നു. എന്നിരുന്നാലും വിദ്യാർത്ഥികളുടെ നിലവാരം ഉയർത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ബോധപൂർവ്വമായശ്രമം ആവശ്യമാണ്.

വിവിധ സ്കൂളുകളിലായി 1 മുതൽ 10 വരെ സ്റ്റാമൻഡേർഡുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ അന്യത്ര കൊടുത്തിരിക്കുന്ന പട്ടികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

പഠനകാര്യങ്ങളിൽ മിടുക്കരായ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലെയും 4,7,10 ക്ലാസ്സുകളിൽനിന്നും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിക്കുന്ന 2 കുട്ടികൾക്കുവീതം ക്യാഷ് അവാർഡ് ഗ്രാമപഞ്ചായത്ത് കമ്മറ്റിയും സഹകരണബാങ്കും ഏർപ്പെടുത്തിയിട്ടുണ്ട്.

| സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം | | | | |
|---|---|---|---|---|
| ക്രമനമ്പർ | സ്കൂളിന്റെ പേര് | മെരിറ്റ് സ്കോളർഷിപ്പ് | ലംപ്സം ഗ്രാന്റ് | വികലാംഗ സ്കോളർഷിപ്പ് |
| 1. | അൽഫോൻസാ G.H.Sവാകക്കാട് | 1 | 112 | 1 |
| 2. | M.D.C.M.S.H.S ഇരുമാപ്രമറ്റം | 12 | 152 | 1 |
| 3. | സി. എം. എസ് H.S മേലുകാവ് | 23 | 422 | 90 |
| 4. | സെന്റ് തോമസ് U.P.S മേലുകാവുമറ്റം | 2 | 211 | 1 |
| 5. | സെന്റ് പയസ് U.P.S കോണിപ്പാട് | 7 | 16 | 4 |
| 6. | സെന്റ് ആന്റണീസ് U.P.S ഇടമറുക് | – | 22 | – |
| 7. | സെന്റ് പോൾസ് L.P.Sവാകക്കാട് | – | 41 | 1 |
| 8. | സി. എം. എസ്. L.P.S മേലുകാവുമറ്റം | – | 10 | – |
| 9. | സി. എം. എസ്. L.P.S എള്ളുമ്പുറം | – | 44 | – |
| 10. | പഞ്ചായത്ത് L.P.S കോണിപ്പാട് | 1 | 16 | 1 |

പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ തോറ്റുപഠിക്കുന്ന വിദ്യാർത്ഥികളുടെ ശതമാനം 9.85 ആണ്. മറ്റു വിഭാഗങ്ങളിൽ ഇത് 5.07 ശതമാനവുമാണ്. ഈ അന്തരത്തിന് കാരണമെന്തെന്ന് വിശകലനം ചെയ്യേണ്ടതുണ്ട്. ഈ കുട്ടികൾക്ക് വീടുകളിൽ ലഭിക്കുന്ന സാഹചര്യങ്ങളുടെ അപര്യാപ്തത ഒരുപക്ഷേ ഈ പിന്നോക്കാവസ്ഥക്ക് കാരണമായേക്കാം. സ്കൂളുകളിൽ ഇവർ പ്രത്യേക പരിഗണനയും ശ്രദ്ധയും അർഹിക്കുന്നു.

മെരിറ്റ് സ്കോളർഷിപ്പ്, ലംപ്സംഗ്രാന്റ്, വികലാംഗ സ്കോളർഷിപ്പ് തുടങ്ങിയ സാമ്പത്തികാനുകൂല്യങ്ങൾ എല്ലാ സ്കൂളുകളിലെയും അർഹരായ കുട്ടികൾക്ക് ലഭിക്കുന്നു. ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

### ഹെൻട്രി ബേക്കർ കോളജ്

1981 ലാണ് ഹെൻട്രിബേക്കർ കോളജ് സ്ഥാപിതമായത്. മേലുകാവ് പഞ്ചായത്തിന്റെ വിദ്യാഭ്യാസപുരോഗതിയിൽ ഈ സ്ഥാപനം വഹിക്കുന്ന പങ്ക് നിസ്തുലമാണ്. ഇവിടത്തെ സാധാരണക്കാരായ ജനങ്ങളുടെ മക്കൾക്കും കോളേജ് വിദ്യാഭ്യാസത്തിനുള്ള അവസരം ഇതോടെ ലഭ്യമായി. ആയിരത്തിൽപ്പരം വിദ്യാർത്ഥികൾ കോളജിൽ അദ്ധ്യയനം നടത്തുന്നു.

### കോളജ് അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരം

| കോളജിന്റെ പേര് | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| ഹെന്റ്രി ബേക്കർ കോളജ് മേലുകാവ് | 23 | 13 | 36 | 403 | 679 | 1082 |

## വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങൾ

1. മിക്ക സ്കൂളുകളിലും ലൈബ്രറി ലാബററ്ററി സൗകര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുന്നില്ല.
2. പാഠപുസ്തകങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന വിജ്ഞാനത്തിന് അമിതമായ പ്രാധാന്യം അർപ്പിക്കുന്നു. തന്മൂലം മറ്റ് പുസ്തകങ്ങൾ വായിക്കുവാൻ കുട്ടികൾ ഇഷ്ടപ്പെടുന്നില്ല.
3. പരീക്ഷയെ മാത്രം കേന്ദ്രീകരിച്ചുകൊണ്ടുള്ള കോച്ചിംഗ് ആണ് കുട്ടികൾക്ക് ലഭിക്കുന്നത്. ഭാഷാ വിഷയങ്ങളിൽ അടിസ്ഥാനപരമായ അറിവ് കുറഞ്ഞുവരുന്നു.
4. ഇംഗ്ലീഷ്, കണക്ക്, സയൻസ് എന്നീ വിഷയങ്ങൾക്ക് എസ്. എസ്. എൽ.സി. പരീക്ഷയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ തോൽക്കുന്നു.
5. പാഠ്യേതരവവിഷയങ്ങളിൽ കുട്ടികൾക്ക് വേണ്ടത്ര പരിശീലനം ലഭിക്കുന്നില്ല.
6. യുവജനോത്സവങ്ങളിലെ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് പാവപ്പെട്ടവന്റെയും സാധാരണക്കാരന്റെയും കുട്ടികൾക്ക് കഴിയാതെ വരുന്നു. മത്സരങ്ങൽക്കുവേണ്ടി കുട്ടികൾക്ക് പരിശീലനം നൽകുന്നതിനും അവരെ അതിനായി അണിയിച്ചൊരുക്കുന്നതിനും ഭാരിച്ച മുതൽമുടക്ക് വേണ്ടി വരുന്നു.
7. സ്കൂൾ പാർലമെന്റുകളുടെ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. തെരെഞ്ഞെടുപ്പുകൾ കഴിഞ്ഞാൽ പിന്നീട് കാര്യമായ പ്രവർത്തനങ്ങൾ ഒന്നുംതന്നെ നടത്തുന്നില്ല.
8. അദ്ധ്യാപക രക്ഷാകർതൃ സംഘടനകൾ പല സ്കൂളുകളിലും നിർജ്ജീവമാണ്. വർഷാരംഭത്തിൽ ചേരുന്ന ഒരു യോഗം കൊണ്ട് ആ വർഷത്തെ പ്രവർത്തനം അവസാനിക്കുന്നു. മിക്ക രക്ഷാകർത്താക്കളും ഇക്കാര്യത്തിൽ തികഞ്ഞ നിസ്സംഗത പുലർത്തുന്നു.

## നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. പഞ്ചായത്തിൽ ഒരി ഐ. റ്റി. സി. യും ഒരു പോളിടെക്നിക്കും സ്ഥാപിക്കണം.
2. ആവശ്യത്തിന് പ്രീ പ്രൈമറി സ്കൂളുകൾ ആരംഭിക്കണം.
3. ഒന്നാം വാർഡിലെ സി. എം എസ്. എൽ. പി. സ്കൂളിന്റെ ഇപ്പോഴത്തെ അവസ്ഥക്ക് ഫലപ്രദമായ ഒരു പരിഹാരം കണ്ടെത്തണം.
4. എം. ഡി. സി. എം. എസ്. ഹൈസ്കൂളിലും വാകക്കാട്ട് അൽഫോൻസാ ഗേൾസ് ഹൈസ്കൂളിലും പ്ലസ് ടു കോഴ്സുകൾ ആരംഭിക്കണം.
5. പരമ്പരാഗതതൊഴിലുകളിൽ യുവാക്കൾക്ക് പരിശീലനം നൽകുന്ന കേന്ദ്രങ്ങൾ ആരംഭിക്കണം.
6. പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് താമസിക്കുന്നതിന് ഒരു ഹോസ്റ്റൽ നിർമ്മിക്കണം.
7. പഞ്ചായത്തുതലത്തിൽ വിദ്യാഭ്യാസസമിതിയും അക്കാദമിക് കൗൺസിലും രൂപീകരിക്കേണ്ടതാണ്.
8. സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.
9. പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി പ്രത്യേക പഠനപരിപാടി തയ്യാറാക്കുക.
10. പാഠ്യേതരപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകുക. സാഹിത്യസമാജം കാർഷികപ്രവർത്തനങ്ങൾ, ആർട്സ് ക്ലബ്, സയൻസ് ക്ലബ്, റീഡിംഗ് കോർണർ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനം സംഘടിപ്പിക്കുക.
11. സ്കൂൾ ലൈബ്രറികളുടെയും ലാബ്രട്ടറികളുടെയും പ്രവർത്തനം മെച്ചപ്പെടുത്തുക.
12. ദേശീയ അന്തർദേശീയ പ്രാധാന്യമുള്ള സമകാലീന സംഭവങ്ങളെക്കുറിച്ച് ചർച്ചകളും ഡിബേറ്റുകളും സംഘടിപ്പിക്കുക.
13. ഓരോ സ്കൂളിലും നിർബന്ധമായും ഒരു കൃഷിത്തോട്ടം സ്ഥാപിക്കുക.
14. ദേശീയ ദിനാചരണങ്ങൾ പഠനയാത്രകൾ, ക്വിസ് പരിപാടികൾ തുടങ്ങിയവ യഥാവിധി സംഘടിപ്പിക്കുക.
15. ഇത്തരം പ്രവർത്തനപരിപാടികൾ സമയബന്ധിതമായി നടപ്പാക്കണം.
16. മൂല്യനിർണ്ണയവും മോണിട്ടറിംഗും പരിപാടികളുടെ വിജയത്തിന് ആവശ്യമാണ്. വാർഡു മെമ്പർ, വിദ്യാഭ്യാസത്തിന്റെ ചുമതലയ്ക്കുള്ള ജനപ്രതിനിധി, പിറ്റി. എ. പ്രസിഡന്റ്, ഹെഡ്മാസ്റ്റർ, പഞ്ചായത്ത് അക്കാദമിക് കമ്മറ്റി ചെയർമാൻ, കൺവീനർ എന്നിവർ അടങ്ങുന്നതായിരിക്കണം മോണിറ്ററിംഗ് കമ്മറ്റി.



# സ്കൂൾകുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| ക്ലാസ് | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | | തോറ്റുപഠിക്കുന്നവർ | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | SC/ST കുട്ടികൾ | | | മറ്റുള്ളവർ | | |
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| I | 103 | 123 | 226 | 30 | 36 | 66 | - | - | - | - | - | - |
| II | 94 | 104 | 198 | 30 | 25 | 55 | 4 | 1 | 5 | 6 | 4 | 10 |
| III | 120 | 125 | 245 | 35 | 29 | 64 | 2 | 2 | 4 | 9 | 2 | 11 |
| IV | 120 | 141 | 261 | 44 | 34 | 78 | 1 | 2 | 3 | 4 | - | 4 |
| V | 107 | 162 | 269 | 43 | 45 | 88 | 3 | 2 | 5 | 3 | 7 | 10 |
| VI | 123 | 174 | 297 | 31 | 38 | 69 | 3 | 3 | 6 | 2 | 5 | 7 |
| VII | 102 | 184 | 286 | 35 | 54 | 89 | 4 | 5 | 9 | 12 | 18 | 30 |
| VIII | 112 | 200 | 312 | 59 | 61 | 120 | 11 | 8 | 19 | 17 | 17 | 34 |
| IX | 135 | 220 | 355 | 59 | 80 | 139 | 19 | 16 | 35 | 13 | 18 | 31 |
| X | 94 | 160 | 254 | 50 | 55 | 105 | - | - | - | - | -- | - |
| | 1110 | 1593 | 2703 | 416 | 457 | 873 | 47 | 39 | 86 | 66 | 71 | 137 |

# പഞ്ചായത്തിലെ സ്കൂളുകളുടെ പൊതുവിവരം

| നമ്പർ | സ്കൂളിന്റെ പേര് | ഹൈ സ്കൂൾ യു. പി. എൽ.പി. | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | സ്കൂൾ കാമ്പസിന്റെ വിസ്തീർണ്ണം ഹെക്ടറിൽ | കളിസ്ഥലത്തിന്റെവിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | അനുവദിച്ച പോസ്റ്റ് | നിലവിൽ ഉള്ളവരുടെ എണ്ണം | | |
| 1. | അൽഫോൻസാ ജി. എച്ച്. എസ്. വാകക്കാട് | H.S | | ✓ | | | - | 485 | 485 | 21 | 21 | 1.5 | 0.75 |
| 2. | എം. ഡി. സി. എം. എസ്. എച്ച്. എസ്. ഇരുമാപ്ര മറ്റം | H.S | | ✓ | | | 224 | 174 | 398 | 19 | 19 | 0.64 | 1.2 |
| 3. | സി. എം. എസ്.എച്ച്.എസ്. മേലുകാവ് | H.S | | ✓ | | | 319 | 317 | 636 | 25 | 25 | 1.6 | 0.2 |
| 4. | സെന്റ് തോമസ് യു.പി.എസ്. മേലുകാവ്മറ്റം | U.P | | ✓ | | | 257 | 288 | 545 | 17 | 17 | 0.6 | 0.2 |
| 5. | സെന്റ് പയസ് യു.പി. എസ്. കോണിപ്പാട് | U.P | | ✓ | | | 45 | 36 | 81 | 4 | 4 | 0.6 | 0.4 |
| 6. | സെന്റ് ആന്റണീസ് യു.പി.എസ്. ഇടമറുക് | U.P | | ✓ | | | 98 | 88 | 186 | 8 | 8 | 1.5 | 0.4 |
| 7. | സെന്റ് പോൾസ് എൽ. പി. എസ്. വാകക്കാട് | L.P | | ✓ | | | 78 | 102 | 180 | 6 | 6 | 0.4 | - |
| 8. | സി. എം. എസ്. എൽ. പി.എസ് മേലുകാവ് മറ്റം | L.P | | ✓ | | | 6 | 7 | 13 | 3 | 3 | 0.4 | 0.2 |
| 9. | സി. എം. എസ്. എൽ. പി.എസ് എള്ളുമ്പ്രം | L.P | | ✓ | | | 28 | 43 | 71 | 3 | 3 | 0.4 | 0.1 |
| 10. | പഞ്ചായത്ത് എൽ. പി.എസ് കോണിപ്പാട് | L.P | | ✓ | | | 59 | 57 | 116 | 4 | 4 | 0.2 | 0.1 |
| | | | | | | ആകെ | 1114 | 1597 | 2711 | 110 | 110 | | |



# വ്യവസായവും ടൂറിസവും

മേലുകാവ് ഗ്രാമപഞ്ചായത്ത് ഒരു സമ്പൂർണ്ണ കാർഷികമേഖലയാണ്.റബ്ബർ ആണ് ഇവിടുത്തെ മുഖ്യ നാണ്യവിള. കാർഷികരംഗത്ത് ഉൽപ്പാദിപ്പിക്കുന്ന മുഖ്യ അസംസ്കൃത വസ്തുവും റബ്ബർ തന്നെ. വ്യാവസായികമായി ഇത്രയേറെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകൾ അപൂർവമായിരിക്കും. നമ്മുടെ പഞ്ചായത്തിന്റെ വ്യവസായികരംഗത്തെ ദയനീയമായ പിന്നോക്കാവസ്ഥക്കുള്ള കാരണമെന്ത്? കൃഷിയിൽ മാത്രം ശ്രദ്ധയൂന്നിക്കൊണ്ടുള്ള കാർഷികപ്രധാനമായ ഒരു സംസ്കാരമാണ് ഈ പ്രദേശങ്ങളിൽ തലമുറകളായി വേരുറച്ചത്. പരിചയിച്ചുപഴകിയ തൊഴിലിൽ നിന്ന് വിട്ടുമാറി വ്യവസായം പോലുള്ള മറ്റു മേഖലകളിലേക്ക് തിരിയുവാനുള്ള വൈമനസ്യം പലരേയും വ്യവസായ സംരംഭങ്ങളിൽ നിന്ന് അകറ്റി നിർത്തുന്നു. സാങ്കേതിക പരിജ്ഞാനത്തിൻെറ അഭാവവും സാമ്പത്തിക പരാധീനതയും മറ്റുചില ഘടകങ്ങളാണ്. പഞ്ചായത്തിലെ യുവതലമുറക്ക് ഈ രംഗത്തേക്ക് കടന്നു വരുവാനുള്ള വ്യവസായ സംരംഭകത്വ ഗുണമോ പരിശീലനമോ തീരെ ഇല്ല. നമ്മുടെ പഞ്ചായത്തിൽ ഇന്നോളം നാമമാത്രമായ ഒരു ചെറുകിട വ്യവസായ യൂണിറ്റു പോലും പ്രവർത്തിക്കുന്നില്ലെന്നുള്ള നഗ്നയാഥാർത്ഥ്യം ഇനിയെങ്കിലും നാം മനസ്സിലാക്കേണ്ടതാണ്.

ഈ രംഗത്ത് നാം നേരിടുന്ന പ്രശ്നങ്ങൾ എന്തെല്ലാമാണ് ?

1. വ്യവസായ സംരംഭകർ നേരിടുന്ന മുഖ്യപ്രശ്നം അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ്. ഭൂമി, വൈദ്യുതി, ഗതാഗതം, വെള്ളം, മൂലധനം തുടങ്ങിയ അടിസ്ഥാന ഉപാധികൾ ഒന്നോ അതിലേറെയോ സംരംഭകർ മാത്രം വിചാരിച്ചാൽ നടപ്പാക്കാവുന്നതല്ല.
2. യൂണിറ്റുകൾ ആരംഭിക്കുന്നതിന് ആവശ്യമായ സാങ്കേതികജ്ഞാനത്തിൻെറ അഭാവം.
3. ആവശ്യമായ മൂലധനം കണ്ടെത്തൽ
4. ഉൽപ്പന്നങ്ങളുടെ വിപണനം.

ഒരു കാര്യം ഇവിടെ സൂചിപ്പിക്കാതെ വയ്യ. പഞ്ചായത്തുതല മിനി വ്യവസായ എസ്റ്റേറ്റുകൾ പലതും വിവിധ കാരണങ്ങൾ മൂലം പരാജയപ്പെട്ടുവെങ്കിലും ഈ ആശയം ഇന്നും ഏറെ പ്രസക്തമാണ്. ഇതിനു ഫലപ്രദമായ ഒരു ബദൽ കണ്ടെത്തുവാൻ ഇനിയും നമുക്ക് കഴിഞ്ഞിട്ടില്ലെന്ന് ഓർക്കണം.

ഇരുമ്പു പണി, മരപ്പണി തുടങ്ങിയ പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടു കഴിയുന്ന കുറെ പേരെങ്കിലും നമ്മുടെ പഞ്ചായത്തിലുണ്ട്. ഇത്തരം തൊഴിലുകൾ ഒരു വ്യവസായ യൂണിറ്റെന്ന നിലയിൽ അത്യാവശ്യം വേണ്ട യന്ത്ര സഹായത്തോടെ ലാഭകരമായി നടത്തുവാൻ കഴിയും. ഇതിനാവശ്യമായ കെട്ടിടങ്ങൾ നിർമിച്ച് കുറഞ്ഞ വാടകക്ക് നൽകുക എന്നതാണ് പരമ പ്രധാനമായ കാര്യം. റോഡ്, വൈദ്യുതി, വെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ സ്ഥലം ഇതിനായി കണ്ടെത്തണം. സ്ഥലവും കെട്ടിടവും അടിസ്ഥാന സൗകര്യങ്ങളും നൽകേണ്ട ചുമതല പഞ്ചായത്ത് ഏറ്റെടുക്കണം. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ മൂന്നാം പട്ടികയിൽ ഇക്കാര്യം പരാമർശിക്കുന്നുണ്ട്.

സർക്കാർ വിവിധ ഡിപ്പാർട്ടുമെൻറുകൾ വഴി ചെറുകിട വ്യവസായ വികസനത്തിനു വേണ്ടി സാമ്പത്തിക സഹായം നൽകുന്നുണ്ട്. പട്ടികജാതി പട്ടികവർഗത്തിൽപ്പെട്ടവരെ സ്വയം തൊഴിൽ സംരംഭങ്ങളിലേക്ക് ആകർഷിക്കുന്നതിനും അതുവഴി അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിനും ഉദ്ദേശിച്ചുള്ള പ്രത്യേക പദ്ധതികളുമുണ്ട്. നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കാവുന്ന ചില വ്യവസായ യൂണിറ്റുകൾ താഴെ ചേർക്കുന്നു.

1. ഇരുമ്പുപണി: - കാർഷിക ഗൃഹോപകരണങ്ങളുടെ നിർമാണവും കേടുപോക്കലും
2. മരപ്പണി. ഫർണിച്ചർ നിർമാണം, കടച്ചിൽ, ജനൽ, കട്ടിള, കതക്, തുടങ്ങിയ കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണം.
3. റേഡിയോ, ടെലിവിഷൻ, പമ്പു സെറ്റുകൾ, ഗൃഹോപകരണങ്ങൾ, വൈദ്യുതോപകരണങ്ങൾ തുടങ്ങിയവയുടെ കേടുപോക്കൽ
4. ഓട്ടോമൊബൈൽ വർക്ക് ഷോപ്പ്
5. റബർ അധിഷ്ഠിത ചെറുകിട വ്യവസായ യൂണിറ്റുകൾ

6. തേനീച്ച വളർത്തലും തേൻ സംസ്കരണവും
7. സോപ്പു നിർമ്മാണം
8. കറി പൗഡറുകൾ, അച്ചാറുകൾ എന്നിവയുടെ നിർമ്മാണം
9. ഗാർമെൻറ് മേക്കിംഗ്
10. ഇഷ്ടിക നിർമ്മാണം

അഭ്യസ്ത വിദ്യരായ യുവതീയുവാക്കളെ വ്യവസായ രംഗത്തേക്ക് ആകർഷിക്കുന്നതിന് പഞ്ചായത്തുതലത്തിൽ സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി മുൻകൈയെടുക്കണം.

## ടൂറിസം

കൃത്രിമത്വത്തിൻെറ ധാടിയും മോടിയും അൽപവും സ്പർശിക്കാതെ സംശുദ്ധമായ പ്രകൃതി സൗന്ദര്യത്തിൻെറ ശാലീനതയും വശ്യതയും അപ്പാടെ നിലനിർത്തുന്ന ഒന്നിലേറെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. കോട്ടയം ജില്ലയിലെ കായലോര ടൂറിസ്റ്റ കേന്ദ്രമായ കുമരകം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ജില്ലയിലെ അത്തരം ഒരു കേന്ദ്രമാണ് മേലുകാവ് ഗ്രാമ പഞ്ചായത്തിൻെറ കിഴക്ക് സമുദ്ര നിരപ്പിൽ നിന്ന് 4300 അടി ഉയരത്തിൽ ഇടുക്കി ജില്ലയോടു ചേർന്ന് കിടക്കുന്ന ഇലവീഴാപൂഞ്ചിറ. കൂറ്റൻപാറക്കെട്ടുകളും പുൽമേടുകളും കാട്ടരുവികളും ചതുപ്പു പ്രദേശങ്ങളും വറ്റാത്ത നീരുറവകളുമെല്ലാം ഈ പ്രദേശത്തിൻെറ തനതായ പ്രത്യേകതകളാണ്. കൊച്ചി നഗരത്തിൽ നിന്ന് 80 കി.മീ.ദൂരത്തിൽ സ്ഥിതി ചെയ്യുന്ന ഇത്രയും ഉയരം കൂടിയ ടൂറിസ്റ്റ് കേന്ദ്രങ്ങൾ വേറെയില്ല.

മേലുകാവിൽ നിന്ന് പെരിങ്ങാലി വഴിയും ഇടുക്കി ജില്ലയിലെ കാഞ്ഞാറിൽ നിന്ന് ചക്കിക്കാവ് വഴിയും പൂഞ്ചിറയിലെത്തിച്ചേരാം. മേലുകാവ് – പൂഞ്ചിറ – കാഞ്ഞാർ റൂട്ടിൽ ആറു കിലോമീറ്റർ ദൂരമാണ് ഇനി ടാർ റോഡ് നിർമ്മിക്കാനുള്ളത്. പൂഞ്ചിറയിൽ സർക്കാർ വക ഒരു ടൂറിസ്റ്റ് ഹോം നിലവിലുണ്ടെങ്കിലും അതു പ്രവർത്തിക്കുന്നില്ല.

ടൂറിസം വികസനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മുടെ പരിഗണനക്ക് വിധേയമാകേണ്ട ചില പ്രധാന വസ്തുതകളുണ്ട്. ഒരു പ്രദേശത്തിൻെറ പ്രകൃതി സൗന്ദര്യവും സാംസ്കാരിക പാരമ്പര്യത്തിൻെറ പ്രതീകങ്ങളായ കലാരൂപങ്ങളും പൗരാണികങ്ങളായ വിശ്വാസങ്ങളുടെയും ആചാരാനുഷ്ഠാനങ്ങളുടെയും ഐതിഹ്യങ്ങളുടെയും അടയാളങ്ങളും അവശിഷ്ടങ്ങളും ടൂറിസ്റ്റുകൾക്കു വേണ്ടി തുറന്നു കൊടുത്ത് പണം പിടുങ്ങുന്ന ഒരു വ്യവസായമായി മാത്രം ടൂറിസത്തെ കണക്കാക്കാൻ പാടില്ല. തികച്ചും യാഥാർത്ഥ്യബോധത്തോടെയുള്ള ഒരു സമീപനമാണ് ഇക്കാര്യത്തിൽ നാം സ്വീകരിക്കേണ്ടത്. നമ്മുടെ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സാംസ്കാരിക പൈതൃകവും തനിമയും നിലനിർത്തുന്ന ഒരു വികസന സങ്കൽപ്പമാണ് അഭികാമ്യമായിട്ടുള്ളത്. വാണിജ്യ ടൂറിസത്തിൻെറ തിന്മകളും ജീർണതകളും തീണ്ടാത്ത ടൂറിസം വികസന പരിപാടികൾക്കാണ് നാം മുൻതൂക്കം നൽകേണ്ടത്.

മേലുകാവ് ഗ്രാമ പഞ്ചായത്തിൻെറ ടൂറിസം വികസന സാധ്യതകളെക്കുറിച്ച് ചിന്തിക്കുമ്പോൾ നാം കൈക്കൊള്ളേണ്ട ചില മുൻകരുതലുകളുണ്ട്.

1. ടൂറിസം വികസനം വഴി നമ്മുടെ നാട്ടിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടണം.
2. വികസനം മൂലമുണ്ടാകുന്ന സാമ്പത്തിക നേട്ടങ്ങൾ ഈ പ്രദേശത്തെ ജനങ്ങളുടെ കൈകളിലെത്തിച്ചേരുവാനുള്ള സംവിധാനങ്ങൾ രൂപപ്പെടുത്തണം.
3. ടൂറിസം വികസന സാധ്യതയുള്ള പ്രദേശങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കണം.
4. സാമ്പത്തിക ലാഭം മാത്രം ലക്ഷ്യംവച്ചുകൊണ്ടുള്ള കുത്തക കമ്പനികളുടെ കടന്നുകയറ്റം നിയന്ത്രിക്കപ്പെടണം.
5. വികസന മേഖലയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളുടെ പാരിസ്ഥിതികമായ സന്തുലിതാവസ്ഥ വികസനത്തിന്റെ പേരിൽ വികലമാകുവാനോ നഷ്ടപ്പെടുവാനോ ഇടയാവരുത്.

### ഇലവീഴാപുഞ്ചിറ

പ്രശസ്ത ശിൽപി കാനായി കുഞ്ഞുരാമൻെറ രൂപകൽപ്പനയനുസരിച്ച് പൂഞ്ചിറയെ മികച്ച ടൂറിസ്റ്റ് കേന്ദ്രമാക്കാനുള്ള ഒരു പദ്ധതി സർക്കാരിൻെറ പക്കലുണ്ട്. ആദ്യം ചെയ്യേണ്ട കാര്യം അവിടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയെന്നതാണ്. മേലുകാവ് – പൂഞ്ചിറ – കാഞ്ഞാർ റോഡ് ശേഷിക്കുന്ന ഭാഗം കൂടി പണി പൂർത്തിയാക്കി ടാർ ചെയ്ത് വാഹന ഗതാഗതയോഗ്യമാക്കണം. ഇപ്പോൾ അവിടെയുള്ള ടൂറിസ്റ്റ് ഹൗസ് വിപുലീകരിച്ച് ടൂറിസ്റ്റുകൾക്ക് താമസിക്കുവാനുതകുംവിധം മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തണം. സീസൺ കാലത്തെങ്കിലും അവിടെ കാൻറീൻ സൗകര്യം ഏർപ്പെടുത്തണം. ശുദ്ധജല ലഭ്യത, ടെലിഫോൺ തുടങ്ങിയ സൗകര്യങ്ങളും ഉണ്ടാവണം.

കൂടാതെ സംസ്ഥാനത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള ടൂറിസ്റ്റ് ഇൻഫർമേഷൻ സെൻററുകളിൽ പൂഞ്ചിറയെ സംബന്ധിക്കുന്ന വിവരങ്ങൾ നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും മുൻസൂചിപ്പിച്ച അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്താൽ ഇലവീഴാപൂഞ്ചിറ സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ എണ്ണം വർഷം തോറും വർദ്ധിക്കുമെന്നതിൽ സംശയമില്ല.

### വികസനസാധ്യതകൾ

1. പൂഞ്ചിറയിലെ കാലാവസ്ഥ പുഷ്പകൃഷിക്കും ചില

പ്രത്യേക ഇനം ഔഷധ ചെടികളുടെ കൃഷിക്കും ഏറെ അനുയോജ്യമാണ്. അവിടെയുള്ള ജനങ്ങൾക്ക് ഈ കൃഷി രീതികളിൽ ശാസ്ത്രീയമായ പരിശീലനം നൽകുകയും അവിടെ ഉൽപ്പാദിപ്പിക്കുന്ന പുഷ്പങ്ങളുടെയും ഔഷധ ങ്ങളുടെയും വിപണനത്തിനുള്ള സൗകര്യങ്ങൾ കണ്ടെ ത്തുകയും ചെയ്യുക.

2. വിശാലമായ പുൽമേടുകൾ നിറഞ്ഞ ഈ പ്രദേശങ്ങൾ കാലിവളർത്തലിന് അനുയോജ്യമാണ്.
3. പൂഞ്ചിറയുടെ വികസനം ലക്ഷ്യമാക്കി പഞ്ചായത്തുതല ത്തിൽ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കണം.
4. ചിലവു കുറഞ്ഞ ലോഡ്ജുകളും കോട്ടേജുകളും ഹോട്ട ലുകളും കോൺഫറൻസ് ഹാളുകളും നിർമ്മിക്കണം. ഇത്തരം സംരംഭങ്ങളിൽ നിന്ന് ലഭിക്കുന്ന ലാഭം അവിടെ കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഉപയോഗിക്കു കയുമാവാം.
5. സ്പോർട്സ് പരിശീലന കേന്ദ്രം, യോഗാ സെൻറർ, ആയുർവേദ ചികിൽസാ കേന്ദ്രം, ധ്യാനകേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങൾ ഉൾപ്പെട്ട ഒരു കോംപ്ലക്സ് പൂഞ്ചിറയിൽ ഉണ്ടാവണം. കൂടാതെ നിർദ്ദിഷ്ട ഡാം നിർമ്മാണം പൂർത്തിയായാൽ ബോട്ടിംഗ് സൗകര്യങ്ങളും ഏർപ്പെടു ത്താവുന്നതാണ്.
6. ഗ്രാമീണ വിശുദ്ധ നിലനിൽക്കുന്ന അന്തരീക്ഷത്തിൽ ശാന്തമായും സ്വസ്ഥമായും മാനസികോല്ലാസം ലഭിക്കു ന്നതിന് സഹായകമായ ഒരു കേന്ദ്രമെന്ന നിലയിൽ പൂഞ്ചി റയെ വളർത്തിയെടുക്കുന്നത് അഭികാമ്യമായിരിക്കും.
7. പൂഞ്ചിറയിലെ ഇന്നുള്ള ജലലഭ്യതയ്ക്ക് കോട്ടം തട്ടുന്ന വിധം അവിടെയുള്ള പ്രകൃതിദത്തമായ പുൽമേടുകളെ നശിപ്പിക്കാൻ ഇടവരുത്തരുത്. പൂഞ്ചിറയിൽ നിന്ന് സമീ പത്തുള്ള മലകൾ കയറുന്നതിന് റോഡുകൾക്കു പകരം നടപ്പാതകൾ നിർമ്മിക്കണം.

## കോലാനി മുടി

ഇലവീഴാപൂഞ്ചിറയിൽ എത്തുന്ന ടൂറിസ്റ്റുകൾക്ക് കാൽനടയായി തന്നെയെത്താവുന്ന മനോഹരമായ ഒരു സ്ഥലമാണ് കോലാനിമുടി. അറബിക്കടൽ വരെ വ്യാപിച്ചു കിടക്കുന്ന അതിവിശാലമായ ഭൂഭാഗങ്ങൾ ഇവിടെ നിന്ന് നോക്കിയാൽ കാണാൻ കഴിയും.

ഇപ്പോൾ നിർമ്മാണഘട്ടത്തിലിരിക്കുന്ന കാഞ്ഞിരം കവല – നരിമറ്റം റോഡിൻെറ പൂർത്തീകരണത്തോടെ മേലു കാവ് ഗ്രാമപഞ്ചായത്തിൻെറ മലയോര പ്രദേശങ്ങളുടെ വിക സനത്തെ സംബന്ധിച്ചിടത്തോളം ഒരു നൂതനാദ്ധ്യായം രചി ക്കപ്പെടുകയാണ്. കാഞ്ഞിരംകവല മുതൽ നരിമറ്റം വരെയുള്ള മനോഹരദൃശ്യങ്ങൾ സഞ്ചാരികളുടെ മനം കവരുന്നതാണ്. ഈ റോഡ് പുള്ളിക്കാനം – വാഗമൺ റോഡുമായി ബന്ധി പ്പിക്കുന്നപക്ഷം കൊച്ചിയിൽ നിന്ന് തേക്കടിക്കുള്ള ഏറ്റവും കുറഞ്ഞ റൂട്ട് എന്ന പ്രത്യേകയുമുണ്ട്. പൂഞ്ചിറ, ഇല്ലി ക്കൽകല്ല്, വാഗമൺ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ച് വിനോദസഞ്ചാരികൾക്ക് തേക്കടിയിൽ എത്തിച്ചേരുന്നതി നുള്ള ഏറ്റവും എളുപ്പമായ മാർഗ്ഗമായിരിക്കും ഇത്. ഇത്തരം സാധ്യതകളെല്ലാം കണക്കിലെടുത്തുകൊണ്ട് ഈ പഞ്ചായ ത്തിൻെറ ടൂറിസം വികസനത്തെ സംബന്ധിക്കുന്ന ഒരു മാസ്റ്റർ പ്ലാനിന് രൂപം നൽകേണ്ടതാണ്.



# ഗതാഗതം - ഊർജ്ജം

കേരളത്തിന്റെ ഗ്രാമപ്രദേശങ്ങളിൽ കഴിഞ്ഞ ഏതാനും ദശകങ്ങളായി നടന്ന ഏറ്റവും പ്രധാന വികസനം ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിലുണ്ടായ പുരോഗതിയാണ്. 1953-ന് ശേഷമാണ് നമ്മുടെ പഞ്ചായത്തിൻെറ വിവിധ വാർഡുകളിലുള്ള മിക്ക റോഡുകളുടെയും നിർമ്മാണം നടക്കുന്നത്. പഞ്ചായത്തിൻെറ സമഗ്ര വികസനത്തിന് ഈ റോഡുകൾ നിർണ്ണായകമായ പങ്കുവഹിക്കുന്നു.

പഞ്ചായത്തിൽ 25 കിലോമീറ്റർ പി.ഡബ്ലിയു.ഡി. റോഡുകൾ ഉണ്ട്. ഇവയെല്ലാം ടാർ റോഡുകളാണ്. ഈരാറ്റുപേട്ട - മുട്ടം റോഡ് (തോണിക്കല്ല് മുതൽ വലിയമംഗലം വരെ), മേലുകാവുമറ്റം - അന്തീനാട് റോഡ് (മേലുകാവുമറ്റം മുതൽ അപ്പക്കുഴി തോടു വരെ), പൈകടപീടിക - കുറുമണ്ണ് റോഡ് (പൈകടപ്പീടിക മുതൽ മനയ്ക്കകണ്ടം വരെ), കോണിപ്പാട് - വാകക്കാട് - മൂന്നിലവ് റോഡ്, കാഞ്ഞിരംകവല - മേച്ചാൽ റോഡ് (കാഞ്ഞിരംകവല മുതൽ കോലാനി വരെ) എന്നിവയാണ് P.W.D റോഡുകൾ. ഇതിൽ കാഞ്ഞിരകവല - മേച്ചാൽ റോഡിന്റെ കോലാനി മുതലുള്ള ഭാഗം ഇപ്പോൾ നിർമ്മാണഘട്ടത്തിലാണ്.

നിലവിലുള്ള പഞ്ചായത്ത് റോഡുകളുടെ ദൈർഘ്യം 45.735 കി.മീറ്ററാണ്. ഇതിൽ മിക്ക റോഡുകളും ഭാഗികമായി മാത്രം ടാർ ചെയ്തവയും ശേഷിക്കുന്നവ മൺറോഡുകളുമാണ്. പല റോഡുകൾക്കും നാല്, അഞ്ച് മീറ്ററിൽ കൂടുതൽ വീതിയില്ല. തൻമൂലം വാഹന ഗതാഗതത്തിന് തടസ്സം നേരിടാറുണ്ട്. വീതികുറഞ്ഞ ഇത്തരം റോഡുകളിൽ ഓടകൾ തീർത്ത് അവയുടെ സംരക്ഷണം ഉറപ്പാക്കാൻ കഴിയാതെ വരുന്നു.

നിർദ്ദിഷ്ട എറണാകുളം - എരുമേലി സ്റ്റേറ്റ് ഹൈവേയുടെ തോണിക്കല്ലു മുതൽ വലിയമംഗലം വരെയുള്ള 11.5 കി.മീറ്റർ മേലുകാവ് പഞ്ചായത്തിലാണ്. ഈ റോഡിലൂടെയുള്ള വാഹന ഗതാഗതം ദിവസംതോറും ഏറി വരുന്നു. പാക്കാപ്പിള്ളിയിലും പാണ്ടിയാമ്മാവിലുമുള്ള കൊടുംവളവുകൾ വീതികൂട്ടി അപകടവിമുക്തമാക്കേണ്ടതാണ്. വീതികുറഞ്ഞ മറ്റ് ഭാഗങ്ങളിൽ വീതി വർദ്ധിപ്പിക്കുന്നുള്ള നടപടികളും ഉണ്ടാവണം.

പഞ്ചായത്തിലെ മലയോര പ്രദേശങ്ങളായ രണ്ട്, മൂന്ന് വാർഡുകളിലെ വികസനത്തെ വളരെയേറെ സഹായിക്കുന്ന റോഡാണ് ഇപ്പോൾ നിർമ്മാണഘട്ടത്തിലിരിക്കുന്ന കാഞ്ഞിരംകവല - മേച്ചാൽ റോഡ്. മേലുകാവിൽ നിന്ന് ടൂറിസ്റ്റ് കേന്ദ്രമായ പൂഞ്ചിറയിലേക്കുള്ള റോഡ് P.W.D. ഏറ്റെടുത്ത് അതിൻെറ നിർമ്മാണ ജോലികൾ ത്വരിതപ്പെടുത്തണം.

## നിലവിലുള്ള പഞ്ചായത്ത് റോഡുകൾ

### വാർഡ് ഒന്ന്

1. കുരിശുങ്കൽ - കുളത്തിക്കണ്ടം
2. കാഞ്ഞിരംകവല - കല്ലുവെട്ടം
3. കുളത്തിക്കണ്ടം - ആർക്കാട്
4. കാഞ്ഞിരംകവല - എള്ളുംപുറം

### വാർഡ് രണ്ട്

5. വടക്കുംഭാഗം - കാക്കൊമ്പ്
6. മേലുകാവ് - പൂഞ്ചിറ
7. പെരിങ്ങാലി - വടക്കുമേട്
8. പുളിമൂട് - പൂപ്പാനിത്തടം
9. ചേലക്കുന്ന് കവല - മൂട്ടക്കല്ല് - പുളിമൂട്

### വാർഡ് മൂന്ന്

10. മേലുകാവ് - തടിക്കാട് - ഇരുമാപ്ര
11. കോലാനി - ഇരുമാപ്ര
12. കോലാനി - മേച്ചാൽ (മുണ്ടിയാനിക്കട്ട)

### വാർഡ് നാല്

13. മേലുകാവുമറ്റം - കളപ്പുരപ്പാറ
14. മേലുകാവ് - കളപ്പുരപ്പാറ
15. കളപ്പുരപ്പാറ - കല്ലുവെട്ടം
16. മേലുകാവ്മറ്റം - പടിയ്ക്കവര
17. ചാലമറ്റം - ഇരുമാപ്ര
18. ചേലക്കുന്ന് കവല - പ്ലാച്ചേരിത്തോട്ടം

### വാർഡ് അഞ്ച്

19. ഉപ്പിടുപാറ - മറ്റംപള്ളി - വാകക്കാട്
20. വാകക്കാട് - അഞ്ചുമല
21. വാകക്കാട് - ഇടമറുക്
22. ഉപ്പിടുപാറ - ഇരുമാപ്ര
23. ഉപ്പിടുപാറ - രണ്ടാറ്റുമുന്നി
24. പൈകടപ്പീടിക - വാകക്കാട്

മേലുകാവ് ഗ്രാമപഞ്ചായത്ത് P.W.D.റോഡുകൾ, പഞ്ചായത്ത് റോഡുകൾ



### വാർഡ് ആറ്

25. ഇടമറുക് – വാകക്കാട് – വലിയമംഗലം
26. കൈലാസം – നിർമ്മലഗിരി
27. ഇടമറുക് – കയ്യൂർ
28. ഇടമറുക് – കേഴപ്ലാവ് (ഗ്രീൻവാലി)

### വാർഡ് ഏഴ്

29. പൈകടപ്പീടിക – പട്ടികൊന്നപാറ
30. പയസ്മൗണ്ട് – വെള്ളിലാത്തൊട്ടി
31. കിഴക്കൻമറ്റം – മേരിലാൻഡ്
32. പയസ്മൗണ്ട് – തോട്ടത്തിമല
33. തോട്ടത്തിമാല – കാരിഞ്ച

### വാർഡ് എട്ട്

34. ചാലമറ്റം – വെള്ളിലാത്തൊട്ടി
35. മേലുകാവുമറ്റം – ലക്ഷംവീടു കോളനി
36. കുരിശുങ്കൽ – വെള്ളിലാതൊട്ടി
37. കുരിശുങ്കൽ – അഴികണ്ണി
38. ഹെൻട്രി ബേക്കർ കോളേജ് റോഡ്

ആകെ നീളം – 45.735 കി.മീറ്റർ

ടാർ ചെയ്തത് – 11.990 „

ടാർ ചെയ്യാനുള്ള– 33.745 „

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

### വാർഡ് ഒന്ന്

1. മേലുകാവുമറ്റം ദീപ്തി ജംക്ഷൻ – കോളേജ് ഗ്രൗണ്ട്
2. പാണ്ടിയമ്മാവ് – കുളത്തിക്കണ്ടം

### വാർഡ് രണ്ട്

3. വടക്കുംഭാഗം – കാക്കൊമ്പ് (ശേഷിക്കുന്ന ഭാഗം)

### വാർഡ് മൂന്ന്

4. പെരിങ്ങാലി – പുള്ളിപ്പാറ – കോലാനിത്തോട്ടം

### വാർഡ് നാല്

5. മേലുകാവുമറ്റം – പടിക്കവര (ശേഷിച്ചഭാഗം)
6. ചാലമറ്റം – ഉപ്പിട്ടുപാറ (മെയിൻ റോഡിനു സമാന്തരമായി)

### വാർഡ് അഞ്ച്

7. വാകക്കാട് – കോളനി ഭാഗം

### വാർഡ് ആറ്

8. ഇടമറുക് – കയ്യൂർ
9. കൈലാസം – ചൊക്കല്ല്

### വാർഡ് ഏഴ്

10. കോണിപ്പാട് – പയസ് മൗണ്ട്

### വാർഡ് എട്ട്

11. കുരിശിങ്കൽ – അടിച്ചിമാവ് – വെള്ളിലാത്തൊട്ടി

## പ്രശ്നങ്ങൾ

പല റോഡുകൾക്കും മതിയായ വീതിയില്ല. വീതി കുറഞ്ഞ റോഡുകളുടെ വികസനത്തിന് ഫണ്ടുകൾ വിനിയോഗിക്കുവാൻ പലപ്പോഴും കഴിയാതെ വരും. ഇത്തരം റോഡുകളിൽ ഓടകൾ നിർമ്മിക്കാൻ അസാധ്യമാണ്. തൻമൂലം മഴക്കാലത്ത് റോഡുകൾ താറുമാറാകുന്നു. സംരക്ഷണഭിത്തിയുടെ അഭാവം മൂലം ചെരിഞ്ഞ പ്രദേശങ്ങളിൽകൂടിയുള്ള റോഡുകൾ മണ്ണിടിച്ചിൽ മൂലം നശിക്കുന്നു.

## നിർദ്ദേശങ്ങൾ

1. പുതിയ റോഡുകളുടെ നിർമ്മാണത്തിനു മുമ്പ് കുറഞ്ഞത് എട്ടു മീറ്റർ വീതിയിൽ സ്ഥലം സറണ്ടർ വാങ്ങിക്കുക.
2. ഇത്തരം റോഡുകൾ ജനകീയ കമ്മിറ്റികളുടെ നേതൃത്വത്തിൽ നിർമ്മാണം പൂർത്തിയാക്കി പഞ്ചായത്തിനെ ഏൽപ്പിക്കുക.
3. വടക്കുംഭാഗം – വേങ്ങപ്പാറ കടവിൽ നടപ്പുപാലം നിർമ്മിക്കുക.
4. വടക്കുമേട് – കാക്കൊമ്പ് റോഡിൽ പാറത്തോടിന് പാലം പണിയുക.
5. ചെമ്മലപ്പള്ളി റോഡ് കുളത്തിക്കണ്ടവുമായി ബന്ധിപ്പിക്കുക.
6. വില്ലേജ് ഓഫിസ് റോഡ് ടാർ ചെയ്യുക.
7. കുരിശുങ്കൽ, കോണിപ്പാട് എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കുക.
8. ടാക്സി സ്റ്റാൻഡ് നിർമ്മിച്ച് ടൗണിലെ വാഹനത്തിരക്ക് ഒഴിവാക്കുക.
9. റോഡിലേക്ക് ഇറങ്ങി നിൽക്കുന്ന ഇലക്ട്രിക്, ടെലിഫോൺ പോസ്റ്റുകളും സൈൻ ബോർഡുകളും പരസ്യ ബോർഡുകളും കഴിവതും മാറ്റി സ്ഥാപിക്കുക.

വിവിധ വാർഡുകളിലെ റോഡുകളുടെ സംരക്ഷണത്തിനും പുതിയ റോഡുകളുടെ നിർമ്മാണത്തിനും ജനങ്ങളുടെ സമ്പൂർണ്ണായ സഹകരണം ലഭ്യമാക്കുവാൻ പരമാവധി ശ്രമിക്കേണ്ടതാണ്

# ഊർജ്ജം

ഊർജ്ജം എന്നു കേൾക്കുമ്പോൾ തന്നെ നാം പ്രഥമ പരിഗണന നൽകുന്നത് വൈദ്യുതിക്കാണ്. വിറക്, മണ്ണെണ്ണ, പാചകവാതകം തുടങ്ങിയ വിവിധ വൈദ്യുതേതര ഊർജ്ജ ശ്രോതസ്സുകളെയും നമ്മുക്ക് അവഗണിക്കാനാവില്ല. ഇവയെല്ലാം അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഒരു സമഗ്ര ഊർജ്ജാസൂത്രണമാണ് അഭികാമ്യമായിട്ടുള്ളത്. കാർഷിക സമ്പദ്ഘടനയുടെ നിലനിൽപ്പും അഭിവൃദ്ധിയും വളരെയേറെ ആശ്രയിച്ചിരിക്കുന്നത് വൈദ്യുതേതര ഊർജ്ജാസൂത്രണത്തെയാണ്.

1972 ലാണ് മേലുകാവ് പഞ്ചായത്തിലെ ഏതാനും സ്ഥലങ്ങളിൽ വൈദ്യുതി ആദ്യമായി എത്തിച്ചേർന്നത്. പഞ്ചായത്തിൽ സമ്പൂർണ്ണമായ വൈദ്യുതവൽക്കരണം ഇനിയും നടന്നിട്ടില്ല. എല്ലാ വാർഡുകളിലും തന്നെ വൈദ്യുതി എത്തിച്ചേരാത്ത പലസ്ഥലങ്ങളുമുണ്ട്. മേലുകാവുമറ്റം ആസ്ഥാനമായി കെ.എസ്.ഇ.ബി.യുടെ ഒരു ജൂണിയർ എൻജിനീയർ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്ത് പ്രദേശത്തെ കെ.എസ്.ഇ.ബി. ട്രാൻസ്ഫോർമറുകളും അവയുടെ കപ്പാസിറ്റിയും ചുവടെ ചേർക്കുന്നു.

| നമ്പർ | സ്ഥലപ്പേര് | കപ്പാസിറ്റി |
|---|---|---|
| 1. | കുരിശിങ്കൽ | 100 KVM |
| 2. | മേലുകാവുമറ്റം | 160 KVM |
| 3. | മേലുകാവു സെൻറർ | 100 KVM |
| 4. | കോണിപ്പാട് | 63 KVM |
| 5. | പയസ്മൗണ്ട് | 63 KVM |
| 6. | ഇടമറുക് | 100 KVM |
| 7. | വാകക്കാട് | 100 KVM |

പഞ്ചായത്തിലെ എട്ടു വാർഡുകളിലും കൂടി വൈദ്യുതീകരിച്ച ആകെ വീടുകളുടെ എണ്ണം 1259 ആണ്. വ്യാപാര ഉപഭോക്താക്കൾ 110 –ഉം വ്യാവസായിക ഉപഭോക്താക്കൾ 10–ഉം കാർഷിക ഉപഭോക്താക്കൾ അഞ്ചും ആണ്.

72 ബൽബുകളും നാലു ട്യൂബുകളും ഉൾപ്പെടെ 76 സ്ട്രീറ്റ് ലൈറ്റുകളാണുള്ളത്. 1995 – 96 വർഷം സ്ട്രീറ്റ് ലൈറ്റുകളുടെ ഇലക്ട്രിസിറ്റി ചാർജ് ഇനത്തിൽ 12936 രൂപ പഞ്ചായത്ത് അടച്ചിട്ടുണ്ട്. പഞ്ചായത്തിലെ വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം വാർഡ് തിരിച്ച് താഴെ ചേർക്കുന്നു

| വാർഡ് | ആകെ വീടുകൾ | വൈദ്യുതീകരിക്കാത്തവ |
|---|---|---|
| I | 321 | 126 |
| II | 289 | 166 |
| III | 218 | 96 |
| IV | 296 | 96 |
| V | 232 | 90 |
| VI | 288 | 158 |
| VII | 259 | 96 |
| VIII | 249 | 65 |
| | 2152 | 893 |

വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം ഏറ്റവും കൂടുതൽ ഉള്ളത് യഥാക്രമം രണ്ട്, അഞ്ച്, ഒന്ന് എന്നീ വാർഡുകളിലാണ്.

പട്ടികജാതി പട്ടിക വർഗ മേഖലകളിലാണ് ഈ വീടുകളിൽ ബഹുഭൂരിപക്ഷവും. വീടുകൾ തമ്മിലുള്ള അകലം മൂലം വൈദ്യുതി ലഭിക്കുന്നതിന് ഭീമമായ തുക മിനിമം ഗ്യാരണ്ടിയായി നൽകേണ്ടി വരുന്നതിനാൽ പൊതവേ സാമ്പത്തിക ക്ലേശം അനുഭവിക്കുന്ന ഈ മേഖലയിലെ ജനങ്ങൾക്ക് വൈദ്യുതി ഇന്നും ഒരു വിദൂര സ്വപ്നം മാത്രമായി അവശേഷിക്കുന്നു. ഈ നില മാറേണ്ടിയിരിക്കുന്നു.പഞ്ചായത്തിൻെറ അടിയന്തര ശ്രദ്ധ ഇക്കാര്യത്തിൽ പതിയണം. പട്ടികവർഗത്തിൽപ്പെട്ട ജനങ്ങൾ കൂടുതലായി വസിക്കുന്ന ഈ പ്രദേശങ്ങളിലെ വീടുകളിൽ പ്രത്യേക പരിഗണന നൽകി വൈദ്യുതി എത്തിക്കുന്നതിനുള്ള നടപടികൾ ഗവൺമെൻറ് തലത്തിൽ ഉണ്ടാകണം. അതുപോലെ തന്നെ ഇനിയും വൈദ്യുതി ലഭിക്കേണ്ട മറ്റു വാർഡുകളിലെ വീടുകളും വൈദ്യുതീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കണം. നമ്മുടെ പഞ്ചായത്തിലെ 41.5 ശതമാനം വീടുകളിലും ഇനിയും വൈദ്യുതി എത്തിച്ചേർന്നിട്ടില്ല എന്ന വസ്തുത ഒട്ടും തന്നെ പ്രോത്സാഹനജനകമല്ല.

## പ്രശ്നങ്ങൾ

ഈ രംഗത്തെ പ്രശ്നങ്ങൾ നിരവധിയാണ്. വൈദ്യുതിയെത്തിയിട്ടുള്ള പല സ്ഥലങ്ങളിലും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. വൈദ്യുതി കണക്ഷനു വേണ്ടി അപേക്ഷ നൽകി ദീർഘനാളുകളായി കാത്തിരിക്കുന്നവരും ഉണ്ട്.

ലൈനുകളിൽ മരക്കൊമ്പുകൾ തട്ടി വൻതോതിൽ പ്രസരണ നഷ്ടമുണ്ടാകുന്നു. പ്രധാന കേന്ദ്രങ്ങളിൽ തെരുവു വിളക്കുകൾ ഇല്ല. സ്ട്രീറ്റ് ലൈറ്റുകൾ പലതും ഉപയോഗശൂന്യമായിരിക്കുന്നു. പ്രവർത്തനക്ഷമമല്ലാത്ത മീറ്ററുകൾ മൂലം പലപ്പോഴും അധികചാർജ് അടക്കേണ്ടിവരുന്നു.

## സാദ്ധ്യതകൾ

1. മൂലമറ്റത്തുനിന്നും പഞ്ചായത്തിലെ ഒന്നാം വാർഡിലുള്ള എള്ളുംപുറം വരെ എത്തിനിൽക്കുന്ന 11Kv ലൈൻ മേലുകാവുമറ്റത്തേക്ക് നീട്ടുകയും ഇവിടുത്തെ ലൈനുമായി

ബന്ധിപ്പിക്കുകയും ചെയ്യുക.

2. ഈരാറ്റുപേട്ട സബ് സ്റ്റേഷന്റെ പണി എത്രയും വേഗം പൂർത്തിയാക്കുക.

3. ഒന്നാം വാർഡിൽ കല്ലുവെട്ടം, പാണ്ട്യമ്മാവ് പ്രദേശങ്ങളിൽ നിരന്തരമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. കാഞ്ഞിരം കവലയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ച് ഇതിനു പരിഹാരം കാണണം. ചെമ്മല, കൊടിത്തോപ്പ്, കരിംകുറ്റിപ്പാറ, ചിരട്ടയോലി ഭാഗങ്ങളിലെ വീടുകളിൽ വൈദ്യുതി എത്തിക്കാനുള്ള നടപടിയും സ്വീകരിക്കണം.

രണ്ടാം വാർഡിന് വൈദ്യുതിയുടെ കാര്യത്തിൽ പട്ടികവർഗ്ഗ മേഖലയെന്ന നിലയിൽ പ്രത്യേക പരിഗണന നൽകണം.

മൂന്നാം വാർഡിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കണം. കോലാനി ലൈൻ മുണ്ടിയാനിക്കട്ട വരെ ത്രീഫേസ് ആക്കണം. പെരിങ്ങാലിയിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കണം. ഇത് പൂഞ്ചിറയിലുള്ള വയർലസ് സ്റ്റേഷനും പ്രയോജനപ്പെടും. മേലുകാവ് സെന്ററിൽ വഴി വിളക്കുകൾ സ്ഥാപിക്കണം. കോലാനിമുടി, മാൻകല്ലുമുടി, വിസ്ധ്യൻ മേട് എന്നിവിടങ്ങളിൽ നിന്ന് കാറ്റിന്റെ സഹായത്താൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള സാധ്യതകളെക്കുറിച്ച് വിശദമായ പഠനം നടത്തണം.

നാലാം വാർഡിലെ കളപ്പുര പാറ, തെക്കുംഭാഗം എന്നിവിടങ്ങളിലെ രൂക്ഷമായ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരമുണ്ടാക്കണം.

അഞ്ചാം വാർഡിൽ അഞ്ചുമലയുടെ അടിഭാഗം, ഉപ്പിടുപാറ പടിഞ്ഞാറുഭാഗം, വാകക്കാട് കോളനി, ഇരുമാപ്രമറ്റം എന്നിവിടങ്ങളിൽ ഇനിയും വൈദ്യുതി ലഭിക്കാത്ത നിരവധി വീടുകളുണ്ട്. ഇതിനു പരിഹാരമുണ്ടാകണം.

ആറാം വാർഡിൽ കൈലാസം ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

ഏഴാം വാർഡിന്റെ ഏതാണ്ട് 25 % ഭാഗങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല. പരിഹാരം കാണണം.

എട്ടാം വാർഡിലെ മുതിരപ്പാറ കോളനി, കൂട്ടുങ്കൽപ്പാറ കോളനി എന്നിവിടങ്ങളിലെ ശേഷിക്കുന്ന വീടുകളും വൈദ്യുതീകരിക്കണം.

4. മേലുകാവു മറ്റത്ത് ഇപ്പോഴുള്ള കെ.എസ്.ഇ.ബി. ജൂനിയർ എൻജിനീയർ ഓഫീസ് സെക്ഷൻ ഓഫീസ് ആയി ഉയർത്തണം.

5. 'കോംപാക്ട് ഫ്ളൂറസെന്റ് ലാംപ്' വീടുകളിൽ ഉപയോഗിക്കുന്ന പക്ഷം വൈദ്യുതിയുടെ അളവ് ഗണ്യമായി കുറക്കുന്നതിന് സാധിക്കും. ഒരു 40 വോൾട്ട് ബൾബിനും പകരം 9 വാൾട്ട് കഞ്ചന്ത ഉപയോഗിച്ചാൽ കൂടുതൽ പ്രകാശവും അതുവഴി സാമ്പത്തികലാഭവും ഉണ്ടാകുന്നു. ഒരു ബൾബിന്റെ ഉപയോഗത്തിൽനിന്നു തന്നെ പ്രതിവർഷം 50 യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ കഴിയും.

ഇത്തരം ബൾബുകൾ വാങ്ങിക്കുന്നതിന് ഉപഭോക്താക്കൾക്ക് സബ്സിഡി നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

6. അനർട്ടുമായി ബന്ധപ്പെട്ട് സൗരോർജവിളക്കുകളുടെ പ്രയോജനത്തെ സംബന്ധിച്ച പ്രചാരണ പ്രവർത്തനങ്ങൾ നടത്തണം. ഇതിന് പഞ്ചായത്തുതലത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാവുന്നതാണ്.

7. കന്നുകാലി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ബയോഗ്യാസ് പ്ലാന്റുകൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുക.





# ആരോഗ്യവും കുടിവെള്ളവും

ഇന്ന് നിലവിലുള്ള ആരോഗ്യസൂചകങ്ങൾ വച്ചുനോക്കുമ്പോൾ പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യസ്ഥിതി പൊതുവെ മെച്ചമാണെന്ന് കാണാം. മരണനിരക്ക് വളരെ കുറഞ്ഞിരിക്കുന്നതുകൊണ്ട് ആരോഗ്യപരിപാലനം സംബന്ധിച്ച ലക്ഷ്യങ്ങളെല്ലാം നാം നേടിക്കഴിഞ്ഞുവെന്ന് കരുതുന്നത് തെറ്റാണ്. പഞ്ചായത്തിലെ മൊത്തം ജനങ്ങളുടെ ആരോഗ്യസ്ഥിതി വിലയിരുത്തുമ്പോൾ നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന ഒരു വസ്തുതയുണ്ട്. മരണനിരക്ക് ഗണ്യമായി കുറഞ്ഞിട്ടുണ്ടെങ്കിലും രോഗാതുരത കൂടുതലാണെന്ന കാര്യം ഓർമ്മിക്കേണ്ടതുണ്ട്. രോഗികളായി കൂടുതൽ കാലം ജീവിച്ചിരിക്കുന്ന ഒരു പ്രത്യേക സ്ഥിതിവിശേഷമാണിത്. യഥാർത്ഥത്തിൽ ഈ രോഗാവസ്ഥയിലുള്ള കാലം ആയുർദൈർഘ്യത്തിൽ നിന്ന് കുറച്ച് ബാക്കിയുള്ളതുമാത്രം യഥാർത്ഥ ആയുർ ദൈർഘ്യമായി കൂട്ടേണ്ടതാണ്.

പഞ്ചായത്തിലെ ആരോഗ്യമേഖലയെക്കുറിച്ച് വസ്തുനിഷ്ഠമായ ഒരവലോകനം നടത്തുന്നതിന് മുൻപ് ചില അടിസ്ഥാന മാനദണ്ഡങ്ങൾക്ക് നാം ഊന്നൽ നൽകേണ്ടതുണ്ട്. ജനനനിരക്ക്, ശിശുമരണനിരക്ക്, മാതൃമരണനിരക്ക്, പൊതുമരണനിരക്ക് എന്നിവയെ സംബന്ധിച്ച് കേരളത്തിന്റെ ശരാശരിയുമായി ഒരു താരതമ്യപഠനം ഇക്കാര്യത്തിൽ പ്രയോജനകരമായിരിക്കും.

| (ആയിരത്തിന്) | കേരളം | പഞ്ചായത്ത് |
|---|---|---|
| ജനനനിരക്ക് | 17 | 15 |
| ശിശുമരണനിരക്ക് | 16 | 5 |
| മാതൃമരണനിരക്ക് | 1 | 1 ൽതാഴെ |
| പൊതുമരണനിരക്ക് | 5.9 | 4 |

പഞ്ചായത്തിലെ ജനസംഖ്യയിൽ വിവിധപ്രായപരിധിയിൽപ്പെട്ടവരുടെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ ജനസംഖ്യ | 10221 |
| 5 വയസ്സിൽ താഴെ പ്രായമുള്ളവർ | 7 % |
| 5 മുതൽ 18 വരെ | 21% |
| 18 മുതൽ 35 വരെ | 32% |
| 35 മുതൽ 65 വരെ | 33% |
| 65 മുതൽ 80 വരെ | 6% |
| 80 ന് മുകളിൽ | 1% |

പഞ്ചായത്തുതല സമഗ്രആരോഗ്യപരിപാടിക്ക് രൂപം നൽകുമ്പോൾ താഴെചേർക്കുന്ന വസ്തുതകൾ പരിഗണിക്കേണ്ടതാണ്.

1. പഞ്ചായത്തുതല ആരോഗ്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് പഞ്ചായത്ത് ജനകീയകമ്മിറ്റി ഉണ്ടാക്കണം. വിപുലമായ ഒരു കൺവൻഷനിൽ വച്ച് കമ്മറ്റി രൂപീകരിക്കുന്നത് അഭികാമ്യമായിരിക്കും. പ്രസ്തുതകമ്മറ്റിയുടെ അധ്യക്ഷൻ പഞ്ചായത്ത് പ്രസിഡന്റായിരിക്കണം. ആരോഗ്യ ഉദ്യോഗസ്ഥരും പഞ്ചായത്ത് അംഗങ്ങളും ആരോഗ്യകാര്യങ്ങളിൽ താൽപര്യമുള്ള വ്യക്തികളും അടങ്ങുന്നതായിരിക്കണം ഈ കമ്മറ്റി.

2. ആരോഗ്യവകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ്, കുടുംബക്ഷേമവകുപ്പ് തുടങ്ങിയ വിവിധ ഏജൻസികളുടെ കീഴിൽ ശിശുക്കൾക്കും ഗർഭിണികളായ സ്ത്രീകൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും, സ്കൂൾ വിദ്യാർത്ഥികൾക്കും വേണ്ടി നടപ്പാക്കുന്ന വിവിധ പദ്ധതികളെ വിമർശനപരമായി വിലയിരുത്തുകയും പോരായ്മ പരിഗണിക്കുന്നതിനുള്ള നിർദ്ദേശങ്ങൾക്ക് രൂപംനൽകുകയും ചെയ്യുക.

3. ഈരാറ്റുപേട്ട ബ്ലോക്കിലെ ഏകകമ്മ്യൂണിറ്റി ഹെൽത്തുസെന്ററാണ് ഇടമറുക് പി.എച്ച്. സെൻറർ. ഇത് കേന്ദ്രമാക്കിയാണ് സമഗ്ര ആരോഗ്യപരിപാടി നടപ്പിലാക്കേണ്ടത്. പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്നതായിരിക്കണം പ്രഥമപരിപാടി. പഞ്ചായത്തിൽ താഴെപ്പറയുന്ന ആരോഗ്യപ്രവർത്തനങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

1. സമ്പൂർണ്ണ രോഗപ്രതിരോധപ്രവർത്തനങ്ങൾ
2. രക്തഗ്രൂപ്പ് നിർണ്ണയക്യാമ്പുകളും രക്തദാനസേനാ രൂപീകരണവും
3. ക്യാൻസർ – നേത്രരോഗ പരിശോധനാക്യാമ്പുകൾ
4. സ്കൂൾകുട്ടികൾക്ക് പ്രത്യേക മെഡിക്കൽചെക്കപ്പും രോഗനിർണ്ണയവും
5. പോഷകാഹാരനില മെച്ചപ്പെടുത്താൻ ഉച്ചക്കഞ്ഞി വിത

രണം കാര്യക്ഷമമാക്കുക.

6. പോഷണവിദ്യാഭ്യാസം നൽകുക. ഇതിൽ സ്ത്രീകളെ കൂടുതലായി പങ്കെടുപ്പിക്കുക.

7. സ്കൂൾ പച്ചക്കറിത്തോട്ടനിർമ്മാണം പ്രോൽസാഹിപ്പിക്കുക.

8. ഗ്രാമശുചീകരണവാരം ആഘോഷിക്കുക. ആരോഗ്യസംരക്ഷണത്തിൽ ശുചീകരണത്തിനുള്ള പങ്ക് ജനങ്ങളെ ബോധ്യപ്പെടുത്തുകയാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഈ പരിപാടിയിൽ ചുവടെചേർക്കുന്ന പ്രവർത്തനങ്ങൾ ഉണ്ടാവണം

   1. വീട് ശുചീകരണം – കമ്പോസ്റ്റ് നിർമ്മാണം
   2. വിദ്യാലയം, ആശുപത്രി, റോഡ് കവലകൾ, മാർക്കറ്റ്, റോഡുകൾ, മറ്റ് ജനവാസകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ശുചീകരണം കാര്യക്ഷമമാക്കുക. ഇതൊരു തുടർപരിപാടിയാക്കണം.
   3. ആരോഗ്യരംഗത്തെ പ്രശ്നങ്ങൾ ശരിക്ക് മനസ്സിലാക്കുന്നതിന് വിശദമായ ആരോഗ്യപഠനം പഞ്ചായത്തിൽ നടത്തണം. ജനങ്ങളുടെ സഹകരണത്തോടെ പഞ്ചായത്ത് സമിതിയുടെ നേതൃത്വത്തിൽ പഠനം നടത്തുകയും അതിൻെറ അടിസ്ഥാനത്തിൽ തുടർന്നുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും വേണം.

പഞ്ചായത്തിലെ പ്രധാനപ്പെട്ട ചികിത്സാകേന്ദ്രങ്ങൾ താഴെപ്പറയുന്നവയാണ്.

## ഇടമറുക് പ്രാഥമിക ആരോഗ്യകേന്ദ്രം

ഈരാറ്റുപേട്ട ബ്ലോക്കിലെ ഏക പ്രൈമറി ഹെൽത്ത്സെൻറർ ആണ് ഇടമറുക് പയസ്മൗണ്ട് ജംഗ്ഷന് സമീപം സ്ഥിതിചെയ്യുന്ന ഈ ആരോഗ്യകേന്ദ്രം. ആറ് ബെഡ്ഡുകൾ ഉള്ള ഒരു ഇൻപേഷ്യന്റ് വാർഡും മിനി ഓപ്പറേഷൻ തീയേറ്ററും, ലാബോറട്ടറിയും, ക്വാട്ടേഴ്സുകളും ചേർന്ന ഈ സമുച്ചയം മേലുകാവ് പഞ്ചായത്തിലേയും സമീപപ്രദേശങ്ങളിലേയും ജനങ്ങളുടെ ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളുടേയും കേന്ദ്രബിന്ദുവായിരിക്കേണ്ടതാണ്. മാത്രവുമല്ല, പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വരുന്ന താണവരുമാനക്കാരായ സാധാരണജനങ്ങൾക്ക് പട്ടണങ്ങളിലെ വൻകിട ആശുപത്രികളെ ആശ്രയിക്കാനുള്ള സാമ്പത്തികശേഷിയില്ലെന്ന വസ്തുതയും ഇത്തരുണത്തിൽ നാം ഓർമ്മിക്കേണ്ടതുണ്ട്. ഇവിടെ സേവനമനുഷ്ടിക്കുന്ന ഡോക്ടർമാരുൾപ്പെടെയുള്ളവരുടെ ശമ്പളഇനത്തിൽ മാത്രം പ്രതിവർഷം 10 ലക്ഷം രൂപയ്ക്കുമേൽ സർക്കാർ ചെലവാക്കിക്കൊണ്ടിരിക്കുന്നു. എന്നാൽ ഈ പ്രാഥമികാരോഗ്യകേന്ദ്രവും അതിൻെറ ഉപകേന്ദ്രങ്ങളും ഇന്ന് വേണ്ടവിധത്തിലല്ല പ്രവർത്തിക്കുന്നത്. രോഗപ്രതിരോധകേന്ദ്രമായി പ്രവർത്തിക്കേണ്ട ഈ കേന്ദ്രം കുടുംബാസൂത്രണപരിപാടികൾ നടപ്പിലാക്കാനുള്ള ഒരു സ്ഥാപനം മാത്രമായി നിലനിന്നാൽ പോരാ. ഈ ആരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയാണ് അടിയന്തിരമായി ചെയ്യേണ്ടത്. അതിന് മുമ്പ് ഇപ്പോൾ ഈ സ്ഥാപനം നേരിടുന്ന ഇല്ലവല്ലായ്മകൾ എന്തൊക്കെയാണെന്ന് വിലയിരുത്തേണ്ടതുണ്ട്. അവ താഴെ ചേർക്കുന്നു.

1. ഡോക്ടർമാരുടെ സേവനം വേണ്ടതോതിൽ ലഭിക്കുന്നില്ല.
2. ആവശ്യത്തിന് സ്റ്റാഫ് നഴ്സുമാരില്ല
3. കെട്ടിടങ്ങളുടെ മെയിൻറനൻസ് പണി യഥാസമയം നടക്കുന്നില്ല.
4. കേന്ദ്രത്തിന് ഒരു വാഹനമുണ്ടെങ്കിലും ഡ്രൈവർ ഇല്ല.
5. ആശുപത്രിയിലെ ഇൻപേഷ്യന്റ് വിഭാഗം പ്രവർത്തിക്കുന്നില്ല.
6. ക്വാർട്ടേഴ്സ് ഒഴിഞ്ഞുകിടപ്പുണ്ടെങ്കിലും അവിടെ ഡോക്ടർ താമസമില്ല.

ഈ പോരായ്മകൾ ഉടനടി പരിഹരിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കണം. ഇരുപത്തിനാലുമണിക്കൂറും ഒരു ഡോക്ടറുടെ സേവനം ഉറപ്പുവരുത്തണം. രോഗികളെ കിടത്തി ചികിത്സിക്കുവാൻ എന്തുകൊണ്ടോ ഡോക്ടർമാർ തയ്യാറാകുന്നില്ല. ഈ നില മാറ്റിയെടുക്കണം.

ഇക്കാര്യങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് സമിതിയുടെ അടിയന്തിര ശ്രദ്ധപതിയണം.

## ഗവ: ഹോമിയോ ഡിസ്പൻസറി

മേലുകാവ് പഞ്ചായത്തിലെ ഏക സർക്കാർ ഹോമിയോ ആശുപത്രിയാണ് മേലുകാവ് സെൻററിൽ C.S.I കത്തീഡ്രൽ വക കെട്ടിടത്തിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഒരു മെഡിക്കൽ ഓഫീസറും അസിസ്റ്റൻറും സേവനം അനുഷ്ഠിക്കുന്നു. ചേലക്കുന്ന് കവലയിൽ പുതിയ ആശുപത്രി കെട്ടിടത്തിൻെറ പണിയും പുരോഗമിക്കുന്നു. ഈ ആശുപത്രിയുടെ വികസനത്തിന് താഴെ ചേർക്കുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

1) ഇപ്പേൾ ഒരു ഡിസ്പൻസറിക്ക് ഗവൺമെൻറ് അനുവദിച്ചിട്ടുള്ളത് ഒരു വർഷത്തേക്ക് 10000 രൂപയുടെ മരുന്ന് മാത്രമാണ്. മരുന്നുകളുടെ വില വർദ്ധനവു കണക്കിലെടുക്കുമ്പോൾ ഈ തുക തികച്ചും അപര്യാപ്തമാണ്. മരുന്നുൻെറ അലോട്ട്മെൻറ് തുക 50000 രൂപയെങ്കിലും ആയി ഉയർത്തേണ്ടതാണ്.

2) ഈ സ്ഥാപനം അപ്ഗ്രേഡ് ചെയ്ത് 25 കിടക്കകളെങ്കിലുമുള്ള ഒരു ആശുപത്രിയായി വികസിപ്പിക്കേണ്ടതാണ്. എങ്കിൽ 24 മണിക്കൂറും രോഗികൾക്ക് ഇവിടെ നിന്ന് ചികിത്സാസൗകര്യങ്ങൾ ലഭ്യമാകുന്നതാണ്.

3) പഞ്ചായത്തിൽ ഒരു ആയുർവ്വേദാശുപത്രി സ്ഥാപിക്കേണ്ടതാണ്.

**മേലുകാവ് പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മേഖലകളും വാർഡ് തിരിച്ച് താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു. പ്രയോജനപ്പെടുത്താവുന്ന ജലസ്രോതസ്സുകളും ഇതര സാദ്ധ്യതകളും പട്ടികയിൽ ചേർത്തിരിക്കുന്നു.**

| വാർഡ് | കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മേഖലകൾ | പ്രയോജനപ്പെടുത്താവുന്ന ജലസ്രോതസ്സുകൾ | സാദ്ധ്യതകളും ആവശ്യങ്ങളും |
|---|---|---|---|
| 1 | കല്ലുവെട്ടം പാണ്ട്യാമ്മാവ് ചെമ്മലഎള്ളുംപുറം കൊടിത്തോപ്പ് | ചിരട്ടഓലി ചാത്താനിക്കൽ പുരയിടത്തിലെ കിണറും കുളവും. തുണ്ടിയിൽ ഓലി.(ചെമ്മല) | കാഞ്ഞിരം കവലയിലെ കുഴൽകിണർ പ്രവർത്തനക്ഷമമാക്കുക. കോലാനി ശുദ്ധജല പദ്ധതിയോട് ബന്ധപ്പെട്ട പൈപ്പുകൾ നന്നാക്കി ജലവിതരണം പുനസ്ഥാപിക്കണം. |
| 2 | മുട്ടക്കല്ല് വടക്കുംമേട് മേലുകാവ് സെന്റർ | മേലുകാവ് സെന്ററിൽ നിന്നും 3 കി. മീ. അകലെ പൂഞ്ചിററോഡിന്റെ ഇരു വശങ്ങളിലുമുള്ള ഉറവകൾ പാലമൂട്ടിൽ വാളേംപ്ലാക്കൽ കള്ളിക്കൽ പുരയിടങ്ങളിലെ ഉറവകൾ | പെരിങ്ങാലി തോട്ടത്തിൽ കുപ്പക്കയം ഭാഗത്ത് ചെക്ക് ഡാം നിർമ്മിക്കുക. 2,3,4 വാർഡുകളിൽ വെള്ളം ലഭ്യമാക്കാവുന്ന പദ്ധതിയാണിത്. നിലവിലുള്ള കോലാനി സ്കീമിലെ പൈപ്പുകൾ കേട് പോക്കി നന്നാക്കുക. |
| 3. | ഇരുമാപ്രഭാഗം കുടിയാറ്റിൽപ്പറ കോലാനി സി. എസ്. ഐ. പള്ളി ഭാഗം-പുളിയമ്മാക്കൽഭാഗം | കോലാനി നിലവിലുള്ള വാട്ടർ ടാങ്കിന് സമീപം | ഉചിതമായ സ്ഥലങ്ങളിൽ 3 കുഴൽക്കിണറുണൾ നിർമ്മിക്കുക. കോലാനി തോട്ടം ജലപദ്ധതിയിൽപെടുത്തി പുള്ളിപ്പാറയിൽ നിർമ്മിച്ചിട്ടുള്ള ടാങ്കിൽ വെള്ളംസംഭരിച്ച് ജലക്ഷാമമുള്ള മേഖലകളിൽ എത്തിക്കുക. കോലനിയിലെ ടാങ്ക് ഉപയോഗയോഗ്യമാക്കണം |
| 4 | കളപ്പുരപ്പാറ തെക്കുംഭാഗം ചാലമറ്റം കോണിപ്പാട് | പ്ലാച്ചേരിത്തോട്ടിലെ ഉറവ, പാണ്ടൻ കല്ലേൽ കവൂർ ഓലികൾ പുത്തൻപുര വേലമ്മാരുകുടി പുരയിടങ്ങൾക്കിടയിലെ ജലസ്രോതസ്സ് | കോണിപ്പാട് ചാലമറ്റം ഭാഗങ്ങളിൽ കുഴൽ കിണറുകൾ നിർമ്മിക്കുക. |
| 5. | ഉപ്പിട്ടുപാറ വാകക്കാടിന്റെ വടക്ക് കിഴക്കുഭാഗം, മറ്റം പള്ളി ഭാഗം കോണിപ്പാട് ലക്ഷം വീട് കോളനി. | കവൂർ ഓലി തെക്കേപ്പറമ്പിൽ പാടം | കവൂർ ഓലി വിപുലീകരിക്കുക. തെക്കേപ്പറമ്പിൽ പാടത്ത് കുളം നിർമ്മിക്കുക. വാകക്കാട് കോളനിയിൽ കുഴൽകിണർ നിർമ്മിക്കുക. കോണിപ്പാട് ലക്ഷംവീട് കോളനിയിൽ ഉള്ള കുഴൽക്കിണർ നന്നാക്കണം |
| 6. | രാജീവ് ദശലക്ഷം കോളനി കല്ലംപ്ലാവ് ഭാഗം | മനയ്ക്കചാൽകയം പൂവത്തിങ്കൽപ്പറമ്പിലെ നീരൊഴുക്കുകൾ | മനയ്ക്കച്ചാൽ കയത്തിലെ ജലം പ്രയോജനപ്പെടുത്തുക മീനച്ചിൽ ആറ്റിൽ വലിയ മൂലയിൽ ചെക്ക് ഡാം നിർമ്മിക്കുക. |
| 7 | പട്ടികൊന്നപാറ കിഴക്കൻ മറ്റം കയ്പ്പാതുരുത്തി നാടുകാണി | പട്ടികുന്നുപാറ ജലസ്രോതസ്സ് | നാടുകാണിയിൽ കുഴൽക്കിണർ നിർമ്മിക്കക്കി. പട്ടികുന്ന് പാറ ജലസ്രോതസ് പ്രയോജനപ്പെടുത്തുക. |
| 8 | ചെമ്മല കൂട്ടുങ്കൽപ്പാറ, മുതിരപ്പാറ, ലക്ഷംവീട് കോളനി | മേലുകാവുമറ്റം ടൗണും സമീപമേഖലയും | കുരിശിങ്കൽഭാഗത്ത് കുഴൽക്കിണർ നിർമ്മിക്കുക. മിനി സ്റ്റേഡിയത്തിന് സമീപമുള്ള കിണർ വിപുലപ്പെടുത്തുക. |

## പാരമ്പര്യ വൈദ്യം

നാട്ടുവൈദ്യം എന്ന പേരിൽ അറിയപ്പെടുന്ന പാമ്പര്യ ചികിത്സാരീതികൾ സംരക്ഷിക്കപ്പെടുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷചികിത്സാരംഗത്ത് പരിചയസമ്പന്നരായ നാട്ടുവൈദ്യന്മാർ ഈ പഞ്ചായത്തിലുണ്ട്. അതുപോലെ തന്നെ ചില പ്രത്യേകരോഗങ്ങൾക്ക് വളരെ ഫലപ്രദമായ പച്ചമരുന്ന് ഉപയോഗിച്ചുള്ള ഒറ്റമൂലി ചികിത്സയിൽ വൈദഗ്ധ്യം ഉള്ളവും നമ്മുടെയിടയിൽ ഉണ്ട്. ഔഷധങ്ങളെക്കുറിച്ചുള്ള അവരുടെ അറിവും ചികിത്സാരീതികളും ഭാവിതലമുറക്ക് പ്രയോജനപ്പെടുന്നവിധം ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതാണ്.

## അസംപ്ഷൻ ഹോസ്പിറ്റൽ മേലുകാവുമറ്റം

സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന ഈ ആശുപത്രി മേലുകാവുമറ്റം സെ. തോമസ് പള്ളിവകയാണ്. ഇവിടെ രോഗികളെ കിടത്തി ചികിത്സിക്കുന്നിനുള്ള സൗകര്യങ്ങൾ ഉണ്ട്. 24 മണിക്കുറും വൈദ്യസഹായം ലഭിക്കുന്നുണ്ട്. ഒരു മെഡിക്കൽ ഓഫീസറും ആവശ്യത്തിന് നഴ്സിംഗ് റൂമും, സ്റ്റാഫുമുണ്ട്.

## ശുചീകരണം

തിരക്കുകൾക്കും ജീവിത വ്യഗ്രതകൾക്കുമിടയിൽ വിസ്മരിക്കപ്പെടുന്ന ഒരു പ്രധാന വിഷയമാണ് ആരോഗ്യത്തിന് അടിസ്ഥാനമായ ശുചീകരണ പരിപാടികൾ.

നമ്മുടെ പഞ്ചായത്തിനെ ഒരു ക്ലീൻ പഞ്ചായത്തും അതിൻെറ ആസ്ഥാനമായ മേലുകാവുമറ്റം ടൗണിനെ ഒരു ക്ലീൻ ടൗണുമാക്കി മാറ്റുവാൻ നമുക്കെങ്ങനെ കഴിയും? ശുചിത്വം വ്യക്തികളിലും നമ്മുടെ ഗൃഹാന്തരീക്ഷത്തിലും ചുറ്റുപാടുകളിലും പാലിക്കപ്പെടേണ്ടതാണ്. പൊതുസ്ഥലങ്ങൾ മാലിന്യങ്ങളുടെ ഉറവിടമാകരുത്. പരിസരശുചിത്വവും ശുദ്ധവായുവും, ശുദ്ധജലവും രോഗപ്രതിരോധത്തെ വളരെയേറെ സഹായിക്കുന്ന ഘടകങ്ങളാകണെന്നോർക്കണം. താഴെ ചേർക്കുന്ന കാര്യങ്ങൾ ഏറെ പ്രാധാന്യമഹിക്കുന്നു.

## പ്രശ്നങ്ങൾ

1) നമ്മുടെ പഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്കുവേണ്ടി ജനങ്ങൾ കൂടുതലായി എത്തുകയും തങ്ങകയും ചെയ്യുന്ന കേന്ദ്രങ്ങൾ മേലുകാവുമറ്റം ടൗൺ മേലുകാവ് സെൻറർ, ചാലമറ്റം, ഹെൽത്തുസെൻറർ, ഇടമറുക്, കുരിശ്കവല, കാഞ്ഞിരം കവല തുടങ്ങിയവയാണ്.

   ഈ കേന്ദ്രങ്ങളുടെ ഇപ്പോഴത്തെ ശുചിത്വനിലവാരം ഒട്ടും തന്നെ ആശാസ്യമല്ല. ടൗണിൻെറ മുഖം ഇടയ്ക്കിടെ വിരൂപമായികൊണ്ടിരിക്കുന്നു. ഓടകൾ അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. ഇവിടെ മാലിന്യങ്ങളുടെ ഉറവിടമാണ്. ഓടകൾ ചപ്പ്ചവറുകൾ നിക്ഷേപിക്കുവാനുള്ള സ്ഥലങ്ങളായി കരുതപ്പെടുന്നു. പരിസരമലനീകരണത്തിന് ഇടയാക്കുന്ന ഇത്തരം ശൈലികളിൽ നിന്ന് ആളുകളെ പിന്തിരിപ്പിക്കണം,

2) കടകളിൽനിന്നും ഹോട്ടലുകളിൽനിന്നും ഉള്ള വേസ്റ്റും മാലിന്യങ്ങളും പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കുന്നത് കർശനമായി തടയണം. ജനുവാസകേന്ദ്രങ്ങളിൽ തുറസ്സായ സ്ഥലത്ത് മലമൂത്രവിസർജനം നടത്തുന്നത് ഒട്ടേറെ ആരോഗ്യപ്രശനങ്ങൾക്കിടവരുത്തുന്നു.

3) ടൗണിലെ വെയിറ്റിംഗ് ഷെഡിനോട് അനുബന്ധിച്ച് ഒരു കംഫർട്ട് സ്റ്റേഷൻ എത്രയും ആവശ്യമാണ്.

4) വെയിറ്റിംഗ് ഷെഡിനോട് ചേർന്നുള്ള കുളം ടൗണിലെ വേസ്റ്റ് നിക്ഷേപിക്കുന്നതിനുള്ള ഒരിടമായിമാറിയിരിക്കുന്നു. തികച്ചും വൃത്തിഹീനമായികിടക്കുന്ന ഇവിടം ജനങ്ങളുടെ ആരോഗ്യത്തിന് ഭീക്ഷണിയാണ്. ഈ കുളം നികത്തിയെടുത്താൽ വികസനത്തിന് സ്ഥലപരിമതി നേരിടുന്ന പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വലിയ നേട്ടമായിരിക്കും. പകരം മിനി സ്റ്റേഡിയത്തോട് ചേർന്നുള്ള കിണർ വീതികൂട്ടി ആഴം വർദ്ധിപ്പിച്ച് വിപുലപ്പെടുത്തണം. ഒരിക്കലും വറ്റാത്ത വെള്ളം ഇവിടെ ലഭ്യമാണ്. പമ്പുസെറ്റും ഓവർ ടാങ്കുകളും സ്ഥാപിക്കണം ടൗണിൽ മുടങ്ങാതെ ശുദ്ധജല വിതരണം സാധ്യമാക്കാൻ ഇതുമൂലം സാധിക്കും

5) ടൗണിലെ ശുചീകരണപ്രവർത്തനങ്ങൾ മുടങ്ങാതെ നടത്തുന്നതിനും ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിനും ഒരു സ്വീപ്പറെ നിയോഗിക്കണം. മാലിന്യശേഖരണത്തിനുള്ള പ്രത്യേക സംവിധാനങ്ങൾ ഏർപ്പെടുത്തുകയും വേണം. മാലിന്യവിമുക്തമായ ഒരു മേഖലയാക്കി മേലുകാവുമറ്റം ടൗണിനെ മാറ്റിയെടുക്കണം. മലിനജലനിർമ്മാർജ്ജനത്തിനുള്ള ഓടകൾ എത്രയും വേഗം നിർമ്മിക്കണം.

6) വിദ്യാർത്ഥികളിൽ ശുചിത്വബോധം വളർത്തുന്നതിന് സ്കൂളുകളിൽ പ്രത്യേകപരിപാടികൾ ആസൂത്രണം ചെയ്യണം.

## കക്കൂസുകൾ

ആരോഗ്യപരിപാലനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുമ്പോൾ ഏറെ ശ്രദ്ധിക്കപ്പെടേണ്ട ഒരു വിഷയമാണ് കക്കൂസുകളുടെ നിർമ്മാണം. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്രവിസർജ്ജനം നടത്തുന്നത് ഒട്ടേറെ ആരോഗ്യപ്രശ്നങ്ങൾക്ക് ഇടനൽകുന്നു. ജനകീയാസൂത്രണപരിപാടിയുമായി ബന്ധപ്പെട്ട് പഞ്ചായത്ത്തലത്തിൽ നടത്തിയ സർവ്വേയിൽനിന്ന് ഒരുകാര്യം വ്യക്തമാകുന്നു. നമ്മുടെ പഞ്ചായത്തിലെ 39.97% വീടുകളിലും കക്കൂസുകൾ ഇല്ല. ഓലമേഞ്ഞതും കുടിലുകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതുമായ വീടുകളാണ് ഇവയിൽ തൊണ്ണൂറ്റഞ്ച് ശതമാനവും. 1993-94 മുതൽ 1995-96 വരെയുള്ള കാലഘട്ടത്തിൽ താണ വരുമാനക്കാർക്ക് വേണ്ടി പഞ്ചായത്തിൽനിന്നും മൊത്തം 218 കക്കൂസുകൾ നിർമ്മിച്ചുനൽകിയതായി കാണുന്നു.

സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ, മൂന്നാം വാർഡിലാണ് കക്കൂസുകളുടെ എണ്ണം ഏറ്റവും കുറവായിട്ടുള്ളത്. അവിടെ 41.3 ശതമാനം വീടുകളിൽ ഇനിയും കക്കൂസുകൾ ഉണ്ടാകേണ്ടതുണ്ട്. എട്ടാം വാർഡിലെ 72.7ശതമാനം വീടുകളിലും കക്കൂസുകൾ ഉണ്ട്. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ നമ്മുടെ പഞ്ചായത്തിലെ കക്കൂസുകൾ ഇല്ലാത്ത എല്ലാ വീടുകളിലും കക്കൂസുകൾ നിർമ്മിക്കുന്നതിനുള്ള ഒരു സമഗ്രപരിപാടിക്ക് പഞ്ചായത്ത് സമിതിയും സന്നദ്ധസംഘടനകളും ചേർന്ന് രൂപം നൽകണം.

## കുടിവെള്ളം

വരുന്ന അഞ്ചുവർഷത്തിനുള്ളിൽ പഞ്ചായത്തിലെ മുഴുവൻ കുടുംബങ്ങൾക്കും 200 മീറ്റർ ദൂരപരിധിക്കുള്ളിൽ ശുദ്ധജലം ലഭ്യമാക്കുകയെന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. മൂന്നുഘട്ടങ്ങളിലായി ഇതിന്റെ പ്രവർത്തനം നടത്താവുന്നതാണ്.

1. പഞ്ചായത്തിലെ കുടിവെള്ളപ്രശ്നം വിലയിരുത്തിക്കൊണ്ട് ഒരു രൂപരേഖ തയ്യാറാക്കണം.
2. നിലവിലുള്ള പൊതുകുടിനീർ സ്രോതസുകളുടേയും പദ്ധതികളുടേയും വിശദമായ വിലയിരുത്തൽ. പഞ്ചായത്തിലെ ഏതൊക്കെ പ്രദേശങ്ങളിൽ ജനങ്ങൾ 200 മീറ്ററിലധികം സഞ്ചരിക്കേണ്ടി വരുന്നു?
3. 6 കുടുംബങ്ങൾക്ക് ഉപയോഗിക്കാൻ പറ്റിയ തുറന്ന കിണറോ, പത്തുകുടുംബങ്ങൾക്ക് ഒരു പൊതുടാപ്പോ, 40 കുടുംബങ്ങൾക്ക് ഉപയോഗിക്കാൻ പറ്റിയ കുഴൽകിണറോ ഇല്ലാത്തതും, കിണർ കുഴിക്കാൻ വേണ്ട 2 സെന്റ് സ്ഥലം സൗജന്യമായി ലഭിക്കുന്നതുമായ പ്രദേശങ്ങൾ ഏതൊക്കെയെന്ന് കണ്ടുപിടിക്കുക.
4. ലഘുവായ അറ്റകുറ്റപ്പണികളിലൂടെ പുനരുദ്ധരിക്കുവാൻ കഴിയുന്ന സ്രോതസുകൾ.
5. പഞ്ചായത്തിലെ ജലസ്രോതസുകളുടെ സംരക്ഷണത്തിനായി ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി ചെയ്യേണ്ട കാര്യങ്ങൾ. ഇതിന് ഒരു സമയബന്ധിതപരിപാടി ആവശ്യമാണ്.
   a. '97 മെയ് മാസത്തിനുള്ളിൽ ചെയ്യേണ്ടത്
   b. 96 – 97 വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടത്
   c. അടുത്ത അഞ്ചുവർഷത്തിനുള്ളിൽ നടപ്പിലാക്കേണ്ടത്.

## സാദ്ധ്യതകൾ – നിർദ്ദേശങ്ങൾ

മേലുകാവ് ഗ്രാമപഞ്ചായത്തിന്റെ വിവിധവാർഡുകളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നടപ്പിലാക്കാവുന്ന ചില പദ്ധതികളെകുറിച്ചുള്ള സൂചനകൾ താഴെചേർത്തിരിക്കുന്നു.

### 1. ഇലവീഴാപൂഞ്ചിറ ശുദ്ധജലവിതരണ പദ്ധതി

പഞ്ചായത്തിലെ ഏറ്റവും ഉയരംകൂടിയ മേഖലയാണിത്. പൂഞ്ചിറയെ ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കുന്നതിന്റെ പ്രാരംഭമായി കാനായി കുഞ്ഞുരാമൻ തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിൽ അവിടെ ഒരു മിനിഡാം വിഭാവനം ചെയ്യുന്നുണ്ട്. പൂഞ്ചിറയിൽ ഒരു ചെക്ക്ഡാം നിർമ്മിച്ച് വർഷകാലത്ത് ഒഴുകിപാഴാകുന്ന ജലം സംഭരിച്ച് നിർത്തി വേനൽകാലത്ത് അനുഭവപ്പെടുന്ന കടുത്ത ജലക്ഷാമത്തിന് ഒരു ശാശ്വതപരിഹാരം കണ്ടെത്തുവാൻ സാധിക്കും. ഈ പദ്ധതിയുടെ ഒരു ഏകദേശരൂപരേഖ ഇതോടൊപ്പം ചേർത്തിരിക്കുന്നു.

### 2. പെരിങ്ങാലി- കുപ്പക്കയം ജലവിതരണപദ്ധതി

ജലസമൃദ്ധമായ പെരിങ്ങാലിതോട്ടിൽ കുപ്പക്കയം ഭാഗത്ത് ചെക്ക്ഡാം നിർമ്മിച്ച് 2, 3, 4 വാർഡുകളിലെ ജലക്ഷാമത്തിന് പരിഹാരം കാണാവുന്നതാണ്. കൂടാതെ കാർഷികാവശ്യത്തിനുള്ള ജലസേചനത്തിനും ഈ വെള്ളം ഉപയോഗിക്കാവുന്നതാണ്.

### 3. മലങ്കര – കുളത്തിക്കണ്ടം ജലവിതരണപദ്ധതി

ദീർഘനാളായി ഈ പഞ്ചായത്തിലെ ജനങ്ങൾ ആവശ്യപ്പെടുന്ന ഒരു പദ്ധതിയാണിത്. ഏറ്റവും ചുരുങ്ങിയ മുതൽ മുടക്ക് കൊണ്ട് വളരെയേറെ പ്രയോജനം ലഭിക്കുന്ന ഈ പദ്ധതി നടപ്പിലാക്കുന്ന പക്ഷം മീനച്ചിലാറിലൂടെ എക്കാലത്തും ശുദ്ധജലം പ്രവഹിപ്പിക്കുവാൻ കഴിയുന്നതാണ്. നിർദ്ദിഷ്ട മീനച്ചിൽ നദീതടപദ്ധതിക്ക് ബദലായി ഒട്ടും തന്നെ പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാതെ പ്രാവർത്തികമാക്കുവാൻ സാധിക്കുന്ന ഈ പദ്ധതിയെക്കുറിച്ച് ഗൗരവമായി തന്നെ ചിന്തിക്കേണ്ടതാണ്. മലങ്കരഡാമിലെ ജലം തുരങ്കം വഴി കുളത്തിക്കണ്ടം ഭാഗത്ത് എത്തിച്ച് മീനച്ചിലാറിന്റെ ഒരു പ്രധാന കൈവഴിയായ കോണിപ്പാട് ആറിലൂടെ ഒഴുക്കുകയാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച് ഏതാനും വർഷം മുമ്പ് പ്രാരംഭ ഇൻവെസ്റ്റിഗേഷൻ നടന്നിട്ടുള്ള കാര്യവും പ്രസ്താവ്യമാണ്.

4. നിലവിലുള്ള കോലാനി ശുദ്ധജലവിതരണപദ്ധതിയോട് ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ എത്രയും വേഗം പൂർത്തിയാക്കി ജലവിതരണം പുനസ്ഥാപിക്കുവാൻ നടപടികൾ സ്വീകരിക്കണം. മേൽനോട്ടത്തിനും സംരക്ഷണത്തിനുമായി പ്രത്യേകം ഒരാളെ നിയമിക്കണം.

5. വിവിധ വാർഡുകളിലുള്ള ജലസ്രോതസുകളിലെ വെള്ളം സമീപവാസികളായ ജനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടും വിധം വിപുലീകരണപ്രവർത്തനങ്ങൾ നടത്തുക.

6. വടക്കുംമേട് വടക്കുംഭാഗം മലകളെ തമ്മിൽ യോജിപ്പിച്ചുകൊണ്ട് തോണിക്കല്ലിന് സമീപം ഒരു മിനിഡാം നിർമ്മിക്കുക. അവിടെയുണ്ടാകുന്ന ജലസംഭരണിയിൽനിന്ന് മൂട്ടക്കല്ല്ഭാഗത്ത് ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പ് ചെയ്ത് മേലുകാവു പഞ്ചായത്തിലെ ജലക്ഷാമമുള്ള എല്ലാ സ്ഥലങ്ങ

ളിലും ജലവിതരണം നടത്തുവാൻ കഴിയും. കൂടാതെ ഈ പദ്ധതിയിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനും സാധിക്കുന്നതാണ്. ശുദ്ധജലവിതരണത്തിനും ജലസേചനാവശ്യങ്ങൾക്കും ഈ ജലസംഭരണിയിലെ വെള്ളം ഉപയോഗപ്പെടുത്താം.

**വാർഡ് തലത്തിൽ നടപ്പിലാക്കേണ്ട ചില പദ്ധതികൾ**

1. അഞ്ചാം വാർഡിൽ കവണാർ ഫാക്ടറിക്ക് സമീപവും വാകക്കാട് ഭാഗത്തും ചെക്ക്ഡാമുകൾ നിർമ്മിക്കുക
2. ഏഴാം വാർഡിൽ മനയ്ക്കകണ്ടം ഭാഗത്ത് ചെക്കുഡാം നിർമ്മിക്കുക
3. എട്ടാം വാർഡിൽ വെട്ടിക്കമ്പൻ തോട് കോണിപ്പാട് ആറിൽ ചേരുന്നതിന് സമീപം ഒരു ചെക്കുഡാം നിർമ്മിക്കുക. ഈ ഡാം ഒരു നടപ്പുപാതയായി ഉപയോഗിക്കതക്കവിധം നിർമ്മിക്കണം. കോണിപ്പാട്ടും, കോണിപ്പാടിനും രണ്ടാററ്റുമുന്നിക്കുമിടയിൽ രണ്ട് ചെക്ക്ഡാമുകൾ നിർമ്മിക്കുക
4. ഒന്നാം വാർഡിൽ കുളത്തിക്കണ്ടം ഭാഗത്ത് ഒരു ചെക്ക്ഡാം നിർമ്മിക്കുക. ഇവിടെ നിന്ന് വെള്ളം ചെമ്മലയിൽ പമ്പ്ചെയ്ത് സംഭരിച്ച് ആ ഭാഗങ്ങളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാം.
5. അഞ്ചാം വാർഡിൽ കോണിപ്പാട് ലക്ഷംകോളനി ഭാഗത്ത് ഒരു കുളം നിർമ്മിച്ച് നാല്, അഞ്ച് വാർഡുകളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാം.

നിർദ്ദിഷ്ട ഇലവീഴാപൂഞ്ചിറ ശുദ്ധജലപദ്ധതി





# പാർപ്പിടവും സാമൂഹ്യക്ഷേമവും

മേലുകാവ് ഗ്രാമ പഞ്ചായത്തിലെ ജനങ്ങളിൽ ഭൂരിഭാഗവും ഇടത്തരം കൃഷിക്കാരാണ്. 2152 കുടുംബങ്ങൾ വസിക്കുന്ന അവികിസിതമായ ഒരു പഞ്ചായത്താണ് മേലുകാവ്. നമ്മുടെ പഞ്ചായത്തിലെ 111 വീടുകളും യാതൊരു സൗകര്യങ്ങളും ഇല്ലാത്ത ചെറ്റക്കുടിലുകളാണെന്നോർക്കണം. 637 വീടുകൾ വെറും പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള ഓലയോ പുല്ലോ ഉപയോഗിച്ച് മേഞ്ഞവയാണ്. എട്ടു വാർഡുകളിലും പാർപ്പിടനിലവാരം ഒരുപോലെയാണെങ്കിലും രണ്ട്, മൂന്ന്, നാല് വാർഡുകൾ ഈ രംഗത്ത് കൂടുതൽ പിന്നോക്കം നിൽക്കുന്നു. വളരെയധികം പേർ പാർപ്പിട സൗകര്യങ്ങളുടെ കാര്യത്തിൽ ഇന്നും പരിതാപകരമായ അവസ്ഥയിലാണെന്ന പരമാർത്ഥം നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. ഓട് മേഞ്ഞ വീടുകളിൽ നല്ലൊരു പങ്കും ഏറെ പഴക്കം ചെന്നവയോ ആവശ്യ സൗകര്യങ്ങൾ ഇല്ലാത്തവയോ ആണ്. പഞ്ചായത്തിന്റെ മൂന്ന് കോളനികളിലായി 75 കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നു.

പാർപ്പിട സൗകര്യങ്ങളേക്കുറിച്ച് പറയുമ്പോൾ പ്രാധാന്യം നൽകേണ്ട ഒരു പ്രധാനപ്പെട്ട ഘടകമാണ്, വൈദ്യുതി, കക്കൂസ് തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങളുടെ ലഭ്യത. പഞ്ചായത്തിൽ ഇനിയും വൈദ്യുതി ലഭിക്കാത്ത വീടുകൾ 41.5 % ആണ് ഉള്ളത്. 39.97% വീടുകളിലും കക്കൂസുകൾ ഇല്ല. കക്കൂസുകൾ ഏറ്റവും കുറവുള്ളത് മൂന്നാം വാർഡിലാണ്. എട്ടാം വാർഡിലെ 72.7% വീടുകളിലും കക്കൂസുണ്ട്. 1993-94 മുതൽ 95-96 വരെ പഞ്ചായത്തിൽ നിന്നും താണ വരുമാമക്കാർക്കുവേണ്ടി 218 കക്കൂസുകൾ നിർമ്മിച്ചുനൽകിയിട്ടുണ്ട്. നിലവിലുള്ള ലക്ഷംവീട് കോളനികൾക്ക് പുറമേ ഇടമറുക് രാജീവ് ദശലക്ഷം പാർപ്പിടപദ്ധതിപ്രകാരം

## പഞ്ചായത്തിലെ കെട്ടിടങ്ങൾ സംബന്ധിച്ച് (വീടുകൾ ഉൾപ്പടെ)

| വാർഡ് നമ്പർ | ആകെ കെട്ടിടങ്ങളുടെ എണ്ണം | മേൽപ്പുരയുടെ സ്വഭാവം | | | | മറ്റുള്ളവ | വിവിധ ഭവനനിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകൾ |
|---|---|---|---|---|---|---|---|
| | | ഒന്നിൽ കൂടുതൽ നിലയുള്ള കെട്ടിടങ്ങൾ | ഒരു നിലയുള്ള കെട്ടിടങ്ങൾ | | | | |
| | | | കോൺക്രീറ്റ് | ഓട് | ഓല | | |
| 1 | 424 | 3 | 36 | 271 | 92 | 22 | 36 |
| 2. | 411 | 4 | 42 | 223 | 119 | 23 | 56 |
| 3. | 295 | - | 21 | 181 | 85 | 8 | 36 |
| 4. | 433 | 6 | 55 | 271 | 84 | 17 | 16 |
| 5. | 366 | 7 | 30 | 235 | 78 | 16 | 17 |
| 6. | 362 | 3 | 81 | 183 | 84 | 11 | 4 |
| 7. | 342 | 2 | 25 | 235 | 72 | 8 | 10 |
| 8. | 436 | 16 | 69 | 322 | 23 | 6 | 22 |
| | 3069 | 41 | 359 | 1921 | 637 | 111 | 197 |

## IRDP സർവ്വേ പ്രകാരം ദാരിദ്ര രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബ ങ്ങളുടെ എണ്ണം | ഇതിൽ SC/STകുടും ബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം ലഭിച്ച തുവഴി ദാരിദ്രരേ ഖക്ക് മുകളിൽ എത്തിയവർ | ദാരിദ്രരേഖക്ക് താഴെയുള്ള ആകെ കുടും ബങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 158 | 21 | 63 | 41 | 59 | 140 |
| II | 87 | 35 | 101 | 87 | 96 | 71 |
| III | 48 | 28 | 110 | 99 | 99 | 32 |
| IV | 118 | 6 | 50 | 28 | 48 | 99 |
| V | 77 | 3 | 49 | 18 | 46 | 62 |
| VI | ~~120~~ 129 | 3 | 48 | 16 | 43 | 101 |
| VII | 87 | 5 | 54 | 30 | 49 | 74 |
| VIII | 103 | 15 | 63 | 26 | 59 | 92 |
| ആകെ | 807 | **116** | **538** | **345** | **499** | **671** |

50 വീട് സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നിർമ്മിച്ച് നൽകിയിട്ടുണ്ട്.

ഭവനനിർമ്മാണ വായ്പാരംഗത്ത് മേലുകാവ് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രമുഖ സ്ഥാപനമാണ് മേലുകാവ് ഹൗസിംഗ് സൊസൈറ്റി ലിമിറ്റഡ് നമ്പർ കെ. 671. 1982–96 കാലഘട്ടത്തിൽ ആകെ 418 വീടുകൾക്ക് സംഘം വായ്പ നൽകിയിട്ടുണ്ട്. മേലുകാവ്, മൂന്നിലവ്,കടനാട്, തലപ്പുലം പഞ്ചായത്തുകൾ സംഘത്തിന്റെ പ്രവർത്തനമേഖലയാണ്. പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു.

| പഞ്ചായത്ത് | വീടുകളുടെ എണ്ണം | നൽകിയതുക |
|---|---|---|
| മേലുകാവ് | 145 | Rs. 62,60000 |
| മൂന്നിലവ് | 47 | Rs. 23,78000 |
| കടനാട് | 151 | Rs. 69,97500 |
| തലപ്പുലം | 75 | Rs. 43,91500 |
| ആകെ | **418** | **Rs. 20027000** |

മേലുകാവ് സർവ്വീസ് സഹകരണ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണ ബാങ്ക് എന്നിവയും ഈ രംഗത്ത് വായ്പകൾ നൽകിവരുന്നു.

കെട്ടിടനിർമ്മാണരംഗത്ത് പണിയെടുക്കന്ന വിദഗ്ധ അവിദഗ്ധ തൊഴിലാളികൾക്ക് കൂലിയിനത്തിലുണ്ടായ വർദ്ധനവും നിർമ്മാണ സാമഗ്രികൾക്കുണ്ടായ ക്രമാതീതമായ വിലവർദ്ധനവും പാർപ്പിടനിർമ്മാണരംഗത്ത് പ്രതിസന്ധികൾ സൃഷ്ടിക്കുന്നുണ്ട്.

**പാർപ്പിടപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ**

1. പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങൾ, മതസന്നദ്ധ സംഘടനകൾ, വിവിധസർക്കാർ ഏജൻസികൾ എന്നിവ യുടെ പ്രതിനിധികളും സാങ്കേതികവിദഗ്ധരും ഉൾപ്പെടെ ഒരു പഞ്ചായത്ത്തല പാർപ്പിട നിർമ്മാണ സമിതിക്ക് രൂപം നൽകുക.
2. നിർമ്മാണസമഗ്രികൾ സംഭരിച്ച് ന്യായവിലക്ക് വിതരണം നടത്തുവാൻ സഹകരണസംഘങ്ങൾ തയ്യാറാക്കുക.
3. ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുക.
4. ലക്ഷംവീടുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടപ്പാക്കുക.
5. കോളനികളിൽ വെള്ളം, റോഡ്, വൈദ്യുതി, കക്കൂസ്,തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
6. തൊഴിൽ രഹിതരായ യുവാക്കൾക്ക് കെട്ടിടനിർമ്മാണത്തിൽ സാങ്കേതിക പരിശീലനം നൽകുന്നതിനുള്ള ഒരു സംവിധാനം ഏർപ്പെടുത്തുക.
7. ഭവനനിർമ്മാണത്തിന് സർക്കാർ നൽകുന്ന വായ്പകളുടെ തുകകൾ കാലാനുസൃതമായി വർദ്ധിപ്പിക്കുക.

## വൈദ്യുതി, കക്കൂസ്, കുടിവെള്ളം ഇവ സംബന്ധിച്ച വിവരം

| വാർഡ് നമ്പർ | ആകെ വീടുകൾ | വൈദ്യുതി | | കക്കൂസ് | | കുടിവെള്ളക്ഷാമം | |
|---|---|---|---|---|---|---|---|
| | | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 1 | 321 | 195 | 126 | 152 | 169 | 272 | 49 |
| 2. | 289 | 123 | 166 | 123 | 166 | 238 | 51 |
| 3. | 218 | 122 | 96 | 90 | 128 | 174 | 44 |
| 4. | 296 | 200 | 96 | 204 | 92 | 139 | 157 |
| 5. | 232 | 142 | 90 | 165 | 67 | 135 | 97 |
| 6. | 288 | 130 | 158 | 198 | 90 | 148 | 140 |
| 7. | 259 | 163 | 96 | 179 | 80 | 150 | 109 |
| 8. | 249 | 184 | 65 | 181 | 68 | 119 | 130 |
| ആകെ | 2152 | 1259 | 893 | 1292 | 860 | 1375 | 777 |

8. വായ്പകൾ ലഭ്യമാകുന്നതിനുള്ള കാലതാമസവും നടപടിക്രമങ്ങളിലുള്ള സങ്കീർണ്ണതയും ഒഴിവാക്കുക.

## സാമൂഹ്യക്ഷേമം

മേലുകാവ് പഞ്ചായത്തിൽ ഔദ്യോഗികകണക്കുകൾപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾ 37% വരും. വിവിധ മേഖലകളിൽ തൊഴിൽ ചെയ്ത് ജീവിക്കുന്ന തൊഴിലാളികൾ ധാരാളമുള്ള പഞ്ചായത്തിൽ നിലവിലിരിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജനപ്രവർത്തനങ്ങൾ തീരെ അപര്യാപ്തമാണ്.

നാളിതുവരെ വിവിധ ട്രേഡുകളിലായി 37 പേർക്ക് മാത്രമാണ് പരിശീലനം ലഭിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

### തൊഴിലില്ലായ്മവേതനം

38 പേർക്ക് തൊഴിലില്ലായ്മവേതനം നൽകുന്നുണ്ട്.

വികലാംഗർക്കും, വിധവകൾക്കും ജീവനോപാധികൾക്കും പാർപ്പിടനിർമ്മാണത്തിനും പെൺമക്കളുടെ വിവാഹാവശ്യത്തിനും വേണ്ടിയുള്ള വായ്പകൾക്ക് നൽകേണ്ടി വരുന്ന പലിശ പൂർണ്ണമായും പഞ്ചായത്തിൽനിന്നും അവർക്ക് നൽകേണ്ടതാണ്.

### വിധവാ പെൻഷൻ

പഞ്ചായത്തിൽ വിധവാ പെൻഷൻ ലഭിക്കുന്നവർ 27 ആണ്. നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്ക് നൽകുന്ന വിവാഹസഹായധനത്തിനുള്ള അപേക്ഷ പഞ്ചായത്ത് മുഖേന നൽകുന്നതിനും സഹായധനം പഞ്ചായത്ത് വഴി വിതരണം ചെയ്യുന്നതിനുമുള്ള സംവിധാനം ഉണ്ടാകണം.

### വികലാംഗപെൻഷൻ

വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്. 18 പേർക്ക് കഴിഞ്ഞ വർഷം വികലാംഗപെൻഷൻ നൽകി.

### കർഷകതൊഴിലാളിപെൻഷൻ

ഈ പഞ്ചായത്തിൽ 1995-96 വർഷത്തിൽ 59 പേർക്ക് കർഷകതൊഴിലാളിപെൻഷൻ ലഭിച്ചിട്ടുണ്ട്. അർഹതയുള്ളവരെ നിശ്ചയിക്കുന്നതിനുള്ള അധികാരം പഞ്ചായത്തുകൾക്ക് നൽകണം.

### വാർദ്ധക്യകാലപെൻഷൻ

ജീവിതസായാഹ്നത്തിൽ നിരാലംബരായി കഴിയുന്ന 38 പേർക്ക് ഈ സാമ്പത്തിക വർഷത്തിൽ പെൻഷൻ നൽകിയിട്ടുണ്ട്.

### അംഗൻവാടികൾ

ഈ പഞ്ചായത്തിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഒരു അംഗൻവാടി പോലുമില്ല. ഓരോ വാർഡിലും കുറഞ്ഞത്

## ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലന വിഷയത്തിന്റെ പേര് | പരിശീലനം ലഭിച്ചുവരുന്നവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ | അവശേഷിക്കുന്നവർ |
|---|---|---|---|---|---|
| I | ടെയ്ലറിംഗ്, കംപോസിംഗ് ടൈപ്പിംഗ് നിർമ്മിതി, ഡ്രൈവിംഗ് | 5 | 3 | 2 | - |
| II | ടൈപ്പിംഗ് എംബ്രോയിഡറി ബ്യൂട്ടീഷൻ | 5 | 3 | 2 | - |
| III | ടൈപ്പിംഗ്, ഐ.റ്റി. ഐ. എംബ്രോയിഡറി ബ്യൂട്ടീഷൻ, പ്ലംബിംഗ് | 6 | 4 | 2 | - |
| IV | കംപോസിംഗ്, എബ്രോയിഡറി | 2 | 1 | 1 | - |
| V | കംപോസിംഗ്, റ്റി. വി. റിപ്പയറിംഗ് | 4 | 3 | 1 | - |
| VI | ഐ.റ്റി. ഐ., എംബ്രോയിഡറി റ്റി. വി. റിപ്പയറിംഗ്, പ്ലംബിംഗ് | 7 | 3 | 4 | - |
| VII | എംബ്രോയിഡറി, റ്റി. വി. പ്ലംബിംഗ് | 5 | 2 | 3 | - |
| VIII | എംബ്രോയിഡറി, ബ്യൂട്ടീഷൻ | 3 | 1 | 2 | - |
| | ആകെ | 37 | 20 | 17 | - |

ഒരു അംഗൻവാടിയെങ്കിലും ആരംഭിക്കുന്നതിന് ഇനി ഒട്ടും കാലതാമസം ഉണ്ടായിക്കൂടാത്തതാണ്. കുറഞ്ഞത് 25 കുട്ടികളെങ്കിലുമുള്ള സ്ഥലങ്ങളിൽ അംഗൻവാടി ആരംഭിക്കണം. കളിപ്പാട്ടങ്ങൾ വാങ്ങുന്നതിനും പോഷകാഹാരത്തിനും നൽകുന്ന അലവൻസുകൾ കാലോചിതമായി വർദ്ധിപ്പിക്കണം.

മേലുകാവ് പഞ്ചായത്തിൽ പ്രവർത്തനക്ഷമതയുള്ള ഒരു മഹിളാസമാജം മാത്രമേഇപ്പോഴുള്ളു. നാലാം വാർഡിൽ ചാലമറ്റത്ത് സ്ഥിതി ചെയ്യുന്ന ലൗലി മഹിളാസമാജമാണിത്. സാമൂഹ്യക്ഷേമരംഗത്തെ ഈ കുറവ് പരിഹരിക്കപ്പെടേണ്ടതാണ്. ആയതിനാൽ മഹിളകൾക്ക് ആവശ്യമായ ബോധവൽക്കരണം നൽകണം.

തൊഴിലാളികൾ കൂടുതലായി താമസിക്കുന്ന പ്രദേശങ്ങളിൽ ഡേകെയർ സെന്ററുകൾ ആരംഭിക്കാവുന്നതാണ്.

ആലംബഹീനരും നിർദ്ധനരുമായ വൃദ്ധജനങ്ങളുടെ സംരക്ഷണത്തിന് ഒരു വൃദ്ധമന്ദിരം പഞ്ചായത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് സ്ഥാപിക്കേണ്ടതാണ്.

### പൊതുവിതരണം

പഞ്ചായത്തിലാകെ 8 പൊതുവിതരണകേന്ദ്രങ്ങൾ ഉണ്ട്. മാവേലിസ്റ്റോറുകൾ ഒന്നുമില്ല. സഹകരണകൺസ്യൂമർസ്റ്റോറുകളും പ്രവർത്തിക്കുന്നില്ല. റേഷൻകടകളിൽ ആകെ 2210 കാർഡുകളാണുള്ളത്. കൃഷിഭവന്റെ നേതൃത്വത്തിൽ ആരംഭിക്കുവാൻപോകുന്ന നിർദ്ദിഷ്ട പച്ചക്കറിച്ചന്ത മേലുകാവുമറ്റം ടൗണിൽ ആരംഭിക്കണം. പഞ്ചായത്ത് ആഫീസിന് സമീപം പ്രവർത്തിക്കുന്ന കശാപ്പുആല റോഡരികിൽനിന്ന് മാറ്റി സ്ഥാപിക്കണം. ദുർഗന്ധവും പരിസരമലിനീകരണവും ഇതുമൂലം ഉണ്ടാകുന്നു. പൊടിയും മാലിന്യങ്ങളും നിറഞ്ഞ് മാംസം വൃത്തികേടാകുന്നു. ആധുനിക സജ്ജീകരണങ്ങളുള്ള ഒരു കശാപ്പുശാല പഞ്ചായത്ത് നിർമ്മിക്കുകയാണ് ഇതിയുള്ള പോംവഴി.

ഓരോ വാർഡിലും കമ്മ്യൂണിറ്റിഹാളുകൾ നിർമ്മിക്കുന്നതിനുള്ള ഒരു സമഗ്രപദ്ധതിക്ക് രൂപം നൽകണം. സമീപവാസികളായ സാധാരണ ജനങ്ങളുടെ സാമൂഹിക സാംസാകാരിക ഉന്നമനത്തിന് ഇത് സഹായകരമായിരിക്കും.

# പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം

മേലുകാവ് പഞ്ചായത്തിന്റെ ഒരു നൂറ്റാണ്ടിന് പിന്നോട്ടുള്ള ചരിത്രം പരിശോധിച്ചാൽ ഇത് പട്ടികവർഗ്ഗക്കാർക്ക് മുൻതൂക്കമുണ്ടായിരുന്ന ഒരു മേഖലയായിരുന്നുവെന്ന് വ്യക്തമാണ്. ഇന്നും ജനസംഖ്യയിൽ നല്ലൊരു പങ്ക് ഈ വിഭാഗത്തിൽപ്പെടുന്നവരാണ്. പട്ടികവർഗ്ഗക്കാരിൽ ഭൂരിഭാഗത്തെയും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യിക്കുകയും അവർക്ക് വിദ്യാഭ്യാസസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് തുടക്കം കുറിക്കുകയും ചെയ്ത റവ: ഹെൻട്രി ബേക്കർ ജൂണിയർ എന്ന മിഷണറി വൈദികന്റെ സേവനങ്ങൾ ഈ പഞ്ചായത്തിലെ പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ജനങ്ങളുടെ വികസനത്തെപ്പറ്റി ചിന്തിക്കുമ്പോൾ പരാമർശിക്കേണ്ടതുണ്ട്. പട്ടികവർഗ്ഗക്കാരെ അപേക്ഷിച്ച് പട്ടികജാതിയിൽ പെട്ടവർ വിദ്യാഭ്യാസപരമായും സാമ്പത്തികമായും പൊതുവെ പിന്നോക്കമാണ് എന്നതും എടുത്തുപറയേണ്ട കാര്യമാണ്. പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 4.5% പട്ടികജാതിക്കാരും 26. 74% പട്ടികവർഗ്ഗക്കാരുമാണ്.

വാർഡ് തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| വാർഡ് | പട്ടികജാതി കുടുംബങ്ങൾ | പട്ടികവർഗ്ഗം കുടുംബങ്ങൾ |
|---|---|---|
| I | 6 | 90 |
| II | 8 | 191 |
| III | 3 | 210 |
| IV | 7 | 87 |
| V | 16 | 34 |
| VI | 7 | 2 |
| VII | 18 | 3 |
| VIII | 20 | 37 |
| | 85 | 654 |

പഞ്ചായത്തിലെ ആകെയുള്ള 2152 കുടുംബങ്ങളിൽ 3. 95% പട്ടികജാതിക്കാരുടെ കുടുംബങ്ങളും 29.97 % പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവരുടെ കുടുംബാംഗങ്ങളുമാണ്.

## പ്രശ്നങ്ങൾ

1. പട്ടികജാതിക്കാരെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ ഇപ്പോഴും നിലനിൽക്കുന്നു. ഉന്നത വിദ്യഭ്യാസം ലഭിച്ചവർ വെറും നാമമാത്രമാണ്. വിദ്യാർത്ഥികളിൽ ബഹുഭൂരിപക്ഷവും ഹൈസ്കൂൾ ക്ലാസുകളിൽ വച്ചുതന്നെ പഠനം നിർത്തുന്നു. ഇവരിൽ നേരിയ ശതമാനമെങ്കിലും നിരക്ഷരരാണ്.
2. വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ മൂലം ഗവൺമെൻറ് ഉദ്യോഗങ്ങൾ ഈ വിഭാഗത്തിൽപ്പെട്ട അധികം പേർക്കും ലഭിക്കുന്നില്ല. സ്വകാര്യമേഖലയിലും സ്ഥിരമായ ജോലി കണ്ടെത്താൻ പലർക്കും കഴിയുന്നില്ല. കാർഷിക മേഖലയിലും തൊഴിൽ സാധ്യതകൾ വിരളമാണ്.
3. പട്ടികജാതിയിൽപ്പെട്ട ഗണ്യമായ വിഭാഗത്തിനും വാസയോഗ്യമായ പാർപ്പിടമില്ല. സ്വന്തമായി കിടപ്പാടമില്ലാത്തവരും ഇവരിലുണ്ട്.
4. കക്കൂസ്, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഉള്ള വീടുകൾ ഈ വിഭാഗങ്ങളിൽ തീരെ കുറവാണ്.
5. മേലുകാവ് പഞ്ചായത്തിൽ ഒരു പൊതുശ്മശാനം ഇല്ലാത്തതു മൂലം ഏറ്റവും കൂടുതൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതും പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരാണ്.
6. പട്ടികവർഗ്ഗവിഭാഗത്തിൽ നിരക്ഷരർ തീരെയില്ലെന്നു തന്നെ പറയാം. S.S.L.C. പാസ്സാകുന്നവരിൽ ഏതാണ്ട് തൊണ്ണൂറ് ശതമാനവും തങ്ങളുടെ വിദ്യാഭ്യാസം തുടരുന്നതായി കാണുന്നു. എന്നാൽ പ്രീഡിഗ്രി ലെവൽ കടക്കുന്നവരുടെ എണ്ണം താരതമ്യേന കുറവാണ്. ഡിഗ്രി പോസ്റ്റ് ഗ്രാജ്വേറ്റ് ഘട്ടത്തിലെത്തുന്നവരുടെ സംഖ്യയും തീരെ കുറവാണ്. സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ അവസ്ഥയും ഇതിൽ നിന്ന് ഒട്ടും ഭിന്നമല്ല.
7. പട്ടികജാതി പട്ടിക വർഗ വിഭാഗത്തിന് സർക്കാരിൻെറ വിവിധ ഡിപ്പാർട്ട്മെൻറു വഴി നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് വളരെപ്പേരും അജ്ഞരാണ്.

## സാധ്യതകൾ

1. നമ്മുടെ പഞ്ചായത്തിൽ പട്ടികജാതി പട്ടിക വർഗ്ഗവിഭാഗങ്ങളിൽപ്പെട്ടവർ തിങ്ങിപ്പാർക്കുന്ന മേഖലകൾ പട്ടികജാതി പട്ടിക വർഗ്ഗ കോളനികളായി പ്രഖ്യാപിക്കണം. ഈ വിഭാഗങ്ങളുടെ വികസനത്തിന് സർക്കാർ തലത്തിൽ മുൻഗണന ലഭിക്കുന്നതിന് ഇത് ആവശ്യമാണ്.

2. കിടപ്പാടവും താമസയോഗ്യവുമായ വീടും ഇല്ലാത്ത പട്ടികജാതി പട്ടിക വർഗ കുടുംബങ്ങൾക്ക് വീടു നിർമാണത്തിന് വേണ്ട ധനസഹായവും വായ്പകളും നൽകുക.

3. ഈ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠന നിലവാരത്തിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രത്യേക ട്യൂഷൻ സൗകര്യങ്ങൾ ഒരുക്കുക. അവർക്ക് വേണ്ട പഠനോപകരണങ്ങൾ നൽകുക.

4. പട്ടികജാതി പട്ടികവർഗ്ഗ മേഖലകളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് മുൻഗണന നൽകുക.

5. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനു വേണ്ടി പ്രത്യേക സഹകരണ സംഘം സ്ഥാപിക്കുക. ഈ വിഭാഗങ്ങളിൽപ്പെട്ട തൊഴിൽ രഹിതർക്കു വേണ്ടി ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സംഘം വഴി വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുക.

6. ഗവൺമെൻറ് നൽക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് യഥാസമയം ഗുണഭോക്താക്കളെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക. കാഞ്ഞിരംകവലയിലുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസുമായി ബന്ധപ്പെട്ട് ഇക്കാര്യങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കാവുന്നതാണ്. ആയതിന് സന്നദ്ധ സംഘടനകളുടെ സേവനം ലഭ്യമാക്കാവുന്നതാണ്.

7. പട്ടികജാതി പട്ടിക വർഗ്ഗ ജനവിഭാഗങ്ങൾക്കു വേണ്ടി ബോധവൽക്കരണ സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുക. ഇത്തരം പരിപാടികളിൽ വിദഗ്ധരെ പങ്കെടുപ്പിക്കണം. ഈ വിഭാഗങ്ങളുടെയിടയിൽ നിലവിലുള്ള പാരമ്പര്യകലകളും അറിവുകളും ശേഖരിക്കുകയും അവ പുഷ്ടിപ്പെടുത്തുകയും ചെയ്യുക. ജാതി മത വിഭാഗീയ ചിന്തകൾ ജനമനസ്സുകളിൽ നിന്ന് മാറ്റുന്നതിന് സഹായകരമായ സാംസ്കാരിക പ്രവർത്തനങ്ങൾ ആവശ്യമാണ്.

8. പഞ്ചായത്തിൽ ഒരു പൊതുശ്മശാനം സ്ഥാപിക്കുക.

9. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസിന് സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിന് സി.എസ്.ഐ. കത്തീഡ്രലിൽ നിന്ന് ദാനമായി സർക്കാരിന് നൽകിയിട്ടുള്ള 5 സെൻറ് സ്ഥലത്ത് എത്രയും വേഗം കെട്ടിടം പണിയുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെൻറ് ഭാഗത്തു നിന്നും ഉണ്ടാകണം.

10. പട്ടികജാതിവിഭാഗങ്ങളുടെ വികസനത്തിന് തടസ്സമായി നിൽക്കുന്ന ഒരു ഘടകം അവർക്ക് സംഘടിതമായ ഒരു സംവിധാനം ഇല്ലെന്നുള്ളതാണ്. വിഭിന്ന സംഘടനകളിലും ചേരികളിലും ഒറ്റപ്പെട്ടു നിൽക്കുന്ന അവരുടെ താൽപര്യങ്ങളും പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് അവരെ സംഘടിപ്പിക്കുന്ന ഒരു കേന്ദ്ര നേതൃത്വം ഉണ്ടാകണം.



# വനിതാ ക്ഷേമം



സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം ഏറ്റവും ഉയർന്നു നിൽക്കുന്ന സംസ്ഥാനമാണ് കേരളമെങ്കിലും സമൂഹത്തിൽ സ്ത്രീകൾക്ക് പുരുഷനോടൊപ്പം സ്ഥാനം നൽകാൻ വിമുഖത കാട്ടുന്ന സമൂഹമനസ്സാണ് ഇവിടെയുള്ളത്. മേലുകാവ് പഞ്ചായത്തിലെ സ്ഥിതിയും ഇതിൽ നിന്ന് ഒട്ടും ഭിന്നമല്ല. സ്ത്രീ പുരുഷ സമത്വം ഇന്നും ഒരു സങ്കൽപ്പമായി മാത്രം നിലനിൽക്കുകയാണ്. ഈ പശ്ചാത്തലത്തിലാവണം വനിത ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുവാൻ.

മേലുകാവ് ഗ്രാമ പഞ്ചായത്തിൽ സ്ത്രീകളുടെ സംഖ്യ 5151 ആണ്. ഈ പഞ്ചായത്തിലെ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക നേതൃത്വത്തിൽ സ്ത്രീകളുടെ പങ്കാളിത്തം നാമമാത്രമാണ്. മതവിഭാഗങ്ങളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും കീഴിൽ പ്രവർത്തിക്കുന്ന വനിത സംഘടനകളുടെ നേതൃത്വവും സംവരണ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ നീക്കി വയ്ക്കപ്പെട്ട പഞ്ചായത്ത് പ്രസിഡൻറ്, മെംബർ സ്ഥാനങ്ങളും വനിതകൾക്ക് നീക്കി വച്ചിരിക്കുന്നുവെന്നു മാത്രം.

വനിതകൾ സജീവമായി പൊതുരംഗത്ത് പ്രവർത്തിക്കുന്ന ഒരു സ്ഥിതിവിശേഷത്തെ മാനസികമായി ഉൾക്കൊള്ളുവാനും അംഗീകരിക്കുവാനും പുരുഷൻമാർക്കു മാത്രമല്ല സ്ത്രീകളിൽ ഒരു ഗണ്യമായ വിഭാഗത്തിനു പോലും കഴിയാതെ വന്നിരിക്കുന്നുവെന്നതാണ് വസ്തുത. ജനസംഖ്യയിൽ പകുതിയോളം വരുന്ന സ്ത്രീകളെ സമൂഹത്തിൻെറ നേതൃത്വ തലങ്ങളിൽ നിന്നും മാറ്റി നിർത്തുന്ന രീതിയും അത്തരം മനോഭാവവും മാറിയേ തീരൂ.

മേലുകാവു പഞ്ചായത്തിലെ ബഹുഭൂരിപക്ഷം കുടുംബങ്ങളുടെയും മുഖ്യ വരുമാനമാർഗ്ഗം കൃഷിയാണ്. ഇടത്തരം കർഷക കുടുംബങ്ങളിലെ കാർഷിക പ്രവർത്തനങ്ങളിലും വിശേഷിച്ച് കൃഷിയുടെ അനുബന്ധ മേഖലയായ മൃഗസംരക്ഷണത്തിലും സ്ത്രീകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. അടുക്കള ജോലികൾ, കുട്ടികളുടെ പരിപാലനം തുടങ്ങിയ ബദ്ധപ്പാടുകൾക്ക് പുറമേയാണ് മുൻസൂചിപ്പിച്ച പ്രവർത്തനങ്ങളിലേർപ്പെടുന്നതെന്ന കാര്യം സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. ഇതിനെല്ലാം പുറമേ തയ്യൽ എന്നിങ്ങനെ ചെറുതും വലുതുമായ ജോലികളിൽ വ്യാപൃതരായി കുടുംബത്തിൻെറ വരുമാനം വർദ്ധിപ്പിക്കുന്നവരാണ് ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം സ്ത്രീകളും. ഉദ്യോഗസ്ഥകളായ വനിതകൾ മൊത്തത്തിൽ ഒരു ചെറിയ ശതമാനം മാത്രമാണ്. പഞ്ചായത്തിലെ ഒന്ന്, രണ്ട്, മൂന്ന് വാർഡുകളിൽ ഇതര വാർഡുകളെ അപേക്ഷിച്ച് ഉദ്യോഗസ്ഥകളായ വനിതകളുടെ എണ്ണം കൂടുതലാണ്.

## വനിതകൾ നേരിടുന്ന പ്രശ്നങ്ങൾ

1. തൊഴിൽ മേഖലയിൽ പൊതുവേ പുരുഷൻമാരുടേതിനേക്കാൾ കുറഞ്ഞ കൂലി നിരക്കാണ് സ്ത്രീകൾക്ക് ലഭിക്കുന്നത്. പുരുഷൻമാർക്ക് 80 മുതൽ 100 രൂപ വരെ ഒരു ദിവസം കൂലി ലഭിക്കുമ്പോൾ സ്ത്രീകൾക്ക് 35 മുതൽ 60 രൂപ വരെയാണ് കിട്ടുന്നത്.

2. കൂലിപ്പണികൾക്ക് പോകുന്ന സ്ത്രീകൾക്ക് തങ്ങളുടെ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങളുടെ അഭാവം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. അഞ്ചു വയസ്സു വരെയുള്ള കുട്ടികളെ സംരക്ഷിക്കുന്ന ക്രഷുകൾ ഏറ്റവും ആവശ്യമാണ്. മേലുകാവ് ഗ്രാമ പഞ്ചായത്തിലുള്ള ഏക ക്രഷ് മേലുകാവ് സെൻ്ററിന് സമീപം സ്ഥിതിചെയ്യുന്നു. ഇപ്രകാരമുള്ള ക്രഷുകൾ നടത്താൻ തയ്യാറുള്ള സന്നദ്ധ സംഘടനകൾക്ക് സർക്കാർ ധനസഹായം ചെയ്യുന്നുണ്ട്.

3. ഭർത്താക്കൻമാരുടെ മദ്യപാനം മൂലമുണ്ടാകുന്ന നിരവധി കുടുംബ പ്രശ്നങ്ങളുടെ അനന്തര ഫലങ്ങൾ ഏറ്റവുമധികം സഹിക്കേണ്ടി വരുന്നതും സ്ത്രീകൾ തന്നെ.

4. പഞ്ചായത്തിൻെറ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന മേഖലകളിലെ സ്ത്രീകൾ വേനൽക്കാലത്ത് അനുഭവിക്കുന്ന യാതനകൾ ഏറെയാണ്.

5. പാവപ്പെട്ടവരും, ഇടത്തരക്കാരുമായ പെൺകുട്ടികളുടെ വിവാഹം, സ്ത്രീധനം തുടങ്ങിയ പ്രശ്നങ്ങളുടെ പേരിൽ പല കുടുംബങ്ങളിലും സാമ്പത്തിക പ്രതിസന്ധികൾ സൃഷ്ടിക്കപ്പെടുന്നുണ്ട്

6. ചെയ്യുന്ന ജോലിയുടെ മൂല്യം കണക്കാക്കിയാൽ പുരുഷൻമാരുടേതിനേക്കാൾ ഏറെ മൂല്യമുള്ള ജോലികൾ സ്ത്രീകൾ ചെയ്യുന്നു. എങ്കിലും എന്തു കൊണ്ടോ അത് അംഗീകരിക്കപ്പെടാതെ പോകുന്നു. ഈ സാഹചര്യം സ്ത്രീകളെ പുരുഷൻമാരുടെ ആശ്രിതരാക്കുന്നു.

7. സ്ത്രീകളുടെ ക്ഷേമത്തിനും വിമോചനത്തിനും എക്കാലവും തടസ്സമായി നിന്നിട്ടുള്ളത് സാമൂഹ്യരംഗങ്ങളിലുള്ള അവരുടെ അന്തർമുഖത്വവും നിശബ്ദതയുമാണ്. വർത്തമാന പത്രങ്ങളും വിജ്ഞാനം പകരുന്ന മറ്റ് പ്രസിദ്ധീകരണങ്ങളും വായിക്കുന്ന സ്ത്രീകളുടെ എണ്ണം തുലോം പരിമിതമാണ്. പൊതുകാര്യങ്ങളെ സംബന്ധിച്ചുള്ള സ്ത്രീകളുടെ അജ്ഞതയും അറിവില്ലായ്മയും വനിത ക്ഷേമ പ്രവർത്തനങ്ങളുടെ വിജയത്തെ ദോഷകരമായി ബാധിക്കുന്നു.

## പ്രശ്ന പരിഹാരവും സാധ്യതകളും

1. ഗ്രാമീണ സ്ത്രീകൾക്ക് ബോധവൽക്കരണ ക്യാംപുകൾ സംഘടിപ്പിക്കുക, സ്ത്രീകളുടെ പ്രശ്നങ്ങൾ എന്തൊക്കെയെന്ന് പഠിക്കുന്നതിനും മനസ്സിലാക്കുന്നതിനും അവയെ എങ്ങനെ പരിഹരിക്കാമെന്ന് പരിശീലിപ്പിക്കുന്നതിനും ഇത്തരം ക്യാംപുകൾ സഹായകമാണ്. സാമൂഹ്യ വികസന ബോർഡ് ഇത്തരം ക്യാംപുകൾ സംഘടിപ്പിക്കുന്ന സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകാറുണ്ട്.

2. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് വിദ്യാർത്ഥിനികളെ ഉയർന്ന സാമൂഹ്യ ബോധമുള്ളവരും പ്രതികരണ ശേഷിയുള്ളവരുമാക്കുന്നതിന് സഹായകരമായ വേദികൾ സംഘടിപ്പിക്കുന്നതും പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്യുന്നതും ഈ ദിശയിലുള്ള അടിസ്ഥാനപരമായ ഒരു പ്രവർത്തനമാണ്.

3. ഓരോ വാർഡിലും അടുത്തടുത്തുള്ള 50 വീടുകൾ ചേർന്നുള്ള അയൽക്കൂട്ടങ്ങൾ രൂപീകരിക്കുകയും അവയിൽ ഉൾപ്പെട്ട സ്ത്രീകൾക്കായി പ്രത്യേക ബോധവൽക്കരണ യോഗങ്ങളും സംഘടിപ്പിക്കുക.

4. സമ്പൂർണ്ണ മദ്യനിരോധനം പഞ്ചായത്ത് ആകെ നടപ്പിലാക്കുന്നത് പൊതുവേ വനിതാ ക്ഷേമത്തിന് ഏറെ സഹായകമാണ്.

5. സ്ത്രീകൾക്ക് സ്വന്തമായി വരുമാനമുണ്ടാക്കാൻ പര്യാപ്തമായ സ്ത്രീ ജ്യോതിപോലുള്ള പദ്ധതികൾ പ്രകാരം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. വനിത സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും സ്ത്രീകൾക്ക് കൂട്ടു ചേർന്ന് നടത്താവുന്ന വ്യവസായ സംരംഭങ്ങൾക്ക് മുൻകൈയെടുക്കുകയും ചെയ്യുക.

6. സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനും അവർക്ക് വേണ്ട നിയമോപദേശങ്ങൾ നൽകുന്നതിനും വിദഗ്ധന്മാരുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഫാമിലി കൗൺസിലിംഗ് സെൻററുകൾ ആരംഭിക്കുക. നല്ല നിലയിൽ പ്രവർത്തിക്കുന്ന വനിതാ സംഘടനകൾക്ക് ഇത് നടത്താവുന്നതാണ്.

7. പട്ടികവർഗ്ഗ/പട്ടികജാതി മഹിളാ സമാജങ്ങളും സന്നദ്ധ സംഘടനകളും രൂപീകരിക്കുക. ഈ സംഘടനകൾ വഴി സാമൂഹ്യ സാമ്പത്തിക വികസന പരിപാടികൾ നടപ്പിലാക്കുക, പട്ടികവർഗ്ഗ വനിതകൾക്ക് സാമൂഹികബോധവും നേതൃത്വഗുണവും സംഘടനാ പാടവവും വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യമിട്ടുകൊണ്ടുള്ള പരിപാടികൾ നടപ്പിലാക്കണം. ഇതിന് സർക്കാരിൻെറ സാമ്പത്തിക സഹായവും ലഭ്യമാണ്.

10. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന അധ്വാനശേഷിയില്ലാത്ത വിധവകളെ സാമ്പത്തികമായി സഹായിക്കുക.

11. അയൽക്കൂട്ടങ്ങളെ അടിസ്ഥാനമാക്കി വനിതകളുടെ യോഗം ചേർന്ന് അടുക്കള തോട്ട നിർമ്മാണം, ഗൃഹ വൈദ്യം, ശുചിത്വ പരിപാലനം, കുടുംബ ബജറ്റ് തുടങ്ങിയ വിഷയങ്ങളിൽ ബോധവൽക്കരണം നടത്താവുന്നതാണ്. ഇത് സമൂഹത്തിൻെറ സാമൂഹ്യ ആരോഗ്യ സാമ്പത്തിക രംഗങ്ങളിൽ ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കും.

12. വിധവാ പെൻഷൻ പോലുള്ള സർക്കാർ ആനുകൂല്യങ്ങൾ അർഹതപ്പെട്ട എല്ലാവർക്കും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

13. പാവപ്പെട്ടവരും കൂലിപ്പണിക്ക് പോകുന്നവരുമായ സ്ത്രീകളുടെ അഞ്ചു വയസ്സിന് താഴെയുള്ള കുട്ടികളെ സംരക്ഷിക്കുന്നതിന് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ക്രഷുകളും ഡേ കെയർ സെൻററുകളും ആരംഭിക്കുക.

14. എല്ലാ വാർഡുകളിലും മഹിളാ സമാജങ്ങളും അംഗൻവാടികളും പ്രവർത്തനം ആരംഭിക്കണം. ഇവയുടെ പ്രവർത്തനങ്ങളുമായി വാർഡിലെ പരമാവധി സ്ത്രീകളെ ബന്ധപ്പെടുത്തുവാൻ ശ്രമിക്കണം.

15. വനിതകളുടെ ക്ഷേമത്തിനും മോചനത്തിനും വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിനും പഞ്ചായത്തടിസ്ഥാനത്തിൽ വനിതാ പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ, ഉയർന്ന സാമൂഹ്യ ബോധവും കർമ്മശേഷിയുമുള്ള സ്ത്രീകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു വനിതാ ക്ഷേമസമിതി രൂപീകരിക്കണം.

16. സംസ്ഥാനത്ത് നിലവിലുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും മാത്രമായിട്ടുള്ള സ്കൂളുകൾ മിക്സഡ് സ്കൂളുകളായി മാറ്റേണ്ടതാണ്.

□



# സഹകരണം

വികസനോന്മുഖവും വികേന്ദ്രീകൃതവുമായ ആസൂത്രണപ്രക്രിയയുടെ ശ്രദ്ധേയമായ സവിശേഷത സഹകരണ മേഖലയ്ക്ക് അതിൽ വഹിക്കാവുന്ന ബൃഹത്തായ പങ്കാണ്. ത്വരിതമായ സാമ്പത്തിക വികസനവും കാതലായ സമീകരണവും ദാരിദ്ര്യ നിർമ്മാർജനത്തിലെ ആവശ്യഘടകങ്ങളാണ്. ലക്ഷ്യം ദാരിദ്ര്യ നിവാരണമാണെങ്കിൽ അതിലേക്കുള്ള സുനിശ്ചിതമായ മാർഗ്ഗം സമ്പദ് വ്യവസ്ഥയുടെ വൻതോതിലുള്ള സഹകരണ വൽക്കരണമാണ്. സ്വയം പര്യാപ്തമായ ഗ്രാമങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഏകീകൃതമായ ഇന്ത്യയെന്ന ലക്ഷ്യപ്രാപ്തിക്കായി , ഈ രാജ്യത്തെ സാമാന്യജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സഹകരണ പ്രസ്ഥാനത്തിന് സുപ്രധാനമായ പങ്കു വഹിക്കുവാൻ സാധിക്കുന്നതാണ്.

നീതിപൂർവ്വമായ ഒരു ഉൽപ്പാദന വിപണന ക്രമം സാമ്പത്തിക സാമൂഹ്യ രംഗങ്ങളിലെ അസമത്വങ്ങൾ ഒരു പരിധിവരെ ഉന്മൂലനം ചെയ്യുവാൻ സഹായകമാകും. അതിന് പറ്റിയ ഒരു ഉപാധിയെന്ന നിലയിലാണ് സഹകരണ പ്രസ്ഥാനത്തെ നാം കാണേണ്ടതും വളർത്തിക്കൊണ്ടുവരേണ്ടതും.

**മേലുകാവ് ഗ്രാമപഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങൾ**

1. മേലുകാവ് സർവ്വീസ് സഹകരണ ബാങ്ക് Ltd. No. 549 മേലുകാവ്
2. മേലുകാവ് സർവ്വീസ് സഹകരണ ബാങ്ക് Ltd. No. 3183 മേലുകാവ്
3. മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണ ബാങ്ക് ബ്രാഞ്ച് മേലുകാവുമറ്റം
4. മേലുകാവ് ഭവന നിർമ്മാണ സഹകരണ സംഘം മേലുകാവുമറ്റം
5. മേലുകാവ് ക്ഷീരവ്യവസായ സഹകരണ സംഘം, മേലുകാവുമറ്റം
6. കോലാനി ക്ഷീര വ്യവസായ സഹകരണ സംഘം മേലുകാവ്
7. പയസ്സ് മൗണ്ട് ക്ഷീര വ്യവസായ സഹകരണ സംഘം കിഴക്കൻമറ്റം

ഇവ കൂടാതെ റബ്ബർ ബോർഡിൻെറയും മീനച്ചിൽ താലൂക്കിലെ 49 റബ്ബർ ഉൽപ്പാദക സംഘങ്ങളുടെയും ഒരു സംയുക്ത സംരംഭമായ മീനച്ചിൽ ട്രീറ്റഡ് റബ്ബർ വുഡ് ലിമിറ്റഡിൻെറ ഒരു റബ്ബർ സംഭരണ ശാലയും മേലുകാവുമറ്റത്ത് പ്രവർത്തിക്കുന്നുണ്ട്.

**മേലുകാവ് സർവ്വീസ് സഹകരണ ബാങ്ക് മേലുകാവ്**

മേലുകാവ് പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സ്ഥാപനമാണിത് 1923 – ൽ 549 –ാം നമ്പർ മേലുകാവ് പരസ്പര സഹായ സഹകരണ സംഘം എന്ന പേരിൽ പ്രവർത്തനം ആരംഭിച്ചു. 1982 –ൽ സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തപ്പെട്ടു.

| | |
|---|---|
| അംഗങ്ങൾ | – 2131 |
| ഓഹരി മൂലധനം | – 4.67 ലക്ഷം |
| നിക്ഷേപം | – 11 ലക്ഷം |
| നിൽപ്പുവായ്പകൾ | – 39 ലക്ഷം |

സ്വന്തമായി ഒരു ഇരുനിലകെട്ടിടവും വളം ഡിപ്പോയുമുണ്ട്.

**മേലുകാവ് സർവ്വീസ് സഹകരണ ബാങ്ക് മേലുകാവുമറ്റം.**

8.8.1951 –ൽ 3183 –ാം നമ്പർ മേലുകാവ് പരസ്പര സഹായ സഹകരണ സംഘം എന്ന പേരിൽ രജിസ്റ്റർ ചെയ്ത ഈ സ്ഥാപനം 1.10.1951–ൽ പ്രവർത്തനം ആരംഭിച്ചു. 1961–ൽ സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തപ്പെട്ടു. ഇടമറുക്, പയസ്സ്മൗണ്ട്, വാകക്കാട് എന്നിവിടങ്ങളിൽ ബാങ്കിന് ബ്രാഞ്ചുകളുണ്ട്. ഹെഡ് ഓഫീസ് മന്ദിരം ഉൾപ്പെടെ 4 ഇരു നിലകെട്ടിടങ്ങളും 47 സെൻറ് സ്ഥലവും സ്വന്തമായുണ്ട്. ബാങ്കിൽ ലോക്കർ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് അടുത്തകാലത്ത് കംപ്യൂട്ടർ സംവിധാനവും സജീകരിച്ചിട്ടുണ്ട്.

| | |
|---|---|
| അംഗങ്ങൾ | – 6600 |
| ഓഹരി മൂലധനം | – 33,37 കോടി രൂപ |
| നിക്ഷേപം | – 7.15 കോടി രൂപ |
| നിൽപ്പു വായ്പ | – 5.11 കോടി രൂപ |
| പ്രവർത്തന മൂലധനം | – 9.5 കോടി രൂപ |

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | പ്രവർത്തന പരിധി | ക്രഡിറ്റ് നോൺ ക്രെഡിറ്റ് | ആരംഭിച്ച വർഷം | അംഗങ്ങൾ | ഓഹരി വില | അംഗീകൃത ഓഹരി മൂലധനം | പിരിഞ്ഞ് കിട്ടിയത് | സർക്കാർ ഓഹരി ഉണ്ടോ | ഉണ്ടെങ്കിൽ ലഭിച്ച തുക | പൊതു ജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപം | | | നൽകിയിട്ടുള്ള വായ്പകൾ | | | | സ്ഥാനങ്ങളിൽ നിന്നും സ്വീകരിച്ച വായ്പകൾ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | സ്ഥിരം | ഹ്രസ്വകാലം | ആകെ | കാർഷിക വായ്പകൾ | പ്രത്യേക വായ്പകൾ | മറ്റ് വായ്പകൾ | ആകെ | |
| 1. | മേലുകാവ് S.C.B No.3183 | പഞ്ചായത്ത് വാർഡുകൾ 1,4,5,6,7,8 | ക്രഡിറ്റ് | 1951 | 6509 | 25.00 | 50 ലക്ഷം | 3337500 | ഉണ്ട് | 1.087 ലക്ഷം | 644 ലക്ഷം | 71 ലക്ഷം | 715 ലക്ഷം | 95 ലക്ഷം | 95.3 ലക്ഷം | 321 ലക്ഷം | 511 ലക്ഷം | 90 ലക്ഷം |
| 2. | മേലുകാവ് S.C.B No.549 | മേലുകാവ് പഞ്ചായത്ത് വാർഡുകൾ 2,3,4 മൂന്നിലവ് പഞ്ചായത്ത് വാർഡ് 7,8 | ക്രഡിറ്റ് | 1923 | 2131 | 10.00 | 50.11 ലക്ഷം | 467399 | ഉണ്ട് | 21.65 ലക്ഷം | 31 ലക്ഷം | 10 ലക്ഷം | 11 ലക്ഷം | 5 ലക്ഷം | 5 ലക്ഷം | 29 ലക്ഷം | 39 ലക്ഷം | 9.4 ലക്ഷം |
| 3. | മീനച്ചിൽ ഈസ്റ്റ് അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് No.4266 ബ്രാഞ്ച് | മേലുകാവ് പഞ്ചായത്ത് | ക്രഡിറ്റ് | 1995 | - | 25.00 | - | - | - | - | 80 ലക്ഷം | 10 ലക്ഷം | 90 ലക്ഷം | - | - | 45 ലക്ഷം | 45 ലക്ഷം | - |
| 4. | മേലുകാവ് ഭവനനിർമ്മാണ സഹകരണ സംഘംNo.K.671 | മേലുകാവ്, മൂന്നിലവ്, തലപ്പലം പഞ്ചായത്തുകൾ | ക്രഡിറ്റ് | 1979 | 882 | 100.00 | 25 ലക്ഷം | 1032340 | ഇല്ല | - | - | — | — | - | - | 112 ലക്ഷം | 112 ലക്ഷം | - |

ബാങ്ക് സ്പെഷൽ ഗ്രേഡ് ക്ലാസ് 1 വിഭാഗത്തിൽപെടുന്നു. കാർഷികോപകരണങ്ങളും വളവും അംഗങ്ങൾക്ക് വിതരണം ചെയ്യുന്നു. എല്ലാ വർഷവും കർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് വിളമത്സരങ്ങളും കാർഷികമേളയും നടത്തുന്നു.

**3. മീനച്ചിൽ ഈസ്റ്റ് അർബൻ സഹകരണ ബാങ്ക് Br.മേലുകാവുമറ്റം H.O.പൂഞ്ഞാർതെക്കേക്കര**

അംഗങ്ങൾക്ക് മുഖ്യമായും കാർഷികേതര വായ്പകൾ വിതരണം ചെയ്യുന്നു. നിക്ഷേപം 90 ലക്ഷം രൂപയും നിൽപ്പുവായ്പ 45 ലക്ഷം രൂപയുമാണ്.

**4. മേലുകാവ് ഭവന നിർമ്മാണ സഹകരണ സംഘം മേലുകാവുമറ്റം**

മേലുകാവ് , മൂന്നിലവ്, കടനാട്, തലപ്പുലം പഞ്ചായത്തുകളാണ് സംഘത്തിന്റെ പ്രവർത്തന മേഖല. 17-10-1979 -ൽ പ്രവർത്തനം ആരംഭിച്ചു.

## പ്രശ്നങ്ങൾ

1. വർദ്ധിച്ചുവരുന്ന വായ്പ കുടിശ്ശിഖ മൂലം ഓഹരിയുടമകൾക്ക് ഡിവിഡന്റ് നൽകാൻ കഴിയുന്നില്ല.
2. കൂടിയ പലിശനിരക്കിൽ സ്വീകരിക്കുന്ന നിക്ഷേപങ്ങൾ താരതമ്യേന കുറഞ്ഞ നിരക്കിൽ ജില്ലാ ബാങ്കിൽ നിക്ഷേപിക്കേണ്ടി വരുന്നതുമൂലം ബാങ്കിന് നഷ്ടം നേരിടുന്നു.
3. നിക്ഷേപങ്ങൾക്ക് കൂടുതൽ പലിശനൽകേണ്ടിവരുന്നതുകൊണ്ട് വായ്പ എടുക്കുന്ന അംഗങ്ങളിൽ നിന്ന് കൂടിയ നിരക്കിൽ പലിശ ഈടാക്കേണ്ട സ്ഥിതി വിശേഷം ഉണ്ടാകുന്നു. തന്മൂലം പലരും വായ്പയെടുക്കാൻ മടിക്കുന്നു.
4. വായ്പയെടുക്കുന്ന തുകകൾ പ്രത്യുൽപ്പാദന പരമായ കാര്യങ്ങൾക്ക് പലപ്പോഴും വിനിയോഗിക്കുന്നില്ല.
5. ക്ഷീരോൽപ്പാദന രംഗത്തുള്ള സാധ്യതകൾ വേണ്ടവിധം പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.
6. വനിതാ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ നിലവിലില്ല.
7. വായ്പാ വിതരണമൊഴിച്ചാൽ പൊതുജനോപകാരപ്രദമായ പദ്ധതികൾക്ക് ധനസഹായം നൽകുവാൻ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.
8. കാലിത്തീറ്റയുടെ വിലവർധനവും തീറ്റപ്പുല്ലിന്റെ അഭാവവും ക്ഷീരോൽപ്പാദനത്തെ ദോഷകരമായി ബാധിക്കുന്നു.
9. സംഘങ്ങൾക്ക് മിൽമ നൽകുന്ന വില അപര്യാപ്തമാണ്.
10. ഭവന നിർമ്മാണ സഹകരണ സംഘത്തിൽ നിന്ന് നൽകുന്ന വായ്പകൾക്ക് 10 ശതമാനം ഓഹരി വേണമെന്ന നിബന്ധന ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു.

## സാദ്ധ്യതകൾ

1. വായ്പക്ക് ഓഹരി അനുപാതം നിർബന്ധിതമാക്കരുത്
2. രജിസ്ട്രേഷൻ ഫീസ് ഒരു ശതമാനമായി കുറയ്ക്കുക
3. ആധാരം പണയപ്പെടുത്തി വായ്പകൾ അനുവദിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക
4. സ്വന്തം ഫണ്ടിൽ നിന്ന് നൽകുന്ന വായ്പകളുടെ കാലാവധി 10 വർഷമാക്കണം
5. സഹകരണ സംഘങ്ങളെ ചിട്ടി ആക്ടിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കണം.
6. വ്യാപാര വ്യവസായ രംഗങ്ങളിൽ കൂടുതലായി വായ്പ അനുവദിക്കണം.
7. വായ്പ കുടിശിഖ ഈടാക്കുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കണം.
8. കർഷകർക്ക് ഓവർ ഡ്രാഫ്റ്റ് അനുവദിക്കണം
9. വായ്പതുക കൃത്യമായി അടയ്ക്കുന്നവർക്ക് 5 ശതമാനം പലിശ സബ്സിഡി അനുവദിക്കണം.
10. ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾക്ക് സബ്സിഡി പോലുള്ള സാമ്പത്തിക സഹായങ്ങൾ നൽകി അവയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
11. N.R.E അക്കൗണ്ടുകൾ സഹകരണ ബാങ്കിലും തുടങ്ങുന്നതിനുള്ള അനുവാദം നൽകുക.
12. ഡിമാൻറ് ഡ്രാഫ്റ്റ് നൽകുന്നതിന് സഹകരണ ബാങ്കുകളെയും അനുവദിക്കുക.
13. പഞ്ചായത്തിൽ സഹകരണ കൺസ്യൂമർ സ്റ്റോർ ആരംഭിക്കുക
14. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിച്ച് എസ്റ്റാബ്ളീഷ്മെൻറ് ചിലവുകൾ വർധിപ്പിക്കാതിരിക്കുക.

*നാട്ടിലെ ഉപജീവനത്തിനാവശ്യമായ ഉൽപ്പന്നങ്ങളുടെ പ്രദേശികമായ കൊടുക്കൽ വാങ്ങലുകളുടെ ഉടമാവകാശം വ്യക്തികളുടെയും കുടുംബങ്ങളുടേയും സഹകരണാടിസ്ഥാനത്തിലുള്ള ചെറു സംഘങ്ങളുടെ കൈകളിലായിരിക്കണം.*

*ഗാന്ധിജി*



# വിഭവസമാഹരണം

വികസനപദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് നാനാവിധത്തിലുള്ള വിഭവസമാഹരണം ആവശ്യമാണ്. നമ്മുടെ ഗ്രാമപഞ്ചായത്തുകൾ പ്രാദേശിക ഭരണകേന്ദ്രങ്ങളായി മാറുമ്പോൾ അവയുടെ സ്വതന്ത്രമായ പ്രവർത്തനത്തിന് വിഭവപരിമിതി തടസ്സമാകാൻ പാടില്ല. വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് മുകളിൽ നിന്നുള്ള ഗ്രാൻറുകൾക്കായി കാത്തിരിക്കേണ്ടിയിരുന്ന ദയനീയമായ അവസ്ഥയിൽ നിന്നു വ്യത്യസ്ഥമായി പഞ്ചായത്തുകൾക്ക് പദ്ധതി വിഹിതമായി സംസ്ഥാന പദ്ധതി വിഹിതത്തിൻെറ 35 – 45% തുക ലഭിക്കുവാൻ പോവുകയാണല്ലോ. നമ്മുടെ വികസന പ്രവർത്തനങ്ങൾ ഈ പദ്ധതി വിഹിതത്തിൽ മാത്രം ഒതുങ്ങുന്ന ഒന്നായാൽ നമ്മുടെ ഗ്രാമസഭകളിൽ ഉയർന്നുവന്ന നാടിൻെറ വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടും. ആകയാൽ നാടിൻെറ ശ്രേയസ്സിനും പുരോഗതിക്കും വേണ്ടി അധിക വിഭവ സമാഹരണത്തിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നമുക്ക് കഴിയണം.

വിശദാംശങ്ങളിലേക്കു കടക്കും മുമ്പ് പഞ്ചായത്തിൻെറ ഇന്നത്തെ സാമ്പത്തിക നില സംബന്ധിച്ച ഒരു വിശകലനം ഉചിതമായിരിക്കും. പഞ്ചായത്തിൻെറ കഴിഞ്ഞ 7 വർഷത്തെ മുഖ്യവരുമാന വിവരങ്ങൾ സംബന്ധിച്ച പട്ടികകൾ അന്യത്ര ചേർക്കുന്നു.

പട്ടിക ഒന്നിൽ പഞ്ചായത്തിൻെറ കഴിഞ്ഞ 7 വർഷങ്ങളിലെ തനതു വരുമാനമാണു കാണിച്ചിരിക്കുന്നത്. പഞ്ചായത്തിൻെറ നിത്യനിദാന ചെലവുകളിൽ 100 %ന് മേൽ വർദ്ധനയുണ്ടായപ്പോൾ മൊത്തം വരുമാനത്തിൽ 1990–91–നെ അപേക്ഷിച്ച് 95–96–ൽ 52 % മാത്രമേ വർദ്ധനയുണ്ടായിട്ടുള്ളൂ. തൊഴിൽ നികുതിയിനത്തിൽ 59%–വും കെട്ടിട നികുതിയിനത്തിൽ 70%–വും വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്ക് കാര്യമായ ആക്കം കൂട്ടുവാൻ ഇതിനു കഴിഞ്ഞിട്ടില്ല. കൂടാതെ ലൈസൻസ് ഫീസിനത്തിലും ഇതര വരുമാനമാർഗ്ഗങ്ങളിലും കാര്യമായ വർദ്ധന ഉണ്ടായിട്ടില്ല.

അതേസമയം പഞ്ചായത്തു ഫണ്ടിന്റെ ഭാഗമാകുന്ന സർക്കാർ ഗ്രാൻറുകളായ വസ്തു കൈമാറ്റ നികുതി 75%–വും അടിസ്ഥാന നികുതിയും എസ്റ്റാബിള്ഷ്മെൻറ് ഗ്രാന്റും കൂടിയ തുക 90–91–നെ അപേക്ഷിച്ച് 95–96–ൽ കുറയുകയാണ് ചെയ്തിരിക്കുന്നത്. തക്കസമയത്ത് ആവശ്യമായ അറ്റകുറ്റപണികൾ നടത്തുന്നില്ലെങ്കിലും കോലാനിമുടി ശുദ്ധജല വിതരണ സംവിധാനത്തിൻെറ അറ്റകുറ്റപ്പണിക്കുള്ള ഫീസ് ഈ 75%–ൽ നിന്നും പിടിച്ചതു കൊണ്ടു കൂടിയാണ് ഈ കുറവുണ്ടായിരിക്കുന്നത്.

പട്ടിക (3)

പഞ്ചായത്തിനു ലഭിച്ചുകൊണ്ടിരിക്കുന്ന പ്രത്യേക ഗ്രാന്റുകളുടെ ആകെ തുക പരിശോധിച്ചാൽ ഓരോ വർഷവും ലഭിക്കുന്ന തുകയ്ക്ക് ഒരു നിശ്ചിതമായ അനുപാതമില്ലെന്നും പട്ടികവർഗ്ഗ മേഖലയായ ഈ പഞ്ചായത്തിൻെറ വികസനത്തിന് പ്രത്യേക പരിഗണന ലഭിച്ചിട്ടില്ലെന്നും കാണാം.

നാലാം പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന പ്ലാൻ പദ്ധതികളായ ജവഹർ റോസ്ഗാർ യോജനയിലും ഉപാധിരഹിത പദ്ധതിയിലും കീഴിൽ യഥാക്രമം 1989–90–ലും 1990–91 മുതലും പഞ്ചായത്തിന് ഫണ്ട് ലഭിച്ചതു മുതലാണ് കാര്യമായ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിഞ്ഞത്.

അടുത്തതായി വിലയിരുത്തേണ്ടത് പഞ്ചായത്തു ചെലവുകളാണല്ലോ. ചെലവു സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

### ചിലവിനങ്ങൾ

പഞ്ചായത്തു ലൈബ്രറിക്കു പുസ്തകങ്ങളും, ഫർണിച്ചറും ഇതര ലൈബ്രറികൾക്ക് ടെലിവിഷൻ വാങ്ങി നൽകിയതുമൂലമാണ് ചില വർഷത്തെ വിദ്യാഭ്യാസ ചെലവുകൾ വളരെ ഉയർന്നു നിൽക്കുന്നത്. അതുപോലെ തന്നെ ഇന്ദിരാവികാസ് പത്ര കമ്മീഷനിലൂടെ കിട്ടിയ പണവും മറ്റും ഉപയോഗിച്ച് കക്കൂസ് നിർമ്മാണത്തിന് ധനസഹായം നൽകിയതിനാലാണ് പൊതുജനാരോഗ്യ ചെലവുകൾ 93–94–ലും 95–96– ലും ഉയർന്നതായി കാണുന്നത്. മേൽ സൂചന പട്ടികയിൽ നിന്നു വ്യക്തമാകുന്നത് പഞ്ചായത്തിൻെറ എസ്റ്റാബ്ലിഷ്മെൻറ് ചെലവുകൾ 90– 91–നെ അപേക്ഷിച്ച് 95–96 ആയപ്പോൾ 96% വർദ്ധിച്ചു എന്നാണ്. എന്നാൽ പഞ്ചായത്തിന്റെ തനതു വരുമാനത്തിന് ഈ കാലയളവിൽ 52% വർദ്ധന മാത്രമേ ഉണ്ടായിട്ടുള്ളൂ. 1995–96–ലെ മാത്രം എസ്റ്റാബ്ലിഷ്മെൻറ് ചെലവ് ആ വർഷത്തെ പഞ്ചായത്തു ഫണ്ടിനെക്കാൾ 102 % അധികമാണ്. ഫലത്തിൽ സ്വന്തം

## പഞ്ചായത്തിന്റെ വരുമാനം മുൻ വർഷങ്ങളിൽ

പട്ടിക – 1

| 1. തനതു വരുമാനം | 1989–90 | 1990–91 | 1991–92 | 1992–93 | 1993–94 | 1994–95 | 1995–96 |
|---|---|---|---|---|---|---|---|
| കെട്ടിട നികുതി | 23031 | 144124 | 101102 | 78436 | 124999 | 126614 | 136897 |
| തൊഴിൽ നികുതി | 14820 | 81430 | 84310 | 81432 | 90985 | 103965 | 129465 |
| വിനോദ നികുതി | 3293 | 5137 | 5413 | 5841 | 5451 | 8061 | 10428 |
| ലൈസൻ ഫീസ് | 893 | 2113 | 1962 | 2004 | 2509 | 3009 | 3438 |
| മാർക്കറ്റ് (മീറ്റ് സ്റ്റാൾ) | 13766 | 19336 | 20045 | 20125 | 41080 | 22455 | 39990 |
| തടിലേലം | – | – | 12755 | 5374 | 12000 | 10726 | – |
| മറ്റിനം (പലിശ, നോട്ടീസ് പടി) | 3463 | 4157 | 14472 | 16239 | 57710 | 40435 | 67897 |
| ലൈബ്രറി | – | – | – | – | – | 7998 | 1076 |
| ആകെ | 59266 | 256297 | 240059 | 209451 | 334734 | 323263 | 388631 |

## പഞ്ചായത്തു ഫണ്ടിന്റെ ഭാഗമാകുന്ന സർക്കാർ വിഹിതം

പട്ടിക – 2

| | | | | | | | |
|---|---|---|---|---|---|---|---|
| വസ്തുകൈമാറ്റ നികുതി 75% അടിസ്ഥാനനികുതി Grant Establishment Grant | 133050 | 253730 | 193960 | 93469 | 143675 | 113445 | 169981 |

## പ്രത്യേക ഗ്രാന്റുകൾ

പട്ടിക – 3

| | | | | | | | |
|---|---|---|---|---|---|---|---|
| വസ്തുകൈമാറ്റ നികുതി 25%, V.R.M., Minor Irrigation, V.T.C., I.V.P. etc | 54526 | 50345 | 83190 | 48918 | 239713 | 61585 | 498340 |

## പ്രത്യേക ഗ്രാന്റുകൾ

| | | | | | | | |
|---|---|---|---|---|---|---|---|
| I.R.Y | 348417 | 220086 | 561546 | 515836 | 465008 | 258732 | 183482 |
| Untied | | 235000 | 243300 | 249000 | 278630 | 361300 | 371260 |
| ആകെ | 348417 | 455086 | 804846 | 764836 | 743638 | 620032 | 554742 |

വരുമാനം കൊണ്ട് നിത്യനിദാന ചെലവുകൾ പോലും നടത്തുവാൻ പഞ്ചായത്തിനു കഴിയുന്നില്ല.

ഈ സ്ഥിതി വിശേഷത്തിന് ഒരു മാറ്റം അടിയന്തരമായും ഉണ്ടാകേണ്ടിയിരിക്കുന്നു. പുതിയ സംവിധനത്തിൽ ഒട്ടേറെ അധികാരങ്ങളും ചുമതലകളും പഞ്ചായത്തിലേക്കു കയാണ്. നൽകുകയാണ്.

ഇവയുടെ നിർവഹണത്തിനാവശ്യമായ വിഭവത്തിൻെറ ഒരുഭാഗം നാം കണ്ടെത്തിയാൽ മാത്രമേ പഞ്ചായത്തിനു മുമ്പോട്ടു പോകാനാവൂ. ഇത്തരത്തിൽ നാടിൻെറ വികസനം സുഗമമാക്കുവാൻ, പഞ്ചായത്തിൻെറ ചെലവിൽ കുറവും, തനതു വരുമാനത്തിൽ വർദ്ധനവുണ്ടാക്കാൻ പര്യാപ്തമായ ഏതാനും സാധ്യതകൾ ചുവടെ ചേർക്കുന്നു.

### 1. അടിസ്ഥാന നികുതി

വില്ലേജ് ഓഫിസുകൾ വഴി പിരിക്കുന്ന ഭൂനികുതിയുടെ ജില്ലാതലത്തിലുള്ള തുകയുടെ 75 % ആണ് ഗ്രാൻറായി പഞ്ചായത്തുകൾക്കു ഇപ്പോൾ അടിസ്ഥാന നികുതി ഗ്രാൻറായി നൽകുന്നത്. ഈ നികുതിയുടെ പിരിച്ചെടുക്കൽ പഞ്ചായത്തിനെ തന്നെ ഏൽപ്പിക്കുക. കെട്ടിട നികുതിയോടൊപ്പം ഈ തുക കൂടി പഞ്ചായത്തിന് കാര്യക്ഷമമായി പിരിക്കുന്നതിനു കഴിയും.

### 2. വസ്തു കൈമാറ്റ നികുതി

രജിസ്ട്രേഷൻ വകുപ്പ്, വസ്തു കൈമാറ്റത്തിന് സ്റ്റാമ്പ് ഡ്യൂട്ടി ഇത്തിൽ താലൂക്ക് ലവലിൽ സമാഹരിക്കുന്ന തുകയുടെ 75% അതാതു താലൂക്കിൽ ജനസംഖ്യാടിസ്ഥാനത്തിൽ ത്രൈമാസ ഗഡുക്കളായി പഞ്ചായത്തുകൾക്ക് വിതരണം ചെയ്തു വരുന്നു. വസ്തുവിൻെറ മതിപ്പുവിലയെ അടിസ്ഥാനമാക്കിയാണല്ലോ സ്റ്റാമ്പ് ഡ്യൂട്ടി നൽകുന്നത്. മതിപ്പുവില നിശ്ചയിക്കുന്നതിനുള്ള അധികാരം അതാതു പഞ്ചായത്തുകൾക്ക് നൽകി സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ ഉണ്ടാകുന്ന വിഭവ ചോർച്ച ഒഴിവാക്കാവുന്നതും അതുവഴി പഞ്ചായത്തിന് കൂടുതൽ വിഹിതം ലഭിക്കുന്നതിനിടയാവുകയും ചെയ്യും. മാത്രമല്ല ഡ്യൂട്ടിയുടെ 100%-വും പഞ്ചായത്തിനു യഥാസ്യമം നൽകുന്നതിനുള്ള സംവിധാനം ഉണ്ടാവുകയും ചെയ്യണം.

### J.R.Y. ഉപാധിരഹിത ഫണ്ട്

പഞ്ചായത്തിനു വികസിത പ്രവർത്തനം സാധ്യമാക്കുന്നത് J.R.Y. സ്കീമിലും ഉപാധിരഹിത പദ്ധതികളിലും ലഭിക്കുന്ന ഫണ്ടുകൾ കൊണ്ടാണ്. ഫണ്ടു വിതരണത്തിനു സ്വീകരിക്കുന്ന മാനദണ്ഡത്തിൽ മാറ്റം വരുത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തിൻെറ വികസന രംഗത്തെ പിന്നോക്കാവസ്ഥ കൂടി മാനദണ്ഡമായി സ്വീകരിച്ച് താരതമ്യേന മലമ്പ്രദേശങ്ങൾ ഉള്ള ഈ പഞ്ചായത്തിൽ കൂടുതൽ തുക അനുവദിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം. കൂടാതെ ഫണ്ടുകൾ യഥാസമയം പഞ്ചായത്തിനു നൽകുകയും പദ്ധതികൾക്ക് അംഗീകാരം നൽകുന്നതിനുള്ള അധികാരം പഞ്ചായത്തിൽ തന്നെ നിക്ഷിപ്തമാക്കുകയും ചെയ്താൽ സമയ പരിധിക്കുള്ളിൽ കാലതാമസം കൂടാതെ നിർദ്ദിഷ്ട നിരക്കുകളിൽ തന്നെ നിർമ്മാണജോലികൾ പൂർത്തീകരിക്കുവാൻ കഴിയുകയും ചെയ്യും.

4. റോഡ് നിർമ്മാണം പോലുള്ള വികസന പ്രവർത്തനങ്ങൾ ജനങ്ങളുടെ കായികാദ്ധ്വാനമുൾപ്പെടെയുള്ള വിഭവങ്ങൾ സമാഹരിച്ചും ഭൂമിയുടെ ഫ്രീ സറണ്ടർ ലഭ്യമാക്കിയും നടത്തുവാൻ കഴിയണം. അതിനു സഹായകരമായ വിധത്തിൽ ഓരോ വാർഡിലും വാർഡു വികസന സമിതികൾ രൂപീകരിക്കാവുന്നതാണ്. ഇങ്ങനെ നിർമ്മാണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉണ്ടാകുന്നതിന് വേലകളുടെ നടത്തിപ്പിലുള്ള സാങ്കേതികങ്ങളിൽ ജനങ്ങൾക്ക് വിശ്വാസം ഉണ്ടാകുന്നതിനു നിലവിലുള്ള ജ.എ.ഉ. ഈറല ജനങ്ങൾക്കു ബോധ്യപ്പെടുംവിധം ലളിതവും സുതാര്യവുമാക്കണം,. റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി മുടക്കുന്ന തുകയുടെ പതിന്മടങ്ങു തുകയ്ക്കുള്ള വേലകൾ പൊതുജനപങ്കാളിത്തത്തോടെ നടത്തുവാൻ കഴിയണം.

### 5. കെട്ടിട നികുതി

പഞ്ചായത്തിൻെറ തനതു വരുമാനത്തിൽ ഏറ്റവും കൂടുതൽ കെട്ടിട നികുതിയിൽ നിന്നാണ് ലഭിക്കുന്നത്. 1995-96-ൽ കെട്ടിട നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിച്ചത് 136897 രൂപയാണ്. മുൻവർഷങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ ഈയിനത്തിലുള്ള വിഭവ വർദ്ധനവ് കുറവാണ്. ഇന്നു കെട്ടിട നികുതി നിർണ്ണയിക്കുന്നത് വാർഷിക വാടക നിരക്കിൻെറ അടിസ്ഥാനത്തിലാണ്. വാടകയ്ക്കു നൽകാത്ത കെട്ടിടങ്ങളുടെ കാര്യത്തിൽ കെട്ടിടങ്ങളുടെ വിസ്തീർണ്ണത്തെയും സൗകര്യങ്ങളെയും അടിസ്ഥാനമാക്കി കെട്ടിട നികുതി പുനർനിർണ്ണയിച്ചാൽ ഈയിനത്തിലുള്ള വരുമാനത്തിൽ 50%-നുമേൽ വർദ്ധനവുണ്ടാക്കുവാൻ

## പഞ്ചായത്തിന്റെ പ്രധാന ചെലവുകൾ മുൻ വർഷങ്ങളിൽ

| ചെലവ് ഇനങ്ങൾ | 1989-90 | 1990-91 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|---|---|
| എസ്റ്റാബ്ലിഷ് മെന്റ് | 163207 | 232850 | 265260 | 169888 | 295980 | 355438 | 479499 |
| തെരുവുവിളക്ക് | 8484 | 4242 | – | 13562 | 36917 | 12936 | 12936 |
| വിദ്യാഭ്യാസം | 12635 | 29704 | 78938 | 3999 | 16441 | 8630 | 7304 |
| സാമൂഹ്യക്ഷേമം | 616 | 494 | 1169 | 2608 | 1680 | 1568 | 526 |
| പൊതുജനാരോഗ്യം | 5899 | – | 410 | – | 101700 | – | 130000 |
| പൊതുമരാമത്ത് ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ(J.R.Y,Untied etc.) | 172621 | 1077527 | 616368 | 641530 | 1218982 | 764392 | 1177515 |
| ആകെ | 363462 | 1344817 | 962145 | 831587 | 1671700 | 1142964<br>1052964 | 1807780 |

കഴിയും. കൂടാതെ നിലവിൽ ലൈബ്രറി ഇനത്തിൽ കെട്ടിട നികുതിയിൽ അധികമായി പിരിക്കുന്ന 5% തുക ലൈബ്രറി കൗൺസിലിനു നൽകുന്ന രീതി മാറ്റി പഞ്ചായത്തിലെ ലൈബ്രറികൾക്കു പഞ്ചായത്തിൽ നിന്നും ഗ്രാൻറ് ആയി നൽകാവുന്നതാണ്. കൂടാതെ 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 1% സൂപ്പർഫൈൻ കെട്ടിട നികുതിയിന്മേൽ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

### തൊഴിൽ നികുതി

വിവിധ തൊഴിലുകളിലേർപ്പെട്ടിരിക്കുന്ന 2312 ആളുകൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും ആകെ 1995-96-ൽ ലഭിച്ച തൊഴിൽക്കരം 129405 രൂപ മാത്രമാണ്. കഴിഞ്ഞ മൂന്നു വർഷത്തിലെ തൊഴിൽ നികുതിയിനത്തിൽ ലഭിച്ച തുകയുടെ ഇനം തിരിച്ച കണക്കു ചുവടെ ചേർക്കുന്നു.

തൊഴിൽ നികുതിയിൽ നിന്നു ലഭിക്കുന്ന ആകെ തുകയുടെ 90%-ൽ കൂടുതൽ വിവിധ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വരുമാനത്തിൽ നിന്നുള്ളതാണ്. എന്നാൽ തികച്ചും കാർഷിക മേഖലയായ ഈ പഞ്ചായത്തിൽ കാർഷിക മേഖലയിൽ നിന്നും ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്നവരിൽ നിന്നും ലഭിക്കുന്ന തൊഴിൽകരം ആകെയുള്ളതിന്റെ വെറും ശതമാനം 13 % മാത്രമാണ്. വരുമാനത്തെ അടിസ്ഥാനമാക്കിയുള്ള തൊഴിൽക്കരം നിർണ്ണയിക്കൽ ഇന്ന് നിശ്ചിത വരുമാനക്കാരായ ജീവനക്കാരുടെയിടയിലേ നടക്കുന്നുള്ളൂ. ഇതര മേഖലകളിലും കാർഷിക രംഗത്തും ബിസിനസ് രംഗത്തും സംഘടിത തൊഴിൽ മേഖലയിലും സേവനമനുഷ്ഠിക്കുന്നവരുടെ യഥാർത്ഥ വരുമാനത്തെ അടിസ്ഥാനമാക്കി തൊഴിൽ നികുതി നിർണ്ണയിച്ചാൽ ആ ഇനത്തിൽ പതിന്മടങ്ങു വർദ്ധനയുണ്ടാക്കുവാൻ കഴിയും.

7. ലൈസൻലസ് ഫീസിനത്തിൽ 90-91-ൽ നിന്നും

| വർഷം | ആകെ ലഭിച്ച തൊഴിൽ നികുതി(Rs) | ജീവനക്കാരിൽ നിന്ന് | സ്ഥാപനങ്ങളിൽ നിന്ന് | കാർഷിക മേഖല & ട്രേഡേഴ്സ് |
|---|---|---|---|---|
| 1993-94 | 90985 | 62340 | 10100 | 18545 |
| 1994-95 | 103965 | 76705 | 10900 | 16360 |
| 1995-96 | 129405 | 98735 | 14000 | 16670 |

95–96–ൽ 39% വർദ്ധന മാത്രമേ ഉണ്ടായിട്ടുള്ളൂ. ഇക്കാലയളവിൽ സ്ഥാപനങ്ങളുടെയും, സംരംഭങ്ങളുടെയും എണ്ണം വർദ്ധിച്ചിട്ടുണ്ടെങ്കിലും അതിന് ആനുപാതികമായ വർദ്ധനവ് ലൈസൻസ് ഫീസിനത്തിൽ ഉണ്ടായിട്ടില്ല. അതു പരിഹരിക്കേണ്ടതാണ്. പഞ്ചായത്തുരാജ് നിയമത്തിൽ അനുശാസിക്കുംവിധം എല്ലാ സ്ഥാപനങ്ങളും ലൈസൻസിൻെറ പരിധിയിൽ വരണം.

8. മദ്യഷാപ്പുകൾക്ക് ലേലത്തുകയെ അടിസ്ഥാനമാക്കി പഞ്ചായത്ത് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടതും അത് ഈടാക്കിയതിനു ശേഷം മാത്രം അബ്കാരി ലൈസൻസ് നൽകുംവിധം നിയമ ഭേദഗതിയുണ്ടാകണം.

9. സിനിമാശാലയിലെ വിനോദനികുതി ഏകീകരിക്കുകയും, കോമ്പൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്താൽ ഈയിനത്തിലുള്ള വരുമാനം വർദ്ധിക്കുന്നതാണ്.

10. കുമരകം ടൂറിസ്റ്റ് കോംപ്ലക്സ് കഴിഞ്ഞാൽ കോട്ടയം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ ഇലവീഴാപൂഞ്ചിറയിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് പ്രവേശനനികുതിയുൾപ്പെടെയുള്ള വരുമാന മാർഗ്ഗങ്ങൾ ഉണ്ടാക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

12. പഞ്ചായത്തിലെ സഹകരണ ബാങ്കിലും ദേശസാൽകൃത ബാങ്കിലും നിന്ന് കുറഞ്ഞ പലിശക്കു വികസന പ്രവർത്തനങ്ങൾക്ക് പഞ്ചായത്തിന് പണം കടമായി ലഭിക്കുന്നതിനുള്ള സംവിധാനം ഉണ്ടായാൽ ഷോപ്പിംഗ് കോംപ്ലക്സുകൾ തുടങ്ങിയ ധനാഗമമാർഗ്ഗങ്ങൾ പഞ്ചായത്തിന് നിർമ്മിക്കുവാൻ കഴിയും.

13. പഞ്ചായത്തിലെ ഓരോ വാർഡിൽ നിന്നും സമാഹരിക്കുന്ന ഇന്ദിരാ വികാസ് പത്രയുടെ 15 മുതൽ 25 % വരെയുള്ള തുക കമ്മീഷനായി വികസന പ്രവർത്തനങ്ങൾക്കു വേണ്ടി അതാതു വാർഡുകൾക്കു തന്നെ ലഭിക്കുന്ന സ്കീമുകൾ നിലവിലുണ്ട്. ഈ സ്കീമുകളുടെ പ്രയോജനം പഞ്ചായത്തിനു മുഴുവൻ ലഭിക്കുന്നതിനായി സമ്പാദ്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

14. ആധുനിക സൗകര്യങ്ങളുള്ള ഒരു സ്ളോട്ടർ ഹൗസ് പഞ്ചായത്തിൽ സ്ഥാപിക്കുകയും ഓരോ വാർഡിലും സ്വന്തമായി സ്ഥലം വാങ്ങി Meat സ്റ്റോൾ നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി ലേലത്തിൽ നൽകുകയും ചെയ്താൽ ഈയിനത്തിൽ ഗണ്യമായ വരുമാനവർദ്ധനവുണ്ടാകും.

15. പഞ്ചായത്തിൽ ആകെയുള്ള ഭൂമിയുടെ 17 % പഞ്ചായത്തിൽ നിക്ഷിപ്തമായ പുറമ്പോക്കു ഭൂമികളാണ്. ഈ ഭൂമി അതിർത്തി തിരിച്ച് പഞ്ചായത്തിൻെറ പൂർണ്ണ നിയന്ത്രണത്തിൽ വിട്ടുകൊടുത്താൽ പുറമ്പോക്കിലുള്ള ഭൂമിയുടെയും വൃക്ഷങ്ങളുടെയും സംരക്ഷണം ഫലവത്തായി നടപ്പാക്കുന്നതിനും അതുവഴി പഞ്ചായത്തിൻെറ ധനാഗമ മാർഗം വർദ്ധിപ്പിക്കുന്നതിനും കഴിയുന്നതാണ്

16. വിദേശത്തു ജോലി ചെയ്തു വരുന്ന 55 പേർ ഈ പഞ്ചായത്തിലുണ്ട്. പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ ഇവരുടെ സഹകരണ പ്രയോജനപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

17. സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് പഞ്ചായത്തിനെ അധികാരപ്പെടുത്തുകയും ആയതിന് നിശ്ചിത ഫീസ് ഏർപ്പെടുത്തുകയും ചെയ്താൽ അത് പഞ്ചായത്തിലെ ജനങ്ങൾക്കു കൂടുതൽ സൗകര്യപ്രദവും വിഭവ സമാഹരണത്തിന് ഒരു മാർഗ്ഗവും ആകും.

18. പഞ്ചായത്ത് രാജ് ആക്ട് നിർദ്ദേശിക്കുന്ന പരസ്യ നികുതി നടപ്പിലാക്കുക.

19. വിവിധ സർക്കാർ ഡിപ്പാർട്ട്മെൻറുകളിലൂടെ ഏർപ്പെടുത്തുന്ന ഓരോ മേഖലയിലുള്ള ക്ഷേമ പ്രവർത്തനങ്ങളും വികസന പ്രവർത്തനങ്ങളും ഏകീകരിച്ച് ഒരു ഏജൻസിയിൽ കൂടി നടപ്പാക്കിയാൽ കൂടുതൽ ഫലപ്രാപ്തിയുണ്ടാക്കുന്നതിനും വിഭവ ചോർച്ചയും, ദുർവിനിയോഗവും ഒഴിവാക്കുന്നതിനും സാധിക്കും.

20. റബറധിഷ്ഠിത വ്യവസായം ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുക.

പ്രാദേശിക വിഭവ സമാഹരണത്തിനുള്ള ഏതാനും സാധ്യതകളാണ് മേൽ വിവരിച്ചത്. വിഭവങ്ങൾ എത്രമാത്രം സമാഹരിച്ചാലും വർദ്ധിച്ചുവരുന്ന ചെലവുകൾ നിയന്ത്രിച്ചാൽ മാത്രമേ വികസനം സാധ്യമാവുകയുള്ളൂ. മാത്രമല്ല പ്രാദേശിക വിഭവ സമാഹരണത്തിനു പരിമിതികളുണ്ടുതാനും. ആയതിനാൽ അവികസിത മേഖലയായ ഈ പഞ്ചായത്തിന് മുന്തിയ പരിഗണന സർക്കാരിൽ നിന്നു ലഭിച്ചേ മതിയാകൂ. 30% പട്ടിക വർഗ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മലയോര പ്രദേശമായ ഈ പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും കൂടുതൽ ധനസഹായം ഉണ്ടാകണം.

ഇങ്ങനെ നികുതി ഘടന ശാസ്ത്രീയമായി പരിഷ്കരിച്ചും കാലോചിതമായി പുതിയ വ്യതിയാനങ്ങൾ ഏർപ്പെടുത്തിയും ഭരണച്ചെലവുകൾ നിയന്ത്രിച്ചും, പാഴ്ച്ചെലവുകൾ ഒഴിവാക്കിയും പൊതുജന പങ്കാളിത്തം ഉറപ്പാക്കിയും ലക്ഷ്യബോധത്തോടെ മുന്നേറിയാൽ 35–40 ശതമാനം സർക്കാർ പ്ലാൻ വിഹിതവും കൂടിയാവുമ്പോൾ വിഭവ സമാഹരണ രംഗത്തും അതുവഴി നാടിൻെറ വികസന രംഗത്തും പുതിയ ചലനങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കും എന്നത് നിസ്തർക്കമായ സംഗതിയാണ്.

# നേരുന്നു ശുഭം

ഇ. എ. അവിരാ,ഇല്ലിക്കൽ

ചേലൊത്തതാം നാടൻപാട്ടിൻ
ശീലുകൾ പാടിയോരിടം

ആലോലമാം കാറ്റിൻപാട്ടിൽ–
മേലേക്കാവെത്ര മോഹനം

മഞ്ഞുമൂടിയ മാമല–
കാവലായ് നിന്നിടും ഭൂവേ,

നല്ലിനം റബറാലിന്നു
ഖ്യതിയേറി നീ ഭൂവേ!

കിഴക്കുനിൽക്കുമീസഹ്യ–
സാനുക്കൾ മണിഗോപുരം

നിർമ്മലം ക്ഷേത്രമായ്ക്കണ്ടു
നിന്നിടം പൂകി സജ്ജനം.

പൂങ്കാവേ, നല്ലമർത്യരേ–
കാക്കുംകാവേ മേലുകാവേ,

ടൂറിസ്റ്റ് കേന്ദ്രമായ്തീർന്നു–
പാറട്ടേ,നിൻപതാകകൾ

നാളെ നല്ലൊരു പഞ്ചായ–
ത്തായി നീ വളരുമ്പോഴും

നിനക്കായ് ശുഭം നേരുന്നൂ
നിരന്നു ജനകോടികൾ.



# ഉപസംഹാരം

*നമ്മുടെ പഞ്ചായത്ത് വിവിധ വികസനമേഖലകളിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും, അവ പരിഹരിക്കുന്നതിനുള്ള സാധ്യതകളുമാണ് 12 അദ്ധ്യായങ്ങളിലായി വിശദമാക്കിയിട്ടുള്ളത്. ഈ പ്രശ്നങ്ങളെയും സാധ്യതകളെയും നമ്മുടെ ഭൂപ്രകൃതിയുടെയും സാമൂഹ്യ സാംസ്ക്കാരിക ചരിത്രത്തിൻെറയും പശ്ചാത്തലത്തിലും ഗ്രാമസഭാചർച്ചകളുടെ അടിസ്ഥാനത്തിലുമാണ് വിലയിരുത്തുന്നതിനു ശ്രമിച്ചിരിക്കുന്നത്.*

*മലയോര പ്രദേശമായ പഞ്ചായത്തിൽ ഇനിയും പശ്ചാത്തലസൗകര്യങ്ങൾ ഏറെ വർദ്ധിപ്പിക്കേണ്ടതുണ്ട്. ഒപ്പം, കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുകയും വ്യവസായ മേഖലകളിൽ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തുകൊണ്ട് മാത്രമേ മെച്ചപ്പെട്ട ജീവിതനിലവാരം കൈവരിക്കുന്നതിനാവു. സേവനരംഗത്ത് ഇനിയും കൂടുതൽ ശ്രദ്ധപതിപ്പിക്കേണ്ടിയിരിക്കുന്നു. അതേസമയം നമ്മുക്കുള്ള വിഭങ്ങൾ പരിമിതങ്ങളാണുതാനും.*

*ജനകീയസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി സംസ്ഥാന പദ്ധതി ചെലവിൻെറ 35-40 ശതമാനം തുക പഞ്ചായത്തുകളുടെ പദ്ധതിവിഹിതമായി 97 മുതൽ ലഭിക്കുകയാണ്. നമ്മുടെ ആവശ്യങ്ങളുടെ വ്യാപ്തി നോക്കുമ്പോൾ ലഭിക്കാവുന്ന തുകയും പരിമിതമാണ്. കേരളത്തിലെ മുഴുവൻ പഞ്ചായത്തുകളുടെയും അവസ്ഥ ഏതാണ്ട് ഇതു തന്നെയാണ്. ജനകീയാസൂത്രണം എല്ലാ പ്രശ്നങ്ങളേയും പരിഹരിക്കുന്നതിനുള്ള ഒറ്റമൂലിയല്ല എന്ന് ആസൂത്രണ ബോർഡുതന്നെ സൂചിപ്പിച്ചിട്ടുള്ളതാണ്. എങ്കിലും ലഭ്യമായ വിഭവങ്ങളുപയോഗിച്ച് ഏറ്റവും ഫലപ്രദമായി പദ്ധതികൾ രൂപീകരിച്ചു നടപ്പാക്കുവാൻ നമുക്ക് കഴിയണം.*

*അങ്ങിനെ സാധിക്കണമെങ്കിൽ വികസന പ്രവർത്തങ്ങളിലും ആസൂത്രണത്തിലും എല്ലാ വിഭാഗം ആളുകളുടെയും സഹകരണം ഉണ്ടാവണം. പഞ്ചായത്തിൻെറ സ്വന്തം വരുമാനവും, പദ്ധതിവിഹിതവും ജനങ്ങളുടെ സഹകരണവുമുണ്ടെങ്കിൽ വികസനരംഗത്ത് ഏറെ മുന്നോട്ടുപോകുവാൻ നമുക്കാവും.*

*നമ്മുടെ പ്രദേശത്തിൻെറ സ്ഥായിയായ വികസനത്തിന്, കക്ഷി, മത, ജാതി പരിഗണനകൾക്കതീതമായി, നമ്മുക്ക് ഒരുമിച്ച് മുന്നേറാം. വികസന രംഗത്തെ ഈ പുതിയകാൽവെപ്പിന് എല്ലാവരുടെയും സഹകരണമുണ്ടാവണമെന്ന് അഭ്യർത്ഥിക്കുന്നു.*

*ലിസ്സിയാമ്മ ജോർജ്ജ്*
*പ്രസിഡൻറ്*
*മേലുകാവ് ഗ്രാമ പഞ്ചായത്ത്*

## വികസനരേഖയ്ക്ക് പിന്നിൽ

സി.പി.കൃഷ്ണൻ, ചോറ്റക്കരയിൽ
റെയിച്ചൽ ജോർജ്, കാവിൽ
ജോസ് തോമസ്, കട്ടയ്ക്കൽ
മൈക്കിൾ ജോസഫ്, തയ്യിൽ
എ.കെ.രാജൻ, അറയിൽ
ജോസുകുട്ടി വട്ടക്കാവുങ്കൽ
വി.ഡി.തോമസ്, വേലിയ്ക്കകത്ത്
വി.എ.അബ്രാഹം, വട്ടക്കാനായിൽ
പി.ഐ.ശാമുവൽ, പൊട്ടൻമുണ്ടക്കൽ
ശാമുവൽ ഹെസക്കിയേൽ, കുറ്റിപ്ലാക്കൽ
കെ.ഐ.ദിവാകരൻ, കൊച്ചുവാഴയിൽ
പ്രകാശ് മാറാമറ്റം
റ്റി.കെ.സുകുമാരൻ, തെക്കേക്കൂറ്റ്
സാബു ശാമുവൽ, നെടുംകല്ലുങ്കൽ
അന്നമ്മ ജയിംസ്, ഇല്ലിക്കത്തൊട്ടിയിൽ
തോമസ് ദേവസ്യാ, കൈപ്പൻപ്ലാക്കൽ
ലോവിസ് ജോർജ്, ചിറക്കരോട്ട്
വി.ഐ.ബെഞ്ചമിൻ, വാഴമറ്റം
ഐസക് ജോർജ്, പുളിയൻമാക്കൽ
പി.ജെ.ജോസഫ്, പുട്ടിലാനി
പി.വി.ഐസക്, പൂപ്പാനിക്കൽ
ബാബു ജോർജ്, മടിക്കിയാങ്കൽ
സി.ജെ.ജോർജ്, ചെള്ളക്കൽ
പി.എം.ജോസഫ്, ചാമപ്പാറയിൽ
കോശി മുല്ലമംഗലം
ഫിലിപ്പ് ജോസഫ്, വട്ടമറ്റത്തിൽ
ജയിംസ് മാത്യു, പ്ലാത്തോട്ടം
വി.എസ്.വാരിജാക്ഷൻ, ആർ.വി.ഭവനം
സന്തോഷ് ജോസഫ്, പുളിമൂട്ടിൽ
ബേബി കൊച്ചുവീട്ടിൽ
സെന്നിമോൻ ജോർജ്, ഈറ്റയ്ക്കകുന്നേൽ
അജി ജയിംസ്, ഒറ്റതെങ്ങുംകൽ
പി.ഡി.ജോസഫ്, പഴേപറമ്പിൽ
തോമസ് വടക്കേൽ
മേരിക്കുട്ടി ജയിംസ് തെക്കേപുരയ്ക്കൽ
റോസക്കുട്ടി ജോസഫ്, പുന്നത്താനിയിൽ
എമിലി ജോസ്, പനച്ചിക്കൽ
ജെസ്സി വി.എസ്., വടക്കേവീട്ടിൽ
സിജി നോബിൾ, ചിറ്റടിച്ചാലിൽ
സജി .എം.ഫിലിപ്പ്, പറക്കുന്നേൽ
പി.റ്റി.ജോൺ, പിണക്കാട്ട്
ടോമി തോമസ്, ഇളംപ്ലാശ്ശേരിൽ
ജോസഫ് കെ.ജെ., കൂട്ടുങ്കൽ
വർക്കി തോമസ്, പൈകട
ജയിംസ് ജോസഫ്, പറയൻകുഴിയിൽ
എ.ജെ.ജോസഫ്, അടയ്ക്കാപ്പറമ്പിൽ
എമ്മിച്ചൻ, തെങ്ങുംപിള്ളിൽ
അവിരാ ജോസഫ്, അഞ്ചുകണ്ടത്തിൽ
എ.എം.മാത്യു, അരീക്കാട്ട്
എ.എൻ.ബാലകൃഷ്ണൻ, ആറുകണ്ടത്തിൽ
സി.കെ.ചന്ദ്രശേഖരൻനായർ, തുളസീഭവനം
പോത്തൻ കുര്യാക്കോസ്, കണ്ടത്തിൽ
വി.ഐ.ജോർജ്, വട്ടക്കാനായിൽ
റ്റി.എം.മാത്യു, തെക്കേൽ
എ.ജെ.ഐസക്, അമ്പഴശ്ശേരിൽ
ജയിംസ് മാത്യു, തെക്കേൽ
വി.പി.തോമസ്, വല്ലനാട്ട്
എം.സി.ഐസക്, മാടക്കല്ലുങ്കൽ
റോസമ്മ ജോർജ്, കൊച്ചുപറമ്പിൽ
എൽസമ്മാ ജോർജ്, കറുത്തശ്ശേരിൽ
മേരിക്കുട്ടി മൈക്കിൾ, ഒറ്റത്തെങ്ങുംകൽ
റോസമ്മ ഐസക്, മാടക്കല്ലുങ്കൽ
കെ.എസ്.രാജീവ്, കുന്നേൽ
ജോർജ് ജോസഫ് (കൃഷി ആഫീസർ)
Dr. റ്റീനാ ജോസഫ്
Dr. ബാലകൃഷ്ണൻ നായർ
ഗോപാലകൃഷ്ണൻ നായർ (T.E.O.)
K.H. നാസർ (V.E.O.)
താരാ & മീരാ (ഡയറി)

# മേലുകാവ് ഗ്രാമപഞ്ചായത്ത്
## വാർഡുകൾ



DESIGNED AND PRINTED BY SOORYAGNI CREATIONS. THODUPUZHA PH: 55126